**KOTTAYAM PUBLIC LIBRARY**

Call No M 910 Acc. No 11250

Author ബാലകൃഷ്ണ പിള്ള

മയ്യനാട്ട്

Title ഭൂപ്രദക്ഷിണം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1234

# ഭൂപ്രദക്ഷിണം

(ജൂൾസ് വേൺ)

അനുവർത്തനം

**ഉമയനല്ലൂർ ബാലകൃഷ്ണപിള്ള**

**ബാലൻ പ്രസിദ്ധീകരണങ്ങൾ**

തിരുവനന്തപുരം.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

NATIONAL BOOK STALL
KOTTAYAM

M910

[Malayalam]

**BHOOPRADAKSHINAM**

[[illegible]]

[illegible] ve[illegible]

Retold By

**UMAYANALLUR BALAKRISHNA PILLAI**

*Publishers*

**BALAN PUBLICATIONS, TRIVANDRUM.**

*Copyright by*

**Balan Publications.**

*First impression-copies 1000*

*Date-January 1961*

*Price Rs 2.*

**BALAN PUBLICATIONS, TRIVANDRUM.**

## അദ്ധ്യായം 1

# പുതിയഭൃത്യൻ.

ക്രിസ്തുവർഷം 1872 ലാണ്. ബർലിംഗ്ടൺ തെരുവിലെ ഏഴാംനമ്പർ ബംഗ്ലാവിൽ ഫിലിയസ് ഫാഗ് താമസിച്ചിരുന്നു. ഈ വീട്ടിൽവച്ചാണ് സുപ്രസിദ്ധനാടകകർത്തായ 'ഷെരിഡൻ' നിര്യാതനായത്. ഫിലിയസ് ഫാഗ് ലണ്ടനിലെ റിഫോംക്ലബ്ബിലെ ഒരു പ്രമുഖാംഗമാണ്. ആൾ അല്പം എട്ടുത്തുചാട്ടക്കാരനുമാണ്. അദ്ദേഹം ഒരു തികഞ്ഞ ഇംഗ്ലീഷുകാരനാണെങ്കിലും ലണ്ടൻസ്വദേശിയല്ല. എന്നാൽ കഴിഞ്ഞ ഏതാനും വർഷമായി ഫാഗ് ലണ്ടനിൽതന്നെ സ്ഥിരതാമസമാണ്. ക്ലബ്ബിൽപോയി കളിക്കുകയും പത്രംവായിക്കുകയുമാണദ്ദേഹത്തിൻെറ ജോലി. ബർലിംഗ്ടൻ തെരുവിലെ 7-ാം നമ്പർ വീട്ടിൽ അദ്ദേഹവും ഒരു പരിചാരകനും മാത്രമേയുള്ളൂ. സന്ദർശകന്മാരും അങ്ങനെവരാറില്ല. നമ്മുടെ കഥ തുടങ്ങുന്നതു് 1872 ഒക്റേറാബർ 2-ാം തീയതിയാണ്. അന്ന് അദ്ദേഹം പരിചാരകനായ 'ജയിം'സിനു് പിരിഞ്ഞുപോകാൻ നോട്ടീസ്കൊടുത്തു. കാരണം വളരെ കൗതുകകരമാണ്. പരിചാരകൻ അക്ഷന്തവ്യമായ ഒരു കുററംചെയ്തു. എന്തെ

ന്നോ! മുഖക്ഷൗരത്തിനുള്ള വെള്ളത്തിനു് അല്പം ചൂട കുറഞ്ഞുപോയി. എൺപത്തിആറു ഡിഗ്രി, ഫാരൻഹീററു്, ചൂടുവേണമെന്നായിരുന്നു ഫാഗിൻെറ നിർബ്ബന്ധം. പക്ഷെ ഉഷ്ണമാപിനി ഇട്ടുനോക്കിയപ്പോൾ ചൂട് ചൂട്° 84 ഡിഗ്രിയേഉള്ളൂ. അങ്ങനെയാണു് ജയിംസിനു നോട്ടീസുകിട്ടിയതു്. മിസ്റ്റർ ഫിലിയസ്ഫാഗ് അടുത്തപരിചാരകനെ കാത്തിരിക്കുകയാണു്.

മണി പതിനൊന്നരയായി. അദ്ദേഹത്തിനു് റിഫോംക്ലബ്ബിലേക്കു് പോകേണ്ട സമയമതാണു്. ആരോ കതകിൽ തട്ടുന്നതുകേട്ടു. ഫിലിയസ്സ് കതകുതുറന്നു. പിരിച്ചുവിടപ്പെട്ട പരിചാരകൻ ജയിംസ് അകത്തുകയറി "പുതിയ പരിചാരകൻ വന്നിട്ടുണ്ടുസാർ" എന്നു പറഞ്ഞു. അതോടൊന്നിച്ചു് ഒരു മുപ്പതുകാരൻ യുവാവു് ഉള്ളിലേയ്ക്കുകടന്നു. "ഓ! നിങ്ങളൊരു ഫ്രഞ്ചുകാരനാണു്. അല്ലേ" മി. ഫാഗ്ചോദിച്ചു. "നിങ്ങളുടെ പേരു്, ജോൺ?"

"ജോൺ എന്നല്ല, ജാൻ" പുതിയ പരിചാരകൻ പറഞ്ഞു. "ജാൻപാസ്സ്പാർട്ടൂ എന്നാണെൻെറ പേരു്. പാസ്സ്പാർട്ടൂ,എനിക്കുവളരെപിടിച്ചപേരാണു്. എന്തുകൊണ്ടെന്നാൽ ഞാനൊരു പാസ്പോർട്ടാണു്. എനിക്കെവിടെയും സഞ്ചരിക്കുന്നതു വളരെ ഇഷ്ടമാണു്. പ്രയാസങ്ങളിൽനിന്നു തപ്പിപ്പിഴയ്ക്കുവാൻ എനിക്കൊരു പ്രത്യേക വിരുതുമുണ്ടു്." "ഓ! പാസ്സ്പാർട്ടൂ, മതിയെ

നിക്കു്” ഫിലിയസ്ഫാഗ് സന്തുഷ്ടനായി പറഞ്ഞു. “നിങ്ങളെപ്പററി നല്ലശുപാർശയാണെനിക്കുകിട്ടിയിട്ടുള്ളതു്. എൻെറ ചിട്ടകളും കരാറുകളുമൊക്കെയറിയാമല്ലോ.!”

“അറിയാംസാർ.”

“ശേഷ്!” ഇപ്പോഠംമുതൽ അതായതു് ഒക്ടോബർ 2-ാംതീയതി ബുധനാഴ്ച കാലത്തു 11-30 മുതൽ നീങ്ങളെൻെറ ജോലിയിലാണു്, മനസ്സിലായോ?

ഇത്രയും പറഞ്ഞിട്ടു് ഫിലിയസ്ഫാഗ് കസേരയിൽ നിന്നെഴുന്നേററു. ഒരു യന്ത്രമെന്നതുപോലെ ഇടതുകൈകൊണ്ടു് ‘ഹാററു്’ എടുത്തു തലയിൽവച്ചു. കൂട്ടത്തിലായിയാതൊന്നും പറഞ്ഞില്ല. അദ്ദേഹം പുറത്തേക്കിറങ്ങി.

തെരുവിലേയ്ക്കുള്ള കതകു് അടയുന്നശബ്ദം പാസ്പാർട്ടുകേട്ടു. യജമാനൻെറ പുറത്തേയ്ക്കുള്ള പോക്കായിരുന്നു അതു്. കുറച്ചുകഴിഞ്ഞു് കതകുരണ്ടാമതും അടയുന്നതുകേട്ടു--തൻെറ മുൻഗാമിയുടെ വേർപാടായിരുന്നു അതു്. ഏഴാംനമ്പർ വീട്ടിൽ പാസ്പാർട്ടു തനിച്ചായി. അയാഠം വീടിൻെറ എല്ലാഭാഗവും സൂക്ഷ്മമായി പരിശോധിച്ചു. പാസ്പാർട്ടുവിൻെറ മുറി കണ്ടുപിടിക്കാൻ അയാഠക്കു തെല്ലും പ്രയാസമുണ്ടായില്ല. അതു് രണ്ടാമത്തെ നിലയിലായിരുന്നു. മുറി, പാസ്പാർട്ടുവിനു നന്നേ പിടിച്ചു. താഴെയുള്ള മുറികളിലേയ്ക്കു്

വാർത്തകളറിയിക്കുവാൻ ഒരു ഇലക്ട്രിക്ക്ബെല്ലും സം സാരിക്കുവാനുള്ള ഒരു കുഴലും ആ മുറിയിൽ ഘടിപ്പിച്ചിരുന്നു. ഫാഗിൻെറ ശയനമുറിയിലുള്ള ഒരു ഇലക്ട്രിക്ക് ഘടികാരവും പാസ്പാർട്ടുവിൻെറ മുറിയിലെ ഇലക്ട്രിക്ക് ഘടികാരവും തമ്മിൽ കമ്പികൾകൊണ്ടു് ബന്ധിച്ചിരുന്നു. രണ്ടും കൃത്യമായി ഒരേ സമയം തന്നെ കാണിക്കാനാണു് ഇങ്ങനെ ചെയ്തിരുന്നതു്.

ഘടികാരത്തിൻെറ താഴെ ഒരു കാർഡ്വച്ചിരിക്കുന്നതു് പാസ്പാർട്ടുകണ്ടു. അയാൾ അതു് എടുത്തു നോക്കി. താൻ നിത്യവും ചെയ്യേണ്ട ജോലിയുടെ അനുക്രമമായ ഒരു പട്ടികയായിരുന്നു അതു്. രാവിലെ എട്ടുമണിക്കു് ഫിലിയസ്ഫാഗ് എഴുനേൽക്കുന്നതുമുതൽ 11–30നു് ക്ലബ്ബിൽ പോകുന്നതുവരെ ചെയ്യേണ്ടജോലികൾ വിശദമായി അതിൽ കുറിച്ചിരുന്നു. 8–23നു് തേയില; 9–37–നു് മുഖക്ഷൗരത്തിനു് വെള്ളം; 10–നു് ഇരുപതു്മിനിട്ടു് ഉള്ളപ്പോൾ 'ടോയിലററു് സെററു മായി പാസ്പാർട്ടുവിൻെറ സാന്നിദ്ധ്യം; എന്നിങ്ങനെയാണു് കാർഡിലെ പരിപാടികൾ. കാലത്തു് 11–30 മുതൽ രാത്രി 12 വരെ–അപ്പോഴാണു് ഫിലിയസ് ഫാഗ് ഉറങ്ങാൻ പോകുന്നതു്–ചെയ്യേണ്ട കൃത്യങ്ങൾ കാർഡിൽ വ്യക്തമായി കാണിച്ചിരുന്നു.

---

അദ്ധ്യായം 2.

# വഴിയേപോയ വയ്യാവേലി.

കൃത്യം 11–30–നാണല്ലോ ഫിലിയസ്ഫാഗ് വീട്ടിൽനിന്നും ഇറങ്ങിയതു്. ഇടതുകാലിനുമുമ്പിൽ അഞ്ഞൂററിഎഴപത്തഞ്ചു പ്രാവശ്യം വലതുകാലും, വലതുകാലിനുമുമ്പിൽ അഞ്ഞൂററിഎഴപത്താറു തവണ ഇടതുകാലും മാറിമാറി ചവിട്ടിയപ്പോൾ മി. ഫാഗ് 'പെൽമെൽ' പ്രദേശത്തുള്ള റിഫോംക്ലബ്ബിൽ എത്തി. അദ്ദേഹം ഉടൻതന്നെ 'ഭക്ഷണമുറി'യിലേക്കാണ് പോയതു്. പ്രാതൽ അദ്ദേഹത്തെകാത്തു് അവിടത്തന്നെ ഇരിപ്പുണ്ടായിരുന്നു.

പന്ത്രണ്ടടിച്ചുനാല്പത്തേഴമിനിററായപ്പോൾ ഫാഗ് തീൻമേശവിട്ടെഴുന്നേററു. എന്നിട്ട്, 'വിശ്രമമുറി'യിലേക്കുപോയി. ഒരു പരിചാരകൻ അന്നത്തെ 'ടൈംസ്' ചൂടോടെ അദ്ദേഹത്തിനുവച്ചു നീട്ടി. മൂന്നടിക്കാൻപതിനഞ്ചുമിനിട്ടുള്ളതുവരെ അദ്ദേഹം പത്രം വായിച്ചിരുന്നു. അനന്തരം 'ഡിന്ന'റിനു സമയമാകുന്നതുവരെ 'സ്ററാൻേറർഡ്''പത്രം വായിച്ചു. ഡിന്നർ കഴിഞ്ഞു് ആറിനു് ഇരുപതു്മിനിററുള്ളപ്പോൾ വീണ്ടും അദ്ദേഹം 'വിശ്രമമുറി'യിലേക്കുവന്നു. പിന്നീടു് 'ക്രോണിക്കിൾ' പത്രം വായനതുടങ്ങി. അരമണിക്കൂർകഴിഞ്ഞു് ക്ലബ്ബിലെ അംഗങ്ങളിൽ പലരും വന്നുചേന്നു. ഒരു എഞ്ചിനീയരായ ആൻഡ്രൂസ്ററുവർട്ട്, ബാങ്കർമാരായ ജോൺസ

ള്ളിവൻ, സാമുവൽ ഫലൻറിൻ, ബാങ്ക് അഫ് ഇംഗ്ലണ്ടിലെ ഒരു ഡയറക്ററായ വാൾട്ടർറാഫ്, തോമസ് ഫ്ളാനൻ എന്നിങ്ങനെയുള്ള ധനാഢ്യന്മാരായ പ്രശസ്ത വ്യക്തികളായിരുന്നു അംഗങ്ങളിൽ പലരും. ഇംഗ്ലണ്ടിലെ വ്യവസായപ്രമുഖന്മാരും വാണിജ്യവിദഗ്ദ്ധന്മാരുമായ പലരും റിഫോംക്ലബ്ബിലെ അംഗങ്ങളാണ്.

"അപ്പോൾ, മി. റാഫ് ഈ മോഷണത്തെപ്പററി എന്തുപറയുന്നു?" തോമസ് ഫ്ളാനൻ ചോദിച്ചു.

"എന്തുപറയാനാണ്! ബാങ്കിന് പണം നഷ്ടപ്പെട്ടതുതന്നെ!" സ്റ്റൂവർട്ട സമാധാനം പറഞ്ഞു.

"ഞാനങ്ങനെ കരുതുന്നില്ല. നമുക്ക് ആ കള്ളനെ കണ്ടെത്താൻ കഴിയാതെ വരികയില്ലെന്നാണെൻെറ വിശ്വാസം." വാൾട്ടർറാഫ് തുടന്നു. "വിദഗ്ദ്ധന്മാരായ കുററാന്വേഷകരെ അമേരിക്കയിലേയും, യൂറോപ്പിലേയും എല്ലാ മുഖ്യതുറമുഖങ്ങളിലേക്കും നിയോഗിച്ചിട്ടുണ്ട്. അവരുടെയൊക്കെ കണ്ണിൽ മണ്ണിടാൻ തക്ക മിടുക്കു് അവനുണ്ടെന്നാണോ വിചാരം?."

"പക്ഷെ, മോഷ്ടാവിൻെറ നിറം, തരം, അടയാളം ഇവയൊക്കെയറിയാമോ?" സ്റ്റൂവർട്ട ചോദിച്ചു.

"തീർച്ചയായും അറിയാം. എന്നാൽ അയാളൊരു കള്ളനേയല്ല." റാഫ് ഗൗരവത്തിൽപറഞ്ഞു.

"എന്തു്! എന്തുപറയുന്നു? അൻപ്പത്തയ്യായിരം പവൻെറ ബാങ്കുനോട്ടം കൊണ്ടു് കടന്നുകളയുന്നവൻ കള്ളനല്ലെന്നോ?''

"അല്ലേഅല്ല!'' റാഫ് വീണ്ടും ഉറപ്പിച്ചുപറഞ്ഞു.

"അയാളൊരു വാണിജ്യവിദഗ്ദ്ധനായിരിക്കും എന്നാണെൻെറപക്ഷം." സള്ളിവൻ തട്ടിവിട്ടു.

"ഹേ, ഇതാ ഈ മോർണിംഗ്പോസ്ററുപത്രം പറയുന്നല്ലോ അയാളൊരു യോഗ്യനാണെന്നു്." ഈ അഭിപ്രായം പറഞ്ഞതു് ഫിലിയസ്ഫാഗ് അല്ലാതെ മററാരുമായിരുന്നില്ല. അദ്ദേഹത്തിൻെറ ശിരസ്സ് പത്രത്തിനുമുകളിൽക്കൂടി കാണാമായിരുന്നു. അദ്ദേഹം എഴുനേററു് സുഹൃത്തുക്കൾക്കു സലാം പറഞ്ഞുകൊണ്ടു് സംഭാഷണത്തിൽ പ്രവേശിച്ചു. ഇവരുടെ ഈ സംഭാഷണത്തിന്നിടയാക്കിയ സംഗതി മൂന്നുദിവസം മുമ്പുനടന്ന ഭയങ്കരമായ ഒരു മോഷണമാണു്. 'ബാങ്ക് അഫ് ഇംഗ്ലണ്ടിലെ പ്രധാന 'ക്യാഷിയ'രുടെ കൗണ്ടറിൽ നിന്നും അൻപത്തയ്യായിരം പവൻ വിലപിടിപ്പുള്ള ഒരുകെട്ടു ബാങ്കുനോട്ടു് കാണാതെപോയി. മോഷണം നടന്നെന്നു് അറിയപ്പെട്ടതോടുകൂടി സമത്ഥന്മാരായ കുററാന്വേഷകരെ ലിവർപൂൾ, ഗ്ലാസ്ഗോ, സൂയസ്സ്, ബ്രിൻഡിസി, ന്യൂയോക്ക് മുതലായ പ്രധാനപ്പെട്ട തുറമുഖങ്ങളിലേക്കയച്ചുകഴിഞ്ഞു. മോഷ്ടാവിനെ പിടികൂടുന്ന ആൾക്കു് രണ്ടായിരംപവൻ സമ്മാനം കൊടുക്കുന്നതുകൂടാതെ ക

ണ്ടെത്തുന്ന തൊണ്ടിയുടെ അഞ്ചുശതമാനം ഇനാമായി നൽകുന്നതുമായിരിക്കും എന്നാണ് കരാറ്. ഇതുകൂടാതെ എല്ലാ തുറമുഖങ്ങളിലും കപ്പൽ ഇറങ്ങുകയും കപ്പൽ കയറുകയും ചെയ്യുന്ന ആളുകളെയെല്ലാം സൂക്ഷ്മമായി പരിശോധിക്കുവാൻ ഇൻസ്പെക്ററർമാരെയും പ്രത്യേകം നിയോഗിച്ചിട്ടുണ്ട്.

മോഷ്ടാവിനെ പിടികൂടാനുള്ള സാദ്ധ്യതകളെപ്പററി എവിടെയും ചർച്ചകൾ തന്നെ. റിഫോംക്ലബ്ബിൽ പ്രത്യേകിച്ചും. എന്തുകൊണ്ടെന്നാൽ ക്ലബ്ബംഗങ്ങളിൽ മിക്കപേരും ബാങ്കിലെ സമുന്നതന്മാരായ ഉദ്യോഗസ്ഥന്മാരാണ്.

"സ്ഥിതിഗതികൾ മോഷ്ടാവിനനുകൂലമാണെന്നു തോന്നുന്നു. അവനേതായാലും ഒരു മിടുക്കൻതന്നെ." സ്റ്റൂവർട്ടു പറഞ്ഞു.

"അസംബന്ധം പറയാതിരിക്കൂ! അവൻ രക്ഷപെടാൻ പോകുന്നില്ല." റാഫ് ചൊടിച്ചുകൊണ്ടു പറഞ്ഞു.

"ഭൂലോകം വളരെ വലുതാണസുഹൃത്തേ," സ്റ്റൂവർട്ട് റാഫിനെ എതിർത്തു.

"ഒരിയ്ക്കലങ്ങനെയായിരുന്നു." ഫിലിയസ്ഫാഗ് പതിഞ്ഞ സ്വരത്തിൽ പറഞ്ഞു.

"എന്താണൊരിയ്ക്കലെന്നുപറഞ്ഞതു്. ഭൂമി ഇപ്പോൾ ചെറുതായിപ്പോയോ?"

"തീർച്ചയായും. ഞാൻ മി. ഫാഗിനോടു യോജിക്കുന്നു. ഭൂമി ഇന്നു ചെറുതായിട്ടുണ്ട്. ഒരു നൂററാണ്ടിനുമുമ്പ് വേണ്ടിയിരുന്നസമയം വേണ്ട ഇന്നു ഭൂമിയെ ഒന്നു പ്രദക്ഷിണം വെയ്ക്കാൻ. അതുകൊണ്ടാണിപ്പോൾ മോഷ്ടാവിനെ കണ്ടെത്താൻ വലിയ പ്രയാസമില്ലെന്നു പറയുന്നത്. അതുപോലെതന്നെ അവന് ഒളിച്ചോടാനും എളുപ്പമുണ്ട്." റാഫ് ചിരിച്ചുകൊണ്ടു പറഞ്ഞു. "ഭൂമി ചെറുതായിപ്പോയെന്നു തെളിയിക്കുന്നതിന് വിചിത്രമായ എന്തു മാർഗ്ഗമാണ് നിങ്ങൾക്കു നൽകാനുള്ളത്, മി. റാഫ്? നിങ്ങൾക്കൊരു മൂന്നു മാസത്തിനകം ഭൂമിയെ ചുററാം അല്ലേ?"

"എൺപതുദിവസം മതി" ഫിലിയസ് ഫാഗ് ഇടയിൽ പറഞ്ഞു. "അതേ സുഹൃത്തുക്കളെ" സള്ളിവൻ അനുകൂലിച്ചു. "എൺപതുദിവസം കൊണ്ട് ഭൂമിയെ ചുററാം. ബോംബെ മുതൽ അലഹബാദുവരെ ഇന്നു റയിൽവേ വീണിട്ടുണ്ട്. മോർണിംഗ് ക്രോണിക്കിൾ ഇങ്ങനെയാണ് കണക്കാക്കുന്നത്."

ലണ്ടനിൽ നിന്നും സൂയസ്സിലേയ്ക്ക് (ബ്രിൻഡിസിവഴി) റയിൽവേയും, കപ്പലും- 7 ദിവസം
സൂയസ് മുതൽ ബോംബെവരെ-കപ്പൽ- 13 ,,
ബോംബെമുതൽ കൽക്കട്ടാവരെ-റയിൽവേ- 3 ,,
കൽക്കട്ടാമുതൽ ഹോംകോങ്ങ് വരെ-കപ്പൽ- 13 ,,
ഹോംകോങ്ങ്മുതൽ യോക്കഹാമാവരെ-കപ്പൽ- 6 ,,

യോക്കഹോമാമുതൽ സാൻഫ്രാൻസിസ്കോവരെ-കപ്പൽ—
22 ദിവസം

സാൻഫ്രാൻസിസ്കോമുതൽ ന്യൂയോക്ക്വരെ-കപ്പൽ—
7 ദിവസം

ന്യൂയോക്കുമുതൽ ലണ്ടൻവരെ കപ്പലും-റയിൽവേയും—
9 ദിവസം

മൊത്തം - - - - - - - 80 „

“ശരി! എൺപതുദിവസം!” സ്റ്റൂവർട്ട് പറഞ്ഞു. “പക്ഷേ, കാലാവസ്ഥയുടേയും കാററിൻേറയും തകരാറ്, കപ്പൽഛേദം, റയിൽവേ അപകടങ്ങൾ ഇതൊന്നും ഇതിൽ കൂട്ടുന്നില്ലെന്നോക്കണം.”

“എല്ലാം കൂട്ടിയാലും എൺപതുദിവസം മതി.” ഫിലിയസ്ഫാഗ് മറുപടിപറഞ്ഞു.

“സിദ്ധാന്തത്തിൽ ശരിയായിരിക്കാം. പ്രയോഗത്തിൽ അതു് പററുമെന്നു തോന്നുന്നില്ല.”

“പ്രയോഗത്തിലും അതു മതി, മി. സ്റ്റൂവർട്ട്” ഫിലിയസ് ഫാഗ് ഉറപ്പിച്ചു പറഞ്ഞു.

“എന്നാൽ എൺപതുദിവസം കൊണ്ടു് നിങ്ങളൊന്നു ഭൂമി ചുററു! കാണട്ടെ!” സ്റ്റൂവർട്ട് വാതുവച്ചു.

“ശരി, നമുക്കൊരുമിച്ചു പൊയ്ക്കളയാം.” ഫാഗ്, സ്റ്റൂവർട്ടിനോടു പറഞ്ഞു.

“ഞാനില്ല, ഞാനില്ല. ഞാനല്ലല്ലോ, എൺപതു ദിവസംകൊണ്ടു ഭൂമി ചുററാമെന്നു പറഞ്ഞതു്. ഞാ

നിതാ നാലായിരം പവൻ പന്തയം വെയ്ക്കുന്നു. നിങ്ങളൊന്നു ചുററിവരു കാണട്ടെ!"

"അതു സാധിക്കുന്ന കാര്യംതന്നെ മിസ്റ്റർ. വൃഥ കയറി പന്തയം വെയ്ക്കണ്ട."

"ശരി. ഒന്നു കാണിച്ചു തരു!"

"എൺപതു ദിവസംകൊണ്ടു ഭൂമിയെച്ചുററാൻ അല്ലേ?" ഫാഗ് ചോദിച്ചു.

"അതേ"

"ശരി. ഞാൻ തയാറാണ്" ഫാഗ് പറഞ്ഞു.

"എപ്പോൾ?"

"ഇതാ ഇപ്പോൾതന്നെ. പന്തയത്തിൽനിന്നു പിന്മാററരുത്."

"ഇല്ല. തോററാൽ?"

"തോററാൽ, ഞാൻ ബാങ്കിലിട്ടിട്ടുള്ള ഇരുപതിനായിരം പവൻ നിങ്ങൾക്കു തരുന്നതായിരിക്കും."

"ശരി. സമ്മതിച്ചു."

"ഇരുപതിനായിരം പവൻ! എന്തെങ്കിലും ഒരു അവിചാരിത സംഭവം ഉണ്ടായെന്നു കരുതുക. നിങ്ങൾക്കിതുക നഷ്ടപ്പെട്ടുപോകും, മി. ഫാഗ്."

'വൃഥാ പന്തയം വെയ്ക്കുന്നതെന്തിന്?' സള്ളിവൻ അഭിപ്രായപ്പെട്ടു.

"എന്തവിചാരിത സംഭവം! അതൊന്നും ഞാൻ കാര്യമാക്കുന്നില്ല" ഫിലിയസ് ഫാഗ് പറഞ്ഞു.

"ഈ എൺപതുദിവസം ഭൂമി ചുററാൻ ആവശ്യമായ ഏററവും ചുരുങ്ങിയ സമയമാണ്, അതുകൂടി ഓക്കണം."

'ഈ ചുരുങ്ങിയ സമയം ധാരാളം മതി.' ഫാഗ് ഉത്തരം പറഞ്ഞു.

'ഓ!. ഇതെല്ലാം വെറും നേരമ്പോക്കുകളെന്നേ!' മറെറാരു സുഹൃത്ത് അഭിപ്രായപ്പെട്ടു.

"ഒരു യഥാർത്ഥ ഇംഗ്ലീഷുകാരൻ ഇതൊന്നുമല്ല നേരമ്പോക്കായി എടുക്കുന്നത്. ഇരുപതിനായിരം പവൻ ഞാൻ ആരോടു വേണമെങ്കിലും പന്തയം വെക്കാം എൺപതു ദിവസംകൊണ്ടു് ഭൂമിയെ ചുററാമെന്നുള്ളതിന്. എന്താ! സ്വീകരിക്കുന്നോ? ഫാഗ് ചോദിച്ചു.

"സ്വീകരിക്കുന്നു. സ്വീകരിക്കുന്നു." സ്റ്റുവർട്ട്, ഫലൻററിൻ, സള്ളിവൻ, ഫ്ളാനൻ, റാഫ് എല്ലാവരും കൂടി വിളിച്ചു പറഞ്ഞു. അവർ ഇതിനകം ആലോചിച്ചു തീർച്ചയാക്കിയതിനു ശേഷമാണിങ്ങനെ വിളിച്ചു പറഞ്ഞത്.

"ശരി. 8-45-ന് ഡോവറിലേക്ക് തീവണ്ടി ഉണ്ടു്. ഞാനതിൽ പോകുന്നതായിരിക്കും."

'ഇന്നോ?' സ്റ്റുവർട്ടു ചോദിച്ചു.

'ഇന്നുതന്നെ'

പോക്കററു് കലണ്ടർ നോക്കിക്കൊണ്ടു് ഫാഗ് തുടർന്നു—"ഇന്നു് ഒക്ടോബർ രണ്ടു്-ബുധൻ. ഡിസം

ബർ 21-ാം തീയതി ശനിയാഴ്ച വൈകിട്ട് 8-45-ന് ഞാൻ ഈ മുറിയിലുണ്ടായിരിക്കും. വ്യത്യാസം വരുന്നപക്ഷം എനിക്കു ബേറിംഗ് ബാങ്കിലുള്ള ഇരുപതിനായിരം പവനും നിങ്ങളുടേതായിരിക്കും. ഇതാ അത്രയും തുകയ്ക്കുള്ളൊരു ചെക്ക്!''

"മണി ഏഴടിച്ച് ഇരുപത്തഞ്ചു മിനിററു കഴിഞ്ഞു് ഫിലിയസ്സ് ഫാഗ് സ്നേഹിതന്മാരോടു യാത്രപറഞ്ഞു പിരിഞ്ഞു. പത്തുമിനിററിനകം അദ്ദേഹം വീട്ടിലെത്തി. പതിവില്ലാത്തവിധം ഫിലിയസ്സ് ഫാഗ് നേരത്തേവന്നതിൽ പാസ്പാർട്ടു അത്ഭുതപ്പെട്ടു. ഫിലിയസ് ഫാഗ് നേരേ കിടക്കമുറിയിലേക്കുപോയി പാസ്പാർട്ടുവിനെ വിളിച്ചു. "നാം ഇതാ പത്തുമിനിററിനകം ഡോവറിലേക്കു പോവുകയാണ്. നാം ലോകം ചുററാൻ പോകുന്നു."

"എന്തു് ലോകം ചുററാനോ?" പാസ്പാർട്ടു അത്ഭുതവിവശനായി ചോദിച്ചു.

"അതേ! എൺപതുദിവസംകൊണ്ടു് ഭൂമിക്കൊരു വലത്തു്. ഒരുനിമിഷവും കളയാനില്ല.''

'നമ്മുടെ ലഗേജുകളോ?' പാസ്പാർട്ടു ചോദിച്ചു.

"നമുക്ക് ലഗേജൊന്നുമില്ല. ഒരു തുണിസഞ്ചി മാത്രം മതി. രണ്ടുഷർട്ടും മൂന്നുജോടി സാക്സും എനിക്ക്, അത്രയും നിനക്കും; ബാക്കി ആവശ്യമുള്ളതു് നമുക്ക് വഴിയിലവിടവിടെ വാങ്ങിക്കാം. ഓരോ ജോടി

കട്ടിയുള്ള ബൂട്സുകളും കരുതിക്കോളൂ! നമുക്കു വളരെ യൊന്നും നടക്കേണ്ടി വരികയില്ല; എങ്കിലും. ഉം! വേഗ മാകട്ടെ!.''

എട്ടുമണിയോടുകൂടി പാസ്പാർട്ടു തയാറായി. അവൻ കതകടച്ച് താഴത്തെ നിലയിലേക്കു വന്നു. ഫാഗ്, തയാറായി നിൽക്കുകയാണ്. അദ്ദേഹം പാസ്പാർട്ടുവിൽ നിന്നും സഞ്ചിവാങ്ങി. ഒരു റയിൽവേ ഗയിഡും ഒരുകെട്ടു ബാങ്കുനോട്ടും അതിനുള്ളിൽ കുത്തിത്തിരുകി.

'ഒന്നും മറന്നിട്ടില്ലല്ലോ!'

'ഇല്ല, സാർ'

'ശരി! ഇതാ സഞ്ചി വച്ചുകൊള്ളൂ! വളരെ സൂക്ഷിക്കണം, അതിൽ ഇരുപതിനായിരം പവനുണ്ട്.'

യജമാനനും ഭൃത്യനും താഴത്തെയ്ക്കിറങ്ങി. തെരുവിലേക്കുള്ള കതകു് രണ്ടു പൂട്ടിട്ടുപൂട്ടി. സവിലിത്തെരുവിൽനിന്നു് ഒരു വണ്ടി വാടകയ്ക്കു പിടിച്ചു് അവർ ചെയറിംക്രോസ് റയിൽവേ സ്റ്റേഷനിലേക്കുപോയി.

8–20–നു് കാർ, സ്റ്റേഷനിലെത്തി. പാസ്പാർട്ടു വെളിയിലേക്കു ചാടി. തുടർന്നു് യജമാനനും. ഡ്രൈവർക്കു വാടകകൊടുത്തു് മടക്കിയയച്ചു. എന്നിട്ടു്

ഫിലിയസ്ഫാഗ് പാരീസിലേക്ക് രണ്ടു് ഒന്നാംക്ലാസ് ടിക്കററെടുക്കാൻ പാസ്പാർട്ടൂവിനെ ചട്ടംകെട്ടി. തിരിഞ്ഞുനോക്കിയപ്പോൾ റിഫോംക്ലബ്ബിലെ അഞ്ചു് സുഹൃത്തുക്കളും അവിടെ നിൽക്കുന്നു.

"ഞാൻ പോവുകയാണുകൂട്ടരേ, എൻെറ പാസ്പോർട്ടിലെ 'വിസേ'കൾ ഞാൻ തിരിച്ചുവരുമ്പോൾ നിങ്ങൾക്കു പരിശോധിക്കാം. ഞാനെൻെറ യാത്ര പൂത്തിയാക്കിയെന്നു് അങ്ങനെ നിങ്ങൾക്കു കണ്ടുപിടിക്കയുംചെയ്യാം. 8-40 ആയപ്പോൾ ഫാഗും ഭൃത്യനും തീവണ്ടിയിൽ ഇരിപ്പുറപ്പിച്ചു. അഞ്ചു് മിനിററുകഴിഞ്ഞു് വണ്ടി ചൂളം വിളിച്ചു മുന്നോട്ടു കുതിച്ചു.

---

അദ്ധ്യായം 3

# ഫിക്സ് എന്ന കുററാന്വേഷകൻ.

ഒക്ടോബർ ഒൻപതാംതീയതി കാലത്തു പതിനൊന്നിന് പി ആൻഡ് ഒ കമ്പനി വക 'മംഗോളിയാ' എന്ന കപ്പൽ സൂയസ്സിൽ എത്തും. ഈ കപ്പൽ സൂയസ് വഴി ബ്രിൻഡീസിയ്ക്കും ബോംബെയ്ക്കും ഇടയിൽ മുറ തെററാതെ ഓടിക്കൊണ്ടിരിക്കുകയാണ്.

കപ്പലിൻെറ വരവും കാത്തു് രണ്ടാളുകൾ ജനക്കൂട്ടത്തിനിടയിൽ അങ്ങോട്ടുമിങ്ങോട്ടും അക്ഷമരായി നടന്നുകൊണ്ടിരുന്നു. ഇതിലൊരാൾ സൂയസ്സിലെ സ്ഥിരതാമസക്കാരനായ ബ്രിട്ടീഷ് 'കോൺസ'ലാണ്. മറേറയാൾ കാഴ്ചയിൽ ഭേദമാണെങ്കിലും ബുദ്ധിക്കെന്തോ തകരാറു സംഭവിച്ചതുപോലെ കൺപോളകൾ തെരുതെരെ അടയ്ക്കുകയും, തുറക്കുകയും ചെയ്തുകൊണ്ടിരുന്നു. 'ഫിക്സ്' എന്നാണ് ആ വെള്ളക്കാരൻെറ പേരു്. ബാങ്ക് ഓഫ് ഇംഗ്ലണ്ടിലെ മോഷണം പ്രമാണിച്ച് പല തുറമുഖങ്ങളിലേക്കും അയച്ചിരുന്ന കുററാന്വേഷകരിൽ ഒരുവനാണയാൾ. സൂയസ് വഴി വരുന്ന എല്ലായാത്രക്കാരെയും സൂക്ഷിക്കാനാണ് അയാൾ അവിടെ എത്തിയിരിക്കുന്നതു്. മോഷ്ടാവിനോട് സാദൃശ്യമുള്ള ആരെയെങ്കിലും കണ്ടെത്തുകയാണെങ്കിൽ അറസ്റ്റ്. വാറണ്ടു കിട്ടുന്നതുവരെ അയാ

ളെ അറിയാതെ പിൻതുടരണമെന്നുള്ളതാണ് ഫിക്സി ൻെറ ഉദ്ദേശം.

രണ്ടുദിവസത്തിന്ന മുമ്പാണ് ഫിക്സിന് കള്ളൻെറ പരിപൂർണ്ണമായ വിവരം കിട്ടിയതു്. ആളിൻെറ നിറം, തരം, പൊക്കം എല്ലാം ഫിക്സിന്നറിയാം. ഭംഗിയായി വസ്ത്രധാരണം ചെയ്തുനടക്കുന്ന ഒരാളാണ് മോഷ്ടാവെന്ന ത്രെ കരുതപ്പെട്ടിരിക്കുന്നതു്. പെരുമാററത്തിലും, നട ത്തയിലും ഒരു പ്രത്യേകതയുള്ള ആ മനുഷ്യനെ പല പ്പോഴും ബാങ്കിൽ കണ്ടിരുന്നു. ഈ വിവരങ്ങൾവച്ചു കൊണ്ടു് മോഷ്ടാവിനെ പിടികൂടാമെന്നു് ഫിക്സ് ആശി ച്ചു. അതുമൂലമുണ്ടാകുന്ന പേരും, പെരുമയും സർവോ പരി സമ്പത്തും ഓർത്തപ്പോൾ ഫിക്സിൻെറ കണ്ണുകൾ തി ളങ്ങി. എന്തൊരു വലിയ തുകയാണ് സമ്മാനമായി നീക്കിവച്ചിരിക്കുന്നതു്! ഫിക്സിൻെറ മുഖം പ്രസന്നമാ യി. "മംഗോളിയാ"—നശിച്ചകപ്പൽ—എന്തൊരു താ മസം!" ഫിക്സ് പിറുപിറുത്തു. "ഈ കപ്പൽ ഒരിക്കലും താമസിക്കാറില്ലെന്നല്ലേ താങ്കൾ പറഞ്ഞതു്?" ഫിക്സ് കോൺസലിനോടു് പത്താമത്തെപ്രാവശ്യവും ചോദിച്ചു. "ഇല്ല ഒരിക്കലും ആ കപ്പൽ താമസിക്കയില്ല; ഇന്നലെ പോർട്ടു്സെയ്ദ്ദിൽ നിന്നും കപ്പൽ തിരിച്ചിട്ടുണ്ടു്." ഫിക്സ് വീണ്ടും അക്ഷമനായി അങ്ങോട്ടുമിങ്ങോട്ടും നടന്നു തുടങ്ങി. അപ്പോൾ പത്തര മണിയായിട്ടുണ്ടു്.

"സൂയസ്സിലീക്കപ്പൽ എത്രനേരം താമസിക്കും" ഫിക്സ് ചോദിച്ചു.

"നാലുമണിക്കൂർ, കൽക്കരികയററണം, അത്രമാത്രം. സൂയസ്സിൽനിന്നു് ഏഡനിലേക്കു് 1310 മൈൽ ഉണ്ടു്. ചെങ്കടലിൻെറ അങ്ങേയററത്തുള്ള ആ തുറമുഖത്തുവെച്ചു വീണ്ടും കപ്പലിൽ കല്ക്കരി കയററാൻ നിർവാഹമുള്ളു."

"സൂയസ്സിൽനിന്നും ഈ കപ്പൽ, ബോംബെക്കാണോ നേരേ പോകുന്നതു്."

'അതെ.'

"ശരി, കള്ളൻ ഇതുവഴിയാണു വരുന്നതെങ്കിൽ അയാരം സൂയസ്സിൽ ഇറങ്ങാതിരിക്കില്ല. ഏഷ്യയിൽ ഡച്ചുകാരുടേയോ, ഫ്രഞ്ചുകാരുടേയോ ഏതെങ്കിലും സ്ഥലത്തു് രക്ഷ നേടണമെങ്കിൽ അയാരം ബോംബെയിൽ ചെന്നിറങ്ങാൻ ഉദ്ദേശിക്കുകയില്ല. ഇൻഡ്യയാണെങ്കിൽ അവനു് ഇംഗ്ലണ്ടിനെപ്പോലെ തന്നെ ഭയപ്പെടേണ്ട രാജ്യമാണു്."

'അയാളൊരു മിടുക്കനാണെങ്കിൽ ഇംഗ്ലണ്ടിൽ നിന്നും ചാടിപ്പോരേണ്ട കാര്യമില്ല. ഒരു മോഷ്ടാവിനോ ഘാതകനോ ഒളിച്ചിരിക്കാൻ പററിയസ്ഥലമാണു് ലണ്ടൻ.' ഇത്രയും പറഞ്ഞിട്ടു് ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ അടുത്തുള്ള അദ്ദേഹത്തിൻെറ ഓഫീസിലേക്കുപോയി.

വളരെക്കഴിഞ്ഞില്ല. കപ്പലിൻെറ മൃദംഗംവിളി കേട്ടുതുടങ്ങി. ഭീമാകാരമായ ആ കപ്പൽ ഇഴഞ്ഞിഴഞ്ഞു്

മുന്നോട്ടുനീങ്ങുന്നു. മണി പതിനൊന്നായപ്പോൾ കപ്പൽ നങ്കൂരമിട്ടു. ഒട്ടേറെ ബോട്ടുകൾ കരയ്ക്കുനിന്നും കപ്പലിനെ ലക്ഷ്യമാക്കി പുറപ്പെട്ടു. മംഗോളിയായിൽ യാത്രക്കാർ വളരെയുണ്ട്. ചിലർ കപ്പൽ തട്ടിൽത്തന്നെ നിന്നതേയുള്ളു. അവർ കരയ്ക്കുള്ള ഭംഗിയേറിയ കാഴ്ച കണ്ടു് രസിക്കുകയാണു്. കൂട്ടത്തിലാളുകൾ ബോട്ടുകളിൽ കയറി കരയ്ക്കിറങ്ങി. ഫിക്സ്, ഓരോരുത്തരെയും സൂക്ഷ്മമായി പരിശോധിച്ചു. ഈ പരിശോധന നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു യാത്രക്കാരൻ ആൾക്കൂട്ടത്തിനിടയിൽക്കൂടി ധൃതിയായി ഫിക്സിന്റെ നേരേ വന്നു. 'കോൺസ്‌ലിന്റെ ആഫീസ് കാണിച്ചുകൊടുക്കണമെന്നു് വിനയപൂർവ്വം അയാൾ ഫിക്സിനോടാവശ്യപ്പെട്ടു. അദ്ദേഹം ഒരു പാസ്പോർട്ടെടുത്തു് ഫിക്സിനെ കാണിച്ചു. ഇംഗ്ലീഷ്കോൺസലിന്റെ അടയാളം (വിസ) അതിൽ രേഖപ്പെടുത്തേണ്ടിയിരിക്കുന്നുവെന്നു് അദ്ദേഹം പറഞ്ഞു. ഫിക്സ് പാസ്പോർട്ടുവാങ്ങി വായിച്ചു. വാസ്തവംപറഞ്ഞാൽ അദ്ദേഹം അടിമുടി വിറച്ചുപോയി. എന്തുകൊണ്ടെന്നാൽ പാസ്പോർട്ടിലെ വിവരണവും ബാങ്ക്അഫ് ഇംഗ്ലണ്ടിൽനിന്നും പണം മോഷ്ടിച്ച മോഷ്ടാവിനെപ്പററി സ്കോട്ട്ലൻഡ്യാർഡ് പോലീസ് ഫിക്സിനയച്ച വിവരണവും ഒരുപോലിരുന്നു.

"ഇതു നിങ്ങളുടെ പാസ്പോർട്ടുതന്നെയോ?" ഫിക്സ് യാത്രക്കാരനോടു ചോദിച്ചു.

"അല്ല, എന്റെ യജമാനന്റേതാണു്."

"നിങ്ങളുടെ യജമാനനെവിടെ?"

"അദ്ദേഹം കപ്പലിൽത്തന്നെയുണ്ടു്."

"എന്നാൽ, അദ്ദേഹംതന്നെ വന്നെങ്കിലേ പററു. പാസ്പോർട്ടിൽ പറയുന്ന ആൾ അദ്ദേഹമാണെന്നും തെളിയിക്കണ്ടേ?"

'അതു് ആവശ്യമാണോ?'

'ആവശ്യമല്ല. അത്യാവശ്യം!'

'എവിടെയാണാഫീസ്?'

'അതാ ആ മൂലയ്ക്കു കാണുന്ന കെട്ടിടമാണ്.' ഒരു ഇരുനൂറുവാര അകലെയുള്ള ഒരു കെട്ടിടം ചൂണ്ടി കാട്ടിക്കൊണ്ടു ഫിക്സ് പറഞ്ഞു.

'അപ്പോൾ ഞാൻപോയി യജമാനനെ കൂട്ടിക്കൊണ്ടുവരാം. അദ്ദേഹം വരുമോ എന്തോ!' യാത്രക്കാരൻ ഫിക്സിനെ അഭിവാദ്യം ചെയ്തിട്ടു കപ്പലിലേക്കു പോയി.

നമ്മുടെ കുററാന്വേഷകനാകട്ടെ ആൾത്തിരക്കിനിടയിൽക്കൂടി അതിവേഗം കോൺസലിൻെറ ആഫീസിലെത്തി. അദ്ദേഹം അകത്തുകടന്നു് ധൃതിയിൽ പറഞ്ഞു. 'കോൺസൽ, ഞാനന്വേഷിക്കുന്ന ആൾ ഈ കപ്പലിലുണ്ടു്.' അയാൾ പാസ്പോട്ടിനെ സംബന്ധിച്ചു് ആ യാത്രക്കാരനുമായുണ്ടായ സംഭാഷണത്തെപ്പററി കോൺസലിനോടു പറഞ്ഞു.

"മിസ്റ്റർഫിക്സ്," കോൺസൽപറഞ്ഞു. "നിങ്ങളുദ്ദേശിക്കുന്ന ആറം എന്റെ ആഫീസിലേക്കു വരികില്ലെന്നാണെനിക്കുതോന്നുന്നത്. ഇത്രധീരനായ ഒരു ദമാഷ്ടാവ് അയാളെ പിടികൂടത്തക്ക തെളിവുകൾ നൽകത്തക്ക ബുദ്ധിശൂന്യനായിരിക്കുമെന്നു കരുതാൻ നിവൃത്തിയില്ല. എന്നുമാത്രമല്ല ഇംഗ്ലണ്ടിൽനിന്ന് ഇൻഡ്യയിലേക്കുപോകാൻ ഒരു 'വിസാ'യുടെ ആവശ്യംതന്നെയില്ല."

കോൺസൽ കൂടുതൽ പറയുന്നതിനുമുമ്പ് കതകിൽ ആരോ മുട്ടുന്നതുകേട്ടു. അപരിചിതരായ രണ്ടുപേർ മുറിക്കുള്ളിൽ കടന്നു. ഒരാറം അല്പംമുമ്പ് ഫിക്സുമായി സംസാരിച്ചയാളും അപരൻ അയാളുടെ യജമാനനുമാണെന്ന് ഫിക്സ് മനസ്സിലാക്കി. രണ്ടാമൻ ഒരു ബുക്കിൽനിന്നും അയാളുടെ പാസ്പോർട്ടെടുത്ത് കോൺസലിനേ ഏൽപ്പിച്ചു. എന്നിട്ട് 'വിസ' നൽകണമെന്നാവശ്യപ്പെട്ടു. കോൺസൽ പാസ്പോർട്ട്, ശ്രദ്ധാപൂർവം വായിച്ചു. ഈസമയം നമ്മുടെ കുററാന്വേഷകൻ യാത്രക്കാരനെ അടിമുടി പരിശോധിക്കുകയായിരുന്നു. കോൺസൽ പാസ്പോട്ട് പരിശോധിച്ചു. "താങ്കറം ഫിലിയസ് ഫാഗ് ആണ്, അല്ലേ?"

"അതേ; ഞാൻതന്നെ."

"ഈ മനുഷ്യൻ! അങ്ങയുടെ ഭൃത്യൻ; അല്ലേ?"

"അതേ, അയാളൊരു ഫ്രഞ്ചുകാരനാണ്. പേര് പാസ്പാർട്ട എന്ന്."

"താങ്കൾ നേരെ ലണ്ടനിൽ നിന്നാണോ വരുന്നതു്?"

"അതെ."

"പോകുന്നതു്?"

"ബോംബെയ്ക്കു്."

"ഈ യാത്രയ്ക്കു് ഒരു പാസ്പോർട്ടു് ആവശ്യമില്ലെന്നു് അങ്ങേയ്ക്കറിയരുതോ. പിന്നെന്തിനാണു് ഒരു 'വിസ്' കൂടി ആവശ്യപ്പെടുന്നതു്?"

"അറിയായ്കയല്ല. ഞാൻ സൂയസ്സു് കടന്നുപോയി എന്നുള്ളതിനു് എനിക്കൊരു തെളിവു് ആവശ്യമുണ്ടു്."

"ഓഹോ! അങ്ങിനെയോ." കോൺസൽ, പാസ്പോർട്ടിൽ ഒപ്പും തീയതിയുംവച്ചു് ആഫീസ് മുദ്ര പതിച്ചു് ഫാഗിന്റെ കൈയിൽകൊടുത്തു. അദ്ദേഹം അതിനുള്ള ഫീസ് നൽകി കോൺസലിനെ അഭിവാദ്യം ചെയ്തുകൊണ്ടു് പുറത്തേയ്ക്കുകടന്നു.

"അപ്പോൾ, ഇദ്ദേഹത്തെപ്പററി അങ്ങേയ്ക്കെന്തു തോന്നുന്നു.?" കുററാന്വേഷകൻ ആഫീസരോടു ചോദിച്ചു.

"അദ്ദേഹം സത്യസന്ധനായ ഒരാളാണെന്നു തോന്നുന്നു." ആഫീസർ മറുപടി പറഞ്ഞു.

"ആയിരിക്കാം. പക്ഷെ, എനിക്കുകിട്ടിയ വിവരം വച്ചുനോക്കുമ്പോൾ ആൾ ഇതുതന്നെ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എനിക്കീമനുഷ്യനെപ്പററി കൂടുതൽ അറിയേണ്ടതുണ്ടു്. ആ ഭൃത്യൻ ഒരു ഫ്രഞ്ചുകാരനായ സ്ഥിതിക്കു് അവൻ ഉള്ളകാര്യമെല്ലാം തുറന്നുപറയാതിരിക്കില്ല. ഏതായാലും നമുക്കു പിന്നെക്കാണാം." ഇത്രയുംപറഞ്ഞു്, ഫിക്സ്, കോൺസലിൻെറ മുറിയിൽ നിന്നിറങ്ങി പാസ്പോർട്ടുവിനെ അന്വേഷിച്ചു.

ഇതിനകം ഫിലിയസ്ഫാഗ് ഭൃത്യനെ ചില കാര്യങ്ങൾ പറഞ്ഞേൽപ്പിച്ചിട്ട് ബോട്ടിൽകയറി 'മംഗോളിയാ'യിലേക്കുപോയി. കപ്പലിലെത്തിയ ഉടൻ അദ്ദേഹം നോട്ടുബുക്കെടുത്തു് ഇങ്ങനെ എഴുതി:—

ഒക്ടോബർ 2-ബുധൻ-രാത്രി 8-45- ലണ്ടൻ വിട്ടു.

ഒക്ടോബർ 3 വ്യാഴം- കാലത്തു, 7-20-പാരീസിലെത്തി.

ഒക്ടോബർ 3 വൈകിട്ടു് 8-40 പാരീസ് വിട്ടു.

ഒക്ടോബർ 4 വെള്ളി കാലത്തു് 6-35 മോൺസ്നീവഴി ടൂറിനിൽ എത്തി. വെള്ളി കാലത്തു് 7-30 ന് ടൂറിൻവിട്ടു.

ഒക്ടോബർ 5 ശനി-വൈകിട്ടു് 4ന് ബ്രിൻഡീസിയിൽ എത്തി. വൈകിട്ടു് 5ന് മംഗോളിയായിൽ കയറി.

ഒക്ടോബർ 9-ബുധൻ-കാലത്തു് 11നു് സൂയസ്സിൽഎത്തി.

ഇതുവരെ മൊത്തം മണിക്കൂർ= 156 = 6½ ദിവസം

മിസ്റ്റർ. ഫിലിയസ്സ് ഫാഗ് തൻെറ നോട്ടുബുക്കിൽ ഒക്ടോബർ 2-മുതൽ ഡിസംബർ 21 വരെയുള്ള 80 ദിവസത്തേയ്ക്കു് ഒരുപട്ടികതയ്യാറാക്കിയിട്ടുണ്ട്. അതിൽ മാസങ്ങളും ദിവസങ്ങളും ആഴ്ചകളും തീയതികളും രേഖപ്പെടുത്തിയിരുന്നു. പാരീസ്സ്, ബ്രിൻഡീസ്സ്, സൂയസ്സ്, ബോംബെ, കൽക്കട്ടാ, സിംഗപ്പൂർ, ഹോംകോങ്, യോക്കഹോമ, സാൻഫ്രാൻസിസ്കോ, ന്യൂയോക്ക്, ലിവർപൂൾ, ലണ്ടൻ എന്നീ സ്ഥലങ്ങളിൽ അദ്ദേഹം എത്തുന്ന തീയതികളും അടയാളപ്പെടുത്തിയിരുന്നു. ഈ പട്ടിക വച്ചുകൊണ്ട് ഓരോസ്ഥലത്തും എത്തേണ്ട ദിവസവും എത്തുന്ന ദിവസവും കണക്കാക്കി യാത്രാവേളയിലുണ്ടാകുന്ന കാലതാമസത്തേയോ ഉദ്ദേശിക്കുന്നതിനുമുമ്പ് നിർദ്ദിഷ്ടസ്ഥാനത്തു് എത്തുന്നതുകൊണ്ടുള്ള സമയലാഭത്തെയോ അദ്ദേഹത്തിനറിയാൻ കഴിയുമായിരുന്നു. ഇതുവരെയുള്ള യാത്രയിൽ സമയനഷ്ടമോ സമയലാഭമോ ഉണ്ടായിട്ടില്ലെന്നു് അദ്ദേഹം മനസ്സിലാക്കി.

Mt 11259

അദ്ധ്യായം 4

# പാസ്പാർട്ടുവും ഫിക്സും വീണ്ടും കണ്ടുമുട്ടുന്നു.

ഒക്ടോബർ 10-ന് അവർ സൂയസ്സിൽ നിന്നും തിരിച്ചു. അടുത്തദിവസം കപ്പൽത്തട്ടിൽവച്ച് പാസ്പാർട്ടു ഫിക്സുമായി കണ്ടുമുട്ടി. പാസ്പാർട്ടു സന്തോഷത്തോടുകൂടി ഫിക്സിനെ സമീപിച്ചു പറഞ്ഞു.

"ഓ! സൂയസ്സിൽ വച്ച് അങ്ങല്ലേ എനിക്കാ ആ ഫീസു കാണിച്ചുതന്നത്."

"അതേ, താങ്കളല്ലേ ആ ഇംഗ്ലീഷുകാരൻ മാന്യന്റെകൂടെ വന്നത്."

"അതേ, മിസ്റ്റർ...?"

"ഫിക്സ് എന്നാണെന്റെ പേര്."

"മിസ്റ്റർ ഫിക്സിനെ കപ്പലിൽ കാണുമെന്നു ഞാൻ വിചാരിച്ചില്ല. വളരെ സന്തോഷമായി."

"മിസ്റ്റർ ഫോഗിനു സുഖംതന്നെയല്ലേ"

"അദ്ദേഹത്തിനും എനിക്കും സുഖംതന്നെ. ഈ കടൽക്കാററ് എനിക്കു വളരെ പിടിച്ചു. നല്ല വിശപ്പ്. ഭംഗിയായി ഭക്ഷിക്കുന്നുമുണ്ട്."

"താങ്കളുടെ യജമാനനോ? അദ്ദേഹത്തെ ഞാൻ കപ്പൽത്തട്ടിൽ കാണുന്നില്ലല്ലോ!"

"അദ്ദേഹത്തിനു് അങ്ങുമിങ്ങും നടക്കുന്നതു തീരെ ഇഷ്ടമുള്ള കാര്യമല്ല"

പാസപാർട്ടുവും ഫിക്സും സ്നേഹിതന്മാരായി. അവർ പലപ്പോഴും തമ്മിൽ കാണുകയും കുശലങ്ങൾ പറയുകയുംചെയ്തു. പാസ്പാർട്ടുവിൽനിന്നും കഴിയുന്നത്ര രഹസ്യങ്ങൾ ചോർത്തി എടുക്കണമെന്നു് കുററാന്വേഷകൻ നിശ്ചയിച്ചിരുന്നു. അതുകൊണ്ടു് അയാൾ പാസ്പാർട്ടുവിനെ അകമഴിഞ്ഞു സ്നേഹിക്കുന്നതായും ഭാവിച്ചു. പാസ്പാർട്ടുവിനാകട്ടെ ഈ കൂട്ടുകെട്ടു വളരെ പിടിച്ചു.

കപ്പൽ ചെങ്കടലിൽക്കൂടി അതിവേഗം ഓടുകയാണു്. സൂയസിൽനിന്നും ഏഡനിലേക്കു് ആയിരത്തി മുന്നൂററിപ്പത്തു് മൈൽ ദൂരമുണ്ടു്. കപ്പൽക്കാരുടെ കണക്കനുസരിച്ചു് നൂററിമുപ്പത്തെട്ടു മണിക്കൂറുകൾകൊണ്ടു് ഈ യാത്ര പൂർത്തിയാകുന്നതാണു്. ഒക്ടോബർ 13-ാം തീയതി അറേബ്യൻ തീരത്തുള്ള ചില പട്ടണങ്ങളും അവിടവിടെ പച്ചനിറത്തിൽ ഈന്തപ്പനത്തോപ്പുകളും അവർകണ്ടു. അങ്ങകലെ വിശാലമായ കാപ്പിത്തോട്ടങ്ങളും കാണാമായിരുന്നു. അടുത്ത രാത്രിയിൽ കപ്പൽ ബാബൽമാൻഡബ്ബ് കടലിടുക്കു് (അശ്രുകവാടം) കടന്നു. പിറേറദിവസം വൈകിട്ടു് ആറുമണിക്കു് മംഗോളിയാ,

കൽക്കരി കയററി ഏഡൻവിട്ടു. ഇന്ത്യൻ മഹാസമുദ്രത്തിൽക്കൂടി അവർ യാത്രതുടൎന്നു. ഒക്റേറാബർ 20-ാം തീയതി 12 മണിയോടുകൂടി സഞ്ചാരികൾ ഇന്ത്യയുടെ തീരം കണ്ടു. രണ്ടുമണിക്കൂർ നേരത്തെ യാത്രയ്ക്കുശേഷം തുറമുഖത്തുനിന്നും പൈലട്ട് കപ്പലിലെത്തി. മന്ദവേഗമായികപ്പൽ തുറമുഖത്തെ സമീപിച്ചു. ബോംബെ,സാൽസററ് എന്നീ ദ്വീപുകൾ ഒരുവശത്തും ട്രോംബെ, എലിഫൻഡാ, ബുച്ചർ എന്നിവ മറുവശത്തും കാണാറായി. 4-30ന് മംഗോളിയാ, ബോംബെ തുറമുഖത്ത് അടുത്തു.

കണക്കനുസരിച്ച് ഒക്റേറാബർ 22-നാണ് മംഗോളിയ ബോംബെയിലെത്തേണ്ടതു്. എന്നാൽ 20-ാം തീയതിതന്നെ കപ്പൽ ബോംബെയിലെത്തിക്കഴിഞ്ഞു. “രണ്ടുദിവസം ലാഭം.” ഫിലിയസ് ഫാഗ് നോട്ടുബുക്കിൽ കുറിച്ചു. ഉച്ചതിരിഞ്ഞു് 5 മണിയോടുകൂടി യാത്രക്കാരെല്ലാം കപ്പലിൽ നിന്നിറങ്ങി. രാത്രി 8 മണിക്കാണ് ബോംബെയിൽനിന്നു് കൽക്കട്ടായിലേക്ക് തീവണ്ടി പുറപ്പെടുന്നതു്. ഫിലിയസ് ഫാഗ് കഴിയുന്നത്ര വേഗത്തിൽ കപ്പലിൽനിന്നിറങ്ങി ചില സാധനങ്ങളെല്ലാം വാങ്ങിക്കാൻ പരിചാരകനെ ഏർപ്പാടുചെയ്തു. 8 മണിക്കുമുമ്പ് തീവണ്ടിയാപ്പീസിൽ കാണണമെന്നു ചട്ടംകെട്ടിയിട്ട് അദ്ദേഹം പാസ്പോർട്ടിൽ ഒപ്പിടീക്കാൻ കസ്റ്റംസിലേക്കുപോയി. ഫിലിയസ് കപ്പലിൽ നിന്നിറങ്ങിയ ഉടൻ ഫിക്സും പുറകേതിരി

ച്ചു. അയാൾ ബോംബെയിലെ പോലീസ് മേധാവിയുടെ ആഫീസിലെത്തി. ഇംഗ്ലണ്ടിൽ നടന്ന സുപ്രസിദ്ധമായ ബാങ്കു മോഷണത്തെപ്പററി അന്വേഷിക്കാൻ നിയുക്തനായ ഒരു കുററാന്വേഷകനാണു താനെന്നും സംശയിക്കപ്പെടുന്ന ആളിനെ പിൻതുടൎന്നു ബോംബെയിലെത്തിയതാണെന്നും അറിയിച്ചു. മോഷ്ടാവിനെ അറസ്റ്റു ചെയ്യാൻ വാറണ്ടുവല്ലതും എത്തിയിട്ടുണ്ടോ എന്നു് ഫിക്സ് ചോദിച്ചു. ഫിലിയസ്ഫാഗ് ലണ്ടനിൽനിന്നു തിരിച്ചശേഷമാണു് മോഷ്ടാവിനെ അറസ്ററുചെയ്യാനുള്ള വാറണ്ടു് അയയ്ക്കാനിടയുള്ളതു്. അതു് ബോംബെയിലെത്താൻ സമയമായിട്ടില്ല. ഫിക്സ് നിരാശനായി. ഫിലിയസ്ഫാഗിനെ ഉടൻ തന്നെ അറസ്ററുചെയ്യണമെന്നു് ഫിക്സ് പോലീസ് മേധാവിയെ പ്രേരിപ്പിച്ചു. പക്ഷെ അദ്ദേഹം ആ അവിവേകത്തിനൊരുമ്പെട്ടില്ല. വാറണ്ടു വരുന്നതുവരെ കാത്തിരിക്കാനും ബോംബെയിലെ താമസത്തിനിടയിൽ ഫിലിയസ്ഫാഗിൻെറ ചെയ്തികളെ സശ്രദ്ധം സൂക്ഷിക്കുവാനും ഫിക്സ് നിശ്ചയിച്ചു.

പാസ്പാർട്ടു യജമാനൻെറ നിർദ്ദേശപ്രകാരം സാധനങ്ങളെല്ലാംവാങ്ങി. സമയമുള്ളതുകൊണ്ടു് അയാൾ നഗരത്തിലെ പ്രധാന തെരുവുകളെല്ലാം ഒരു വണ്ടിയിൽ കയറി ചുററിക്കണ്ടു. ഗ്രഹപ്പിഴയ്ക്കു് അന്നു പാഴ്സികളുടെ ഒരു വിശേഷദിവസമായിരുന്നു. ഒരു ഘോഷയാത്ര പാഴ്സി ക്ഷേത്രത്തിലേക്കു നീങ്ങുകയാണു്. പാസ്പാ

ർട്ടുകൂടെപ്പോയി. അങ്ങിനെ അയാൾ 'മലബാർ ഹില്ലിൽ' ചെന്നു. ക്രിസ്ത്യാനികൾക്കു് ക്ഷേത്രത്തിൽ പ്രവേശനമില്ല എന്നുള്ള കാര്യം പാസ്പാർട്ടു അറിഞ്ഞില്ല. ഹിന്ദുക്കൾതന്നെയായാലും ചെരിപ്പിട്ടുകൊണ്ടു് ക്ഷേത്രത്തിൽ കടന്നുകൂടെന്നുള്ള വസ്തുതയും ആ പാവം മനസ്സിലാക്കിയില്ല. പാസ്പാർട്ടു ചെരിപ്പുമായി അമ്പലത്തിലേക്കു കടന്നു. ക്ഷേത്രത്തിലെ അലങ്കാരങ്ങൾനോക്കി അയാൾ അത്ഭുതപ്പെട്ടുനിന്നു. പെട്ടെന്നു് അയാളുടെ പിടലിയ്ക്കൊരടിയും മുമ്പോട്ടൊരുതള്ളും! പാസ്പാർട്ടു ഭഗവാനെ സാഷ്ടാംഗം നമസ്കരിച്ചു. കോപാന്ധരായ മൂന്നു പുരോഹിതന്മാർ അയാളുടെ ഷൂസുകൾ വലിച്ചൂരി. വീണ്ടും അടിച്ചു. ഷൂസുപോയെങ്കിലും പാസ്പാർട്ടു മിന്നൽ വേഗത്തിൽ ചാടി എണീററു. രണ്ടു പുരോഹിതന്മാരെ ഒരോ ഇടിയ്ക്കു് അയാൾ നിലം പററിച്ചു. സമയം കളയാതെ പാസ്പാർട്ടു വെളിയിൽചാടി ബാണം വിട്ടതുപോലെ ഓടി. തിരിഞ്ഞുനോക്കിയപ്പോൾ മൂന്നാമത്തെ പുരോഹിതൻ അയാളെ പിൻതുടരുകയാണു്. പാസ്പാർട്ടു തെരുവിൽകൂടി ഓടി ആൾക്കൂട്ടത്തിൽ മറഞ്ഞു. എട്ടടിക്കാൻ അഞ്ചുമിനിട്ടുള്ളപ്പോൾ അയാൾ ഓടികിതച്ചു് തീവണ്ടിയാഫീസിലെത്തി. തൊപ്പിയില്ല, ഷൂസില്ല, യജമാനനുവേണ്ടി വാങ്ങിച്ച സാധനങ്ങളുമില്ല.

ഫിക്സു് തീവണ്ടിയാഫീസിൽ നില്പുണ്ടു്. അയാൾ ഫിലിയസ്ഫാഗിനെ പിൻതുടന്നു് അവിടെ

എത്തിയതാണ്. ഫാഗ് ബോംബെ വിടാൻ ഭാവിക്കുന്നു എന്ന് ഫിക്സ് മനസ്സിലാക്കി. അറസ്ററുചെയ്യാൻ കഴിയുന്നതുവരെ കൂടെ പോവുകതന്നെയെന്ന് അയാം നിശ്ചയിച്ചു. ഇരുളിൽ മറഞ്ഞുനിന്ന ഫിക്സിനെ പാസ്പാർട്ട കണ്ടില്ല. എന്നാൽതനിക്കുപററിയ അമളിയെപ്പററി പാസ്പാർട്ട യജമാനനോട്ട പറയുന്നതു് ഫിക്സ് കേട്ടു.

"ഇനിഇത്തരം വിഡ്ഢിത്തരങ്ങളൊന്നും പാററരുതു്." ഫിലീയസ്ഫാഗ് അത്രമാത്രമേ പരിചാരകനോട്ട പറഞ്ഞുള്ളു. അദ്ദേഹം തീവണ്ടിയിൽ കയറി ഇരിപ്പായി. പാവം പാസ്പാർട്ട ഷൂസോ കാലുറയോ കൂടാതെ വിഷണ്ണനായി ആ മുറിയിൽതന്നെ മറെറാരിടത്തും ചെന്നിരുന്നു. ഫിക്സ് വണ്ടിയിൽ കയറാൻ ഭാവിച്ചു. പക്ഷെ, അയാം തെല്ലിട ആലോചിച്ചു നിന്നു.

"ഇല്ല, ഞാൻ കയറുന്നില്ല." ഫിക്സ് പിറുപിറുത്തു. "ഒരു വലിയകുററം ഇന്ത്യയിൽവച്ചു ചെയ്തിരിക്കുന്നു. ഇത്തവണ ഇവൻ കുടുക്കിൽ വീണതുതന്നെ."

തീവണ്ടി ചൂളം വിളിച്ചു നീങ്ങിത്തുടങ്ങി. ഗംഭീരമായശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് ആ ആവിവണ്ടി അതിവേഗം പാഞ്ഞു് അപ്രത്യക്ഷമായി.

അദ്ധ്യായം 5

# വിചിത്രമായ ഒരു സവാരി

പാസ്പാർട്ടുവും യജമാനനും ഇരുന്ന മുറിയിൽ മൂന്നാമത്തു് ഒരുയാത്രക്കാരൻ കൂടിയുണ്ടായിരുന്നു. ബനാറസ്സിലെ ബ്രിഗേഡിയർ ജനറലായ സർ ഫ്രാൻസിസ് ക്രമാററി ആയിരുന്നുഅതു്. അദ്ദേഹം സൂയസ്മുതൽക്കേ ഫിലിയസ്ഫാഗൊന്നിച്ചു് കപ്പലിലുണ്ടായാരുന്നു.

രാത്രിയായപ്പോൾ തീവണ്ടി പശ്ചിമഘട്ടം കടന്നു് 'നാസി'ക്കിലെത്തി. ഗോദാവരിയുടെ തീരത്തുള്ള ഈ കൊച്ചു പട്ടണം ഹിന്ദുക്കളുടെ ഒരു പുണ്യസ്ഥലമാണു്. ഒക്റേറാബർ 21-ാം തീയതി 12½ മണിയായപ്പോൾ 'ഖാൻഡേഷു്' സമതലംകടന്നു് വണ്ടി ബർഹൻപൂരിലെത്തി. ഇവിടെവച്ചു് നല്ല ഒരുജോടി ചെരുപ്പുകൾ പാസ്പാർട്ടു വാങ്ങി. അതിലെ വിചിത്രവേലകൾ അയാൾക്കു വളരെ പിടിച്ചു.

യാത്രക്കാർവേഗം ഭക്ഷണംകഴിച്ചു് നരസിംഹപുരത്തേക്കുതിരിച്ചു. താപ്തി നദീതീരത്തുകൂടി യാത്രചെയ്തു് വൈകുന്നേരമായപ്പോൾ യാത്രക്കാർ സാത്പുറാ മലംപാതയിലെത്തി. താപ്തി നദിയുടേയും നർമ്മദാനദിയു

ടേയും തീരപ്രദേശങ്ങളെ വേർതിരിച്ചുകൊണ്ടു് കിടക്കുന്ന ഉയരംകുറഞ്ഞ പർവ്വതന്നിരകളാണു് സാത്പുറാ. പിറേറദിവസം യാത്രാമദ്ധ്യേ സമയമെന്തായെന്നു് സർ ഫ്രാൻസിസു് പാസു്പാർട്ടുവിനോടുചോദിച്ചു. ഉച്ചതിരിഞ്ഞു മൂന്നുമണിയായെന്നു് അയാരം വാച്ചുനോക്കി ഉത്തരംപറഞ്ഞു. വാസ്തവത്തിൽ പാസു്പാർട്ടുവിൻെറ വാച്ചു് നാലു മണിക്കൂർ പിന്നോക്കമായിരുന്നു. എന്തുകൊണ്ടെന്നാൽ ഇംഗ്ളണ്ടിൽനിന്നു തിരിച്ചപ്പോരം ഗ്രീനിച്ചു് സമയമനുസരിച്ചു് അതു ശരിപ്പെടുത്തിയാണു വച്ചിരുന്നതു്. ഗ്രീനിച്ചാകട്ടെ അവർ യാത്രചെയ്തിരുന്ന ദിക്കിൽനിന്നും 77°പടിഞ്ഞാറാണു്. അതുകൊണ്ടാണു് പാസു്പാർട്ടുവിൻെറ വാച്ചിനു് ഈ പ്രമാദം പററിയതു്. സർ ഫ്രാൻസിസു് പാസ്പാട്ടുവിൻെറ സമയം ശരിപ്പെടുത്തി. ഓരോ 'രേഖാംശ'വും കടക്കുമ്പോരം വാച്ചു ശരിപ്പെടുത്തേണ്ട ആവശ്യകതയെപ്പററി അദ്ദേഹം പാസ്പാർട്ടുവിനെ മനസ്സിലാക്കി. നമ്മുടെ യാത്രക്കാർ സൂര്യനഭിമുഖമായി കിഴക്കോട്ടാണു സഞ്ചരിച്ചിരുന്നതു്. അവർ ഓരോ ഡിഗ്രി കഴിയുന്തോറും അവരുടെ ദിവസം 4 മിനിററുവീതം ചുരുങ്ങിച്ചുരുങ്ങി വരുമെന്നുള്ളതാണു പരമാർത്ഥം. ജനറൽ പറഞ്ഞതു് പാസ് പാർട്ടുവിനു മനസ്സിലായോ എന്നു സംശയമാണു്. അയാരം അയാളുടെ ലണ്ടൻ സമയംതന്നെ വച്ചുകൊണ്ടിരുന്നു.

പിറേറദിവസം കാലത്തു് 8 മണിക്കു് തീവണ്ടി ഒരു വലിയ വനത്തിൻെറ നടുവിലെത്തി. അവിടെ

ഒട്ടേറെ സ്ഥലം വെട്ടിവെളിവാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ ബംഗ്ളാവുകളും കൂലിക്കാരുടെ ചെറുവീടുകളും അവിടെ ധാരാളം കാണാമായിരുന്നു. ഇവിടെ വണ്ടി നിറുത്തി. ഗാർഡ് നിലത്തിറങ്ങി വണ്ടിയുടെ ഒരററം മുതൽ മറേറയററംവരെ നടന്ന് ഇങ്ങനെ വിളിച്ചുപറഞ്ഞു.

"എല്ലാവരും ഇറങ്ങണം."

"ഇതെവിടമാണ്?" സർ ഫ്രാൻസിസ് ചോദിച്ചു.

"നാനിക്പൂർ പട്ടണത്തിനു സമീപമാണ്." ഗാർഡ് മറുപടി പറഞ്ഞു.

"എന്താണ്, വണ്ടി അങ്ങോട്ടു പോവുകില്ലേ?"

"ഇല്ല, തീവണ്ടിപ്പാത ഇവിടെ അവസാനിക്കുന്നു."

"എന്ത്? പാത ഇനിയും മുഴുവനായില്ലെന്നോ" സർ ഫ്രാൻസിസ് ചോദിച്ചു.

"ഇല്ല. ഇവിടംമുതൽ അലഹബാദുവരെ അൻപതു മൈൽ ദൂരം ഇനിയും പാത തീരേണ്ടതായിട്ടാണിരിക്കുന്നത്."

"വഴിമുഴുവൻ തീർന്നെന്നു പത്രങ്ങളിൽ കണ്ടല്ലോ."

"പത്രങ്ങൾക്കു തെററുപററിയെന്നേ എനിക്കുപറയാൻ കഴിയൂ സർ. മുഴുവൻ യാത്രയ്ക്കും ഞങ്ങൾ ടിക്ക

ററുകൊട്ടുക്കുന്നുണ്ടു്. ഈ അൻപതു മൈൽ അതിൽ ഉൾപ്പെട്ടുത്തിയിട്ടില്ല. അലഹബാദുവരെ സ്വന്തം ചെലവിൽ സഞ്ചരിക്കണമെന്നു് മിക്കയാത്രക്കാർക്കുമറിയാം.''

ഈ സംഭാഷണത്തിനിടയിൽ യാത്രക്കാരെല്ലാം വണ്ടിയിൽനിന്നിറങ്ങി. ആ ഗ്രാമത്തിൽ കിട്ടാവുന്ന കുതിരവണ്ടികളിലും കാളവണ്ടികളിലും പല്ലക്കുകളിലുമായി അവർ കയറിക്കഴിഞ്ഞു. ഫിലിയസ്ഫാഗ്ഗും സർ ഫ്രാൻസിസും ഗ്രാമംമുഴുവൻ ചുററിനടന്നു. ഒററ വാഹനം പോലും കിട്ടിയില്ല.

'ഞാൻ നടക്കാൻതന്നെ തീരുമാനിച്ചു.' ഫിലിയസ്ഫാഗ് ദൃഢസ്വരത്തിൽ പറഞ്ഞു. പാസ്പാർട്ടുവിനു വലിയ വിഷമംതോന്നി. അയാൾ തൻെറ ഭംഗിയേറിയ ചെരുപ്പുകളിൽനോക്കി വിഷാദഭാവത്തിൽനിന്നു. പാസ്പാർട്ടുവും യാത്രയ്ക്കു വല്ലസൗകര്യവുമുണ്ടോയെന്നു് അന്വേഷിക്കുകയായിരുന്നു.

'സർ. ഞാനൊരു വഴികണ്ടിട്ടുണ്ടു്.' അയാൾ പറഞ്ഞു.

'എന്തു വഴിയാണു്.?'

''ഒരു ആന! ഇവിടെ അടുത്തു താമസിക്കുന്ന ഒരാൾക്കു് ഒരാനയുണ്ടു്.''

''ശരി നമുക്കു പോയിനോക്കാം'' ഫിലിയസ് ഫാഗ്ഗ് പറഞ്ഞു.

അഞ്ചുമിനിററിനകം അവർ ഒരു കുടിലിലെത്തി. അതിൽ ഒരാൾ താമസിച്ചിരുന്നു. കുടിലിനടുത്തു് ഉറക്കൻതടികൾകൊണ്ടുള്ള ഒരു നാലുവേലിക്കകത്തു് ഒരു ആന നിന്നിരുന്നു. ആനയെ പരിശോധിച്ചുകൊള്ളാൻ ഉടമസ്ഥൻ അനുവദിച്ചു. യാത്രക്കാർ 'കീയൂണി' എന്നു പേരുള്ള ആ ആനയെ താല്പര്യത്തോടെ പരിശോധിച്ചു. മററു യാത്രാസൗകര്യമൊന്നുമില്ലാതിരുന്നതുകൊണ്ടു് ആനയെ വാടകയ്ക്കെടുക്കാൻ തന്നെ ഫിലിയസ് ഫാഗ് നിശ്ചയിച്ചു. പക്ഷെ, ആനയുടെ ഉടമസ്ഥൻ സമ്മതിക്കേണ്ടേ! മണിക്കൂറിൽ പത്തുപവൻ വാടക കൊടുക്കാമെന്നു ഫിലിയസ് ഫാഗു പറഞ്ഞു. ഉടമസ്ഥൻ കേട്ടില്ല. ഇരുപതു പവൻ വീതം കൊടുക്കാമെന്നുപറഞ്ഞു. അതും ഉടമസ്ഥൻ സമ്മതിച്ചില്ല. ഫിലിയസ് ഫാഗ് വാടക, മണിക്കൂറിൽ 30 പവനാക്കി 40 പവനാക്കി. മക്കടമുഷ്ടിക്കാരനായ ആനക്കാരൻ അതിനും വഴിപ്പെട്ടില്ല. ഒടുവിൽ അതിനെ വിലയ്ക്കെടുക്കാൻ തന്നെ ഫിലിയസ് ഫാഗ് നിശ്ചയിച്ചു. ആയിരം പവൻ കൊടുക്കാമെന്നു് ഫിലിയസ് ഫാഗ് പറഞ്ഞു. ആനക്കാരൻ ഒതുങ്ങുന്ന മട്ടില്ല.

ഇത്രയുമായപ്പോൾ സർ ഫ്രാൻസിസ് ഫിലിയസ്സിനെ ഒരുവശത്തേക്കു വിളിച്ചു് ഇനിയും വില കൂട്ടുന്നതു സൂക്ഷിച്ചുവേണമെന്നുമുന്നറിയിപ്പു നൽകി. ഇരു

പതിനായിരം പവൻ കിട്ടുന്ന ഒരു സംരംഭത്തിലാണു താൻ ഇടപെട്ടിരിക്കുന്നതെന്നും എന്തുവില കൊടുത്താലും ആനയെ കിട്ടാതെ നിവൃത്തിയില്ലെന്നും ഫാഗ് മറുപടി പറഞ്ഞു. 1200 പവൻ, 1500 പവൻ, 1800 പവൻ എന്നിങ്ങനെ ആനയുടെ വില കൂടിക്കൂടി വന്നു. അതിലൊന്നും ആനക്കാരൻ വഴിപ്പെട്ടില്ല. അവസാനം രണ്ടായിരം പവൻ കൊടുത്തേക്കാമെന്നു് ഫീലിയസ് ഫാഗ് സമ്മതിച്ചു. ഇനിയും കൂടുതൽ ചോദിക്കുന്നതു മര്യാദകേടാണെന്നു് ആനക്കാരനു തോന്നി. ആനയെ കൊടുക്കാമെന്നു് അയാൾ സമ്മതിച്ചു.

പാസ്പാർട്ടുവിന്റെ ചുവന്നമുഖം വല്ലാതെ വിളറിപ്പോയി. 'അയ്യോ ഇതൊരു വല്ലാത്ത വിലതന്നെ!' അയാൾ വ്യാകുലഭാവത്തിൽ പറഞ്ഞു.

യാത്രയ്ക്കു് ആനയെക്കിട്ടി; ഇനിയും അതിനെ നയിക്കാൻ ഒരു വഴികാട്ടി വേണമല്ലോ. ഇതിനവർക്ക് പ്രയാസമുണ്ടായില്ല. പ്രസന്നവദനനായ ഒരു ചെറുപ്പക്കാരൻ പാഴ്സി അവരെ ആനപ്പുറത്തുകയററി അലഹബാദിലെത്തിക്കാമെന്നു് ഏററു. ഫീലിയസ് ഫാഗ് അയാൾക്കു് ഒരു നല്ല തുക പാരിതോഷികം കൊടുക്കാമെന്നും ഏററു.

പാഴ്സി യുവാവ് ആനപ്പുറത്തു് കെട്ടിയുള്ള ഒരു കംബലം വിരിച്ചു് അതിന്റെ മുകളിൽ ഒരമ്പാരി തയാ

റാക്കി. ആനയുടെ ഉടമസ്ഥന് രണ്ടായിരം പവൻെറ കറൻസി നോട്ടുകൾ കൊടുത്തു. അയാൾ അത്യസംതൃപ്തിയോടുകൂടി വാങ്ങി. സർ ഫ്രാൻസിസും, ഫാഗും, പാസ്പാർട്ടുവും അമ്പാരിയിൽ ഇരിപ്പുറപ്പിച്ചു. പാഴ്സി സാധാരണ ആനക്കാരെപ്പോലെ ആനയുടെ കഴുത്തിലും കയറി. ഒൻപതുമണിയോടുകൂടി ഇടതിങ്ങിയ ഒരു പനങ്കാട്ടിൽ കൂടി അവർ അലഹബാദിലേക്കു തിരിച്ചു.

---

അദ്ധ്യായം 6.

# വിന്ധ്യ പർവ്വതത്തിലൂടെ.

ആനപ്പുറത്തുള്ള സവാരി ഫിലിയസ് ഫാഗിന്നും കൂട്ടുകാർക്കും തീരെ പുത്തരിയായിരുന്നു. കാലുകം നീട്ടിവലിച്ചു് അതിവേഗം യാത്ര ചെയ്തിരുന്ന ആ ഗജവീരൻെറ മുതുകിൽ പൊങ്ങിയും താണും ഇടം വലം ചാഞ്ഞും ചരിഞ്ഞും തലതമ്മിൽ കൂട്ടിമുട്ടിയും യാത്രക്കാർ വല്ലാതെ വിഷമിച്ചു. പാസ്പാർട്ടു എന്തോ സംസാരിക്കാനായി വാ തുറന്നപ്പോൾ അയാളുടെ നാക്കു് പല്ലുകൾക്കിടയിൽപ്പെട്ടു് കുറെ കൂടുതൽ മുറിഞ്ഞുപോയി. പാവം തുപ്പിയും ഇടയ്ക്കിടെ രക്തം നുണഞ്ഞിറക്കിയും മിണ്ടാതിരുന്നു് യജമാനന്മാരെ കൂടെക്കൂടെ കൂട്ടിമുട്ടുകയാണു്. നാക്കുമുറിഞ്ഞെങ്കിലും കുതിച്ചു കുതിച്ചുള്ള ഈ യാത്ര പാസ്പാർട്ടുവിനു രസമായി തോന്നി. അയാൾ വിങ്ങിവിങ്ങിച്ചിരിക്കുകയും ഇടയ്ക്കിടയ്ക്കു് സഞ്ചിയിൽ നിന്നും ഓരോപിടി പഞ്ചസാര വാരി ആനയ്ക്കു കൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. ബുദ്ധിയുള്ള ആ മൃഗം തുമ്പിക്കൈയ് പൊക്കി പഞ്ചസാരവാങ്ങി വായിലാക്കിക്കൊണ്ടു് വേഗം വേഗം നടന്നുതുടങ്ങി. രാത്രി 8 മണിയോടുകൂടി യാത്രക്കാർ വിന്ധ്യപർവ്വതം കടന്നു് അതി

ൻെറ അടിവാരത്തുള്ള ഒരു പഴയ ബംഗ്ളാവിലെത്തി. അവർ ഇതിനകം ഇരുപത്തഞ്ചു മൈൽ യാത്ര ചെയ്തിരുന്നു. ഇനിയും അലഹബാദിലേക്ക് അത്രയും കൂടി ദൂരമുണ്ട്.

രാത്രിയിൽ തണുപ്പ് ദുസ്സഹമായിരുന്നു. വഴികാട്ടിയായ പാഴ്സി ബംഗ്ളാവിൻെറ വരാന്തയിൽ തീ കൂട്ടി. ഇംഗ്ളീഷുകാരായ യാത്രക്കാർക്ക് അഗ്നികുണ്ഡം പ്രത്യേകിച്ച് വളരെ ആശ്വാസപ്രദമായിരുന്നു. ഭക്ഷണ സാധനങ്ങൾ ധാരാളം കരുതിയിട്ടുണ്ട്. മൃഷ്ടാന്നമായ അത്താഴത്തിനുശേഷം അവർ സുഖമായിക്കിടന്നുറങ്ങി. വഴികാട്ടിയാകട്ടെ 'കീയൂണി'യെ സൂക്ഷിച്ചുകൊണ്ട് അല്പം അകലെ മാറി കിടന്നു. ഒരു വലിയ മരത്തിൽ ചാരി നിന്ന് ആനയും സുഖമായുറങ്ങി.

പ്രഭാതമായപ്പോൾ സഞ്ചാരികൾ വീണ്ടും യാത്രയായി. ഉച്ച തിരിഞ്ഞ് രണ്ടുമണിക്ക് അവർ വീണ്ടും ഒരു വലിയ വനത്തിൽ കടന്നു. മരത്തിൻെറ തണലുകൾ പററി അവർ യാത്ര തുടരുകയാണ്. സമയം ഏതാണ്ട നാലുമണിയായിട്ടുണ്ട്. ആന പെട്ടെന്നു നിന്നുകളഞ്ഞു.

"എന്ത്"—എന്താണു കാര്യം?" അമ്പാരിയിൽ നിന്നും പുറത്തേയ്ക്കെത്തിനോക്കിക്കൊണ്ട് സർ ഫ്രാൻസിസ് ചോദിച്ചു.

"എന്താണെന്നു് സൂക്ഷ്മമായി അറിഞ്ഞുകൂടാ." വൃക്ഷങ്ങൾക്കിടയിൽക്കൂടി അടുത്തടുത്തു വരുന്ന ഒരു മർമ്മരശബ്ദം ശ്രദ്ധിച്ചുകൊണ്ടാണു് അയാളിങ്ങനെ പറഞ്ഞതു്. പാഴ്സി ആനപ്പുറത്തുനിന്നിറങ്ങി അതിനെ അടുത്തുണ്ടായിരുന്ന ഒരു മരത്തിൽ കെട്ടി. അയാൾ ശബ്ദംകേട്ട ദിക്കിലേക്കു കുതിച്ചുപാഞ്ഞു. എന്നിട്ട് വേഗം തിരിച്ചുവരികയും ചെയ്തു.

"ബ്രാഹ്മണരുടെ ഒരു ഘോഷയാത്രയാണു്. നമുക്ക് അല്പം മാറിനിന്നുകളയാം." ഇങ്ങനെ പറഞ്ഞുകൊണ്ടു് പാഴ്സി ആനയെ കാട്ടിനുള്ളിലേക്കു നയിച്ചു. അവർ വൃക്ഷച്ചില്ലകളുടേയും പടർപ്പുകളുടേയും അപ്പുറത്തുള്ള ഒരു വെളിസ്ഥലത്തുനിന്നു. ഘോഷയാത്രയുടെ ശബ്ദം വ്യക്തമായി കേട്ടുതുടങ്ങി. ഇടയ്ക്കിടയ്ക്കു് വാദ്യഘോഷങ്ങളും കേൾക്കാനുണ്ടു്. ഘോഷയാത്രയുടെ മുൻഭാഗം ഒരു അൻപതുവാര അകലത്തെത്തി. പുരോഹിതവേഷത്തിൽ ഏതാനും ആളുകളാണു് മുമ്പിൽ. അതിന്റെ പിന്നിൽ സ്ത്രീകളും, കുഞ്ഞുങ്ങളും, പുരുഷന്മാരുമായി ഒട്ടുവളരെയാളുകളുണ്ടു്. അവരെല്ലാം എന്തൊക്കെയോ മന്ത്രങ്ങൾ ജപിച്ചുകൊണ്ടു് മുന്നോട്ടു നീങ്ങുകയാണു്. ആൾക്കൂട്ടത്തിനിടയിൽക്കൂടി ഒരു രഥം മുന്നോട്ടു നീങ്ങുന്നുണ്ടു്. അണിയിച്ചൊരുക്കിയ രണ്ടു ക്രൂരന്മാരാണു് അതുവലിച്ചുകൊണ്ടു പോകുന്നതു്. ചുററിപ്പിണഞ്ഞ പാമ്പുകളുടെ ആകൃതിയിലാണു് രഥചക്രങ്ങളുടെ ആരക്കാലുകൾ. രഥത്തിനുള്ളിൽ ഭയങ്കരമായ ഒരു വിഗ്രഹം

നീണ്ടുനിവന്നു് നില്പ്പുണ്ടു്. അഴിച്ചിട്ടതലമുടിയും ഉന്തിയ കണ്ണുകളും, നീട്ടിയിട്ട ചുവന്നനാക്കും ഉള്ള വിഗ്ര ഹത്തിന്നു് നാലു കൈകളുണ്ടു്. വിഗ്രഹത്തിൻെറ ശരീ രമാകമാനം കുങ്കുമംപൂശി ചുവപ്പിച്ചിരുന്നു. തലയോട്ടി കൊണ്ടുള്ള ഒരു മാലയാണു് ആ വിഗ്രഹം അണിഞ്ഞി രുന്നതു്. അനേകം കൈയ്കൾ കോത്തെടുത്ത ഒരു വസ്ത്രമാണു ധരിച്ചിരുന്നതു്. ഒരു രാക്ഷസൻെറ തല യററ ശരീരത്തിൽ നൃത്തം ചെയ്യുന്ന മട്ടിലാണു വിഗ്ര ഹത്തിൻെറ നില.

സർ ഫ്രാൻസിസ് ഒററനോട്ടത്തിൽ വിഗ്രഹത്തെ തിരിച്ചറിഞ്ഞു. "കാളി! അതു കാളിയാണു്. പ്രേമദേ വതയും മരണദേവതയുമാണതു്; ശിവൻെറ ഭാര്യ!"

"മരണ ദേവതയായിരിക്കാം. പ്രേമദേവതയല്ല. എന്തുഭയങ്കരം!" പാസ്പാർട്ടുവാണിങ്ങനെപറഞ്ഞതു്.

മിണ്ടാതിരിക്കാൻ പാഴ്സി ആംഗ്യം കാട്ടി. വിഗ്രഹത്തിന്നുചുററും ഒരുക്കൂട്ടം കാപാലികന്മാർ ബോധ രഹിതരായി നൃത്തം ചെയ്തുകൊണ്ടിരുന്നു. അവരുടെ ശരീരമാകമാനം ഒരുതരം മഞ്ഞച്ചെളിപൂശി നിറം പിടിപ്പിച്ചിരുന്നു. ഇടയ്ക്കിടെ അവരുടെ ശരീരത്തി ലുള്ള മുറിവുകളിൽക്കൂടി രക്തം തുള്ളിതുള്ളിയായി വീണുകൊണ്ടിരുന്നു. കാപാലികന്മാരുടെ പിന്നിൽ ഒരു ക്കൂട്ടം ബ്രാഹ്മണരാണു്. അവർ ഒരു സ്ത്രീയെ വലിച്ചി ഴച്ചു മുന്നോട്ടു കൊണ്ടുപോകുന്നു.

അതിസുന്ദരിയായ ഒരു യുവതി. അവളുടെ തലയിലും, കഴുത്തിലും, കൈയിലുമെല്ലാം ധാരാളം ആഭരണങ്ങൾ ഉണ്ടു്. കസവുകരയുള്ള ഒരു പട്ടുവസ്ത്രമാണു് അവൾ ധരിച്ചിരിക്കുന്നതു്. ആ സ്ത്രീയുടെ പിന്നാലെ ആയുധധാരികളായ ഏതാനും ആളുകൾ ഗൗരവപൂർവ്വം നടക്കുന്നു. അവർക്കു് അരപ്പട്ടകളിൽ തൂക്കിയിട്ട ചെറു തോക്കുകളുമുണ്ടു്. കാവൽഭടന്മാരുടെമദ്ധ്യേ നാലുപേർ പുഷ്പാലംകൃതമായ ഒരു ശവമഞ്ചം വഹിച്ചുകൊണ്ടു നടന്നിരുന്നു.

ഒരു പടുവൃദ്ധനാണു് മഞ്ചലിൽ മരിച്ചുകിടക്കുന്നതു്. ശവദാഹ സംഗീതവും, വേദമന്ത്രങ്ങളും ഉച്ചരിച്ചുകൊണ്ടു് വേറെചില ബ്രാഹ്മണർ മഞ്ചലിൻെറ മുന്നിലും പിന്നിലുമുണ്ടു്.

സർ ഫ്രാൻസിസ്സാകട്ടെ വ്യസനത്തോടുകൂടി ആ ഘോഷയാത്രയെനോക്കി നിൽക്കുകയാണു്. വഴികാട്ടിയുടെ നേർക്കുതിരിഞ്ഞു് അദ്ദേഹം പറഞ്ഞു. “ഇതൊരു സതിയാണു്. അല്ലേ?” പാഴ്സി തലയാട്ടിക്കൊണ്ടു് മിണ്ടരുതെന്നു് ആംഗ്യം കാണിച്ചു. ഘോഷയാത്ര കടന്നുപോയി.

“സതി? എന്താണു സതി?” ഫാഗ് ചോദിച്ചു.

“സതിയെന്നുവച്ചാൽ അതൊരു നരബലിയാണു്. പക്ഷെ സ്വമേധയാ ചെയ്യുന്നു എന്നൊരു വ്യത്യാസ

മുണ്ട്. നാമീക്കണ്ട സ്ത്രീയെ നാളെ പ്രഭാതത്തിൽ ജീവ നോടെ ദഹിപ്പിക്കാൻ പോവുകയാണ്."

"ഇതു സ്വമനസ്സാലെയുള്ള ഒരു സതിയല്ല." പാഴ്സി ഇടയിൽ പറഞ്ഞു.

"നിങ്ങൾക്കെങ്ങനെയറിയാം." ഫിലിയസ് ഫാഗ് പാഴ്സിയോടു ചോദിച്ചു.

"ബന്ദൽഖന്ദിലുള്ള എല്ലാവർക്കും ഈ കഥയറിയാം" സർ ഫ്രാൻസിസ് പറഞ്ഞു. "പക്ഷെ, ഈ പാവം തടസ്സമൊന്നും കാണിച്ചില്ലല്ലോ!"

പാഴ്സി. "അയ്യോ! ആ പാവത്തിനെ കറുപ്പുകൊടുത്തു മയക്കിയിരിക്കുകയാണ്."

"ആ സ്ത്രീയെ അവരെവിടെയാണു കൊണ്ടുപോകുന്നതു്."

"ഇവിടെനിന്നു് രണ്ടുമൈൽ ദൂരമുള്ള പാലാജി ക്ഷേത്രത്തിലേക്കാണ്. രാത്രിമുഴുവൻ അവർ ആ ക്ഷേത്രത്തിൽ കഴിച്ചുകൂട്ടണം." ഇത്രയും പറഞ്ഞിട്ട് പാഴ്സി ആനയെ അഴിച്ചു് അതിൻെറ കഴുത്തിൽകയറി. അയാൾ ആനയെ മുന്നോട്ടുനടത്തിയപ്പോൾ വേണ്ടെന്നു് ഫിലിയസ് ഫാഗ് വിലക്കി. അദ്ദേഹം സർ ഫ്രാൻസിനോടു ചോദിച്ചു. "നമുക്കീസ്ത്രീയെ രക്ഷിച്ചാലെന്തു്?"

"ആ സ്ത്രീയെ രക്ഷിക്കയോ?" ജനറൽ അത്ഭുതപ്പെട്ടു.

"എന്തുകൊണ്ടു പാടില്ല.? എനിക്കൊരു പന്ത്രണ്ടു മണിക്കൂർ ലാഭം കിട്ടിയിട്ടുണ്ട്. ആ സമയം ഇതിനു വേണ്ടി ഉപയോഗിച്ചാലെന്ത്?."

"അങ്ങയുടെ ആഗ്രഹം നല്ലതുതന്നെ."

"സൗകര്യമുണ്ടെങ്കിൽ ഞാനാ ആഗ്രഹം നിറവേറ്റുകയും ചെയ്യും."

---

അദ്ധ്യായം 7.

# ഒരാത്മാവിനെ മരണത്തിൻെറ വായിൽനിന്നും പിടിച്ചെടുക്കുന്നു.

ഫിലിയസ്സ് ഫാഗിൻെറ ഉദ്ദേശം പ്രയാസംകൂടാതെ സാധിക്കാവുന്ന ഒന്നായിരുന്നില്ല. ഈ ഉദ്യമത്തിൽ ചിലപ്പോൾ ജീവാപായംതന്നെ സംഭവിച്ചേക്കുമെന്നു് അദ്ദേഹത്തിന്നറിയാമായിരുന്നു. എങ്കിലും അദ്ദേഹം പിന്മാറാൻ നിശ്ചയിച്ചില്ല. സർ. ഫ്രാൻസിസ്സ് ഒരു നല്ല കൂട്ടുകാരനാണു്. പാഴ്സിയുടെ മനോഭാവമെന്താണെന്നറിയാൻ ഫാഗ് ആഗ്രഹിച്ചു.

"സർ. ഞാനൊരു പാഴ്സിയാണ്. ഈ സ്ത്രീയുമൊരു പാഴ്സിയാണ്. ഈ സൽക്കാര്യത്തിൽ എന്നാലാവുന്നതു ഞാനും ചെയ്യാം.' പാഴ്സി അയാളുടെ സന്നദ്ധത പ്രകടിപ്പിച്ചു. ഹതഭാഗ്യയായ ആ സ്ത്രീയെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ പാഴ്സി പറഞ്ഞു കേൾപ്പിച്ചു. ബാംബെയിലെ ഒരു പണക്കാരൻ കച്ചവടക്കാരൻെറ മകളാണവർ. നല്ലതുപോലെ ഇംഗ്ലീഷ് പഠിച്ചിട്ടുണ്ടു്. പെരുമാററത്തിലും ഭാവത്തിലും ഒരു ഇംഗ്ലീഷുകാരിയാണെന്നേ തോന്നൂ. 'ആവുഡാ' എന്നാണവളുടെപേരു്. കൊച്ചിലെ അച്ഛനമ്മമാർ മരിച്ചു

പോയി. അവളുടെ അനിഷ്ടം വകവെയ്ക്കാതെയാണ് ബന്ദൽഖണ്ഡിലെ വൃദ്ധനായ രാജാവിനെക്കൊണ്ട് വിവാഹം കഴിപ്പിച്ചതു്. വിവാഹശേഷം മൂന്നുമാസമേയായുള്ളു, ഭർത്താവു് മരിച്ചു. അവൾക്കറിയാം അവളാവൃദ്ധന്റെ ചിതയിൽചാടി ചാകേണ്ടിവരുമെന്നു്. 'ആവൂദാ' ഒളിച്ചോടി. രാജാവിന്റെ ബന്ധുക്കൾ അവളെ അന്വേഷിച്ചുപിടികൂടി. ഇനി അവൾക്കു രക്ഷയില്ല. ചിതയിൽ ചാടി മരിച്ചേമതിയാവൂ.

ഈ കഥ കേട്ടപ്പോൾ ഫാഗിന്റെയും കൂട്ടുകാരുടെയും നിശ്ചയം ഒന്നുകൂടി ദൃഢമായി. എങ്ങിനെയെങ്കിലും ആവൂദായെ രക്ഷിക്കണം എന്നു് അവർ ഉറച്ചു. പാലാജി ക്ഷേത്രത്തിനടുത്തേക്കു് ആനയെ തിരിച്ചുവിടാൻ ഫാഗ് പാഴ്സിയോടു പറഞ്ഞു. അരമണിക്കൂർ നേരത്തെ യാത്രകൊണ്ടു് അവർ ക്ഷേത്രത്തിന്നു് ദൂരവാര അകലെയുള്ള ഒരു കാട്ടിലെത്തി. ഘോഷയാത്രയുടെ ബഹളവും മന്ത്രോച്ചാരണങ്ങളും അപ്പോഴും കേൾക്കാനുണ്ടു്.

രാത്രിയാകുന്നതുവരെ ഫാഗും കൂട്ടരും കാട്ടിൽ കഴിഞ്ഞുകൂടി. ഇരുട്ടാകുമ്പോൾ ക്ഷേത്രത്തിൽ കടക്കണമെന്നാണവർ നിശ്ചയിച്ചതു്. പക്ഷെ, ക്ഷേത്രത്തെ എങ്ങനെ സമീപിക്കാനാണു്. രാജാവിന്റെ ആളുകൾ അതിന്നു ചുറ്റുമുണ്ടു്. വാളൂരിപ്പിടിച്ച കാവൽക്കാർ പന്തവുമായി ക്ഷേത്രവാതുക്കൽ നിന്നിരുന്നു, അകത്തു് പുരോ

ഷിതന്മാരും ശ്രദ്ധാപൂർവ്വം നിൽക്കുകയാവാം. ക്ഷേത്രത്തിൽ കടക്കാൻ യാതൊരു നിർവ്വാഹവുമില്ല. അർദ്ധരാത്രിയാകുന്നതുവരെ അവർ കാട്ടിനുള്ളിൽ കാത്തിരുന്നു. അർദ്ധരാത്രി കഴിയുമ്പോൾ കാവൽക്കാരെല്ലാം മദ്യം സേവിച്ച് കൂർക്കം വലിക്കുമെന്നാണവരുടെ പ്രതീക്ഷ. ഇതിനിടയിൽ പാസ്സ്പാർട്ട ഒരു മരത്തിൻെറ കൊമ്പിൽ കയറിയിരുന്ന് തല പുകഞ്ഞാലോചിക്കുകയാണ്. "ഉം! എന്തുകൊണ്ടു പാടില്ല! ഈ ഘാതകന്മാരോടതേനടക്കൂ!" അയാൾ സ്വയം പിറുപിറുത്തു. ഒരു പാമ്പിനെപ്പോലെ പാസ്പാർട്ട മരത്തിൽ നിന്നിഴഞ്ഞിറങ്ങി. നേരമേതാണ്ടു വെളുക്കാറായിട്ടുണ്ട്. എങ്കിലും ഇരുട്ടുനീങ്ങിയിട്ടില്ല. ക്ഷേത്രത്തിനുള്ളിൽ എല്ലാപേരും ഉറക്കമാണ്. അവർ എഴുന്നേൽക്കാറായിരിക്കുന്നു. അങ്ങിങ്ങായിചില ഒച്ചകൾ കേട്ടുതുടങ്ങി. ആളുകൾ സംസാരിക്കുകയാണ്. ഭേരികൾ മുഴങ്ങിത്തുടങ്ങി. സങ്കീർത്തനങ്ങളും മന്ത്രങ്ങളും ഉയന്നു. ക്ഷേത്രവാതുക്കൽ ആൾക്കൂട്ടം കാണാറായി. അതിൻെറ ഇടയിൽക്കൂടി അർദ്ധബോധാവസ്ഥയിൽ ആ സ്ത്രീയെ വലിച്ചിഴച്ചുകൊണ്ടു വരികയാണ്. കാപാലികന്മാർ അവളെ അനുഗമിക്കുന്നുണ്ട്. ഘോഷയാത്ര മുന്നോട്ടുനീങ്ങി. ഫിലിയസ് ഫോഗും കൂട്ടുകാരും ഘോഷയാത്രയെ അനുഗമിച്ചു. രണ്ടുമിനിട്ടിനകം എല്ലാവരും അടുത്തുള്ള നദീപ്രാന്തത്തിലെത്തി

ഒരു അൻപതുവാര അകലെയുള്ള ചിതയിൽ പരേത ൻെറ മൃതദേഹം കിടത്തിയിരുന്നു. മൃതദേഹത്തോടു ചേർത്ത് ബോധശൂന്യയായ വിധവയെയും കിടത്തി. അവർക്ക ചലനമേയില്ല. കത്തിച്ച ഒരുപന്തം ഒരാൾ ചിതയിൽവച്ചു. ധാരാളം എണ്ണയൊഴിച്ചു കത്തിനിന്നിരുന്ന ചിതയിൽ തീ പടന്നുപിടിച്ചു. പെട്ടെന്ന് ഒരു ഭയങ്കര ശബ്ദവും പരിസരങ്ങളിൽ മാറെറാലിക്കൊണ്ടു, ചിതയിൽനിന്നുതന്നെ! രാജാവുമരിച്ചിട്ടില്ല. അദ്ദേഹം അതാ എഴുന്നേററു നിൽക്കുന്നു. ഭാര്യയെ പൊക്കിയെടുത്തു കൈകളിലാക്കിക്കൊണ്ടു് തീജ്വാലയ്ക്കിടയിൽക്കൂടി ഒരു പിശാചിനെപ്പോലെ അയാൾ കുതിച്ചുചാടി. കാപാലികന്മാരും കാവൽക്കാരും, പുരോഹിതന്മാരും മററു് ചുററുംനിന്നവരും ഭയംകൊണ്ടു വിറച്ചുപോയി. ചിലർ കണ്ണടച്ചു. ചിലർ കമിഴ്ന്നുവീണു. എന്തൊരു ഭയങ്കരമായ സംഭവമാണു്. ബലിഷ്ഠനായ ആ മനുഷ്യൻെറ കൈകളിൽ പാവപ്പെട്ട വിധവ നിശ്ചേഷ്ടയായി കിടക്കുകയാണ്. ഫോഗും, സർ ഫ്രാൻസിസും നിന്നനിലയിൽ അനങ്ങാതെ നിന്നുപോയി. ആനക്കാരൻ പാഴ്സി തലകുനിച്ചു്, കണ്ണടച്ചു്, ധ്യാനത്തിലെന്നപോലെനിൽക്കുകയാണ്.

ഉയത്തെഴുന്നേററ രാജാവു് ആവൃദ്ധയെ ഒരു പുൽക്കൊടിപോലെ എടുത്തുകൊണ്ടു്, സർ ഫ്രാൻസിസ്സി

ൻേറയും ഫാഗിൻേറയും സമീപത്തേക്കുവന്നു. "പോകാം! പോകാം! വേഗം! വേഗം!'' അയാരം പറഞ്ഞു. അതു പാസ്പാർട്ടു അല്ലാതെ മററാരുമായിരുന്നില്ല. അയാരം മരത്തിൽ ഇരുന്നു് ആലോചിച്ചവിദ്യ പ്രയോഗത്തിൽ വരുത്തിയതാണു്. ചിതയിൽ കിടന്ന രാജാവിൻേറ മൃതദേഹത്തെ പൊക്കിനിറുത്തി ആളുകളെ ഭയപ്പെടുത്തിയിട്ടു് ആ തക്കംനോക്കി ആവൂദായേയുംകൊണ്ടു് ചാടുകയാണു പാസ്പാർട്ടു ചെയ്തതു്. നൊടിയിടയിൽ നാലുപേരും കാട്ടിനുള്ളിൽമറഞ്ഞു. ആന അവരെയുംകൊണ്ടു് അതിവേഗം പാഞ്ഞു. പക്ഷെ അവരുടെപിന്നാലെ വലിയ ബഹളവും ഒച്ചപ്പാടും കേട്ടുതുടങ്ങി. ഫിലിയസ് ഫാഗിൻേറ തൊപ്പിയുടെ അരികിൽക്കൂടി ഒരു വെടിയുണ്ട പറന്നുപോയി. പാസ്പാർട്ടുവിൻേറ കള്ളി പുറത്തായെന്നു് സഞ്ചാരികരം മനസ്സിലാക്കി. ആനക്കാരൻ പാഴ്സി ആനയെ അതിവേഗം പായിച്ചു. രാജാവിൻേറ കാവൽ സൈന്യത്തിൽ ചിലർ പുറകേ ഓടിവരുന്നുണ്ടായിരുന്നു. ഒന്നുരണ്ടു വെടിയുണ്ടകരംക്കൂടി അവരെ ലക്ഷ്യമാക്കി പാഞ്ഞു. ഒരുമണിക്കൂർ കഴിഞ്ഞപ്പോരം അവർ കാവൽക്കാരിൽനിന്നും വളരെ ദൂരം അകന്നിരുന്നു. പിന്നീടാരും അവരെ അനുഗമിച്ചതായി കണ്ടില്ല.

വിധവയായയുവതി അപ്പോഴും ബോധശൂന്യയാണു്. അവളെ ഒരു ബ്ളാങ്കററിൽ മൂടിപ്പുതപ്പിച്ചു സൂക്ഷിച്ചിരിക്കുകയാണു്. കാലത്തു പത്തുമണിയോടുക്കൂടി അല

ഹബാദ്ദ സമീപിച്ചു എന്നു് വഴികാട്ടി അറിയിച്ചു. അ
വർ താമസിയാതെ തീവണ്ടിയാഫീസിലെത്തി.

അലഹബാദിൽനിന്നും കൽക്കട്ടയിലേക്കു് 24 മണി
ക്കൂർ നേരത്തെയാത്രമതി. അതുകൊണ്ടു് ഒക്ടോബർ
25-ാം തീയതിതന്നെ ഹോങ്കോങ്ങിലേക്കുള്ള കപ്പൽ
കിട്ടുമെന്നു് ഫിലിയസ്ഫാഗ് സന്തോഷിച്ചു. ആവൂ
ദായ്ക്കു് അപ്പോഴും ബോധം വീണിട്ടില്ല. എന്നാൽ ഭയ
പ്പെടാനുള്ള കാര്യമില്ലെന്നു് സർ ഫ്രാൻസിസ് പറ
ഞ്ഞു. പക്ഷെ ഒരു വിഷമം ശേഷിക്കുന്നുണ്ടു്. ആവൂദായെ
ഇന്ത്യയിൽ വിട്ടിട്ടുപോയാൽ രാജാവിൻെറ ബന്ധുക്കൾ
വീണ്ടും അവളെ പിടികൂടും. ഏതായാലും തീവണ്ടിയാ
ഫീസിലെ വിശ്രമമുറിയിലേക്കു പോവുകതന്നെയെന്നു്
ഫിലിയസ്ഫാഗു പറഞ്ഞു. വിശ്രമമുറിയിൽ കിടത്തി
കുറച്ചുനേരം കഴിഞ്ഞപ്പോൾ ആവൂദായ്ക്കു് ബോധം തെ
ളിഞ്ഞു. അവളുടെ തിളങ്ങുന്ന കണ്ണുകൾ സാവധാനം
തുറന്നു. പാസ്പാർട്ടു ഇതിനിടയിൽ പോയി ആവൂദാ
യ്ക്കു് ആവശ്യമുള്ള വസ്ത്രങ്ങൾ വാങ്ങിക്കൊണ്ടുവന്നു.

കൽക്കട്ടായ്ക്കുള്ള തീവണ്ടി പുറപ്പെടാനുള്ള സമ
യമായി. ഫിലിയസ്ഫാഗ് ആനക്കാരൻ പാഴ്സിക്കു്,
പ്രതിഫലംകൊടുത്തു. ഒററക്കാശും കൂടുതൽ കൊടു
ത്തില്ല. പാസ്പാർട്ടുവിനു് ഇതിൽ അത്ഭുതംതോന്നി.
ജീവൻ ബലികഴിച്ചും തങ്ങളെ സഹായിച്ച പാഴ്സി
യോടു് എന്തുമാത്രം കടപ്പാടാണു് അവർക്കുള്ളതു്!

'കീയൂണി'യെ എന്തുചെയ്യാനാണ്.! എന്തുചെയ്യണമെന്ന് ഫിലിയസ് ഫാഗിനറിയാം. അദ്ദേഹം പാഴ്സിയോടുപറഞ്ഞു. "നിങ്ങളുടെ സേവനത്തിന് വളരെ നന്ദി! അതിനുള്ള പ്രതിഫലവും ഞാൻ തന്നുകഴിഞ്ഞു. പക്ഷെ, ഞങ്ങളോടുകാണിച്ച വിശ്വസ്ഥതയ്ക്കു് യാതൊരു പ്രതിഫലവും ഞാൻ തന്നിട്ടില്ല. ഞങ്ങളെ രക്ഷിച്ച ധീരതയ്ക്കു് ഞാൻതന്ന തുക ഏതും പോരാ. നിങ്ങൾ ഈ ആനയെ കൊണ്ടുപൊയ്ക്കൊള്ളു; അവൻ നിങ്ങളുടേതായിരിക്കട്ടെ." പാഴ്സിക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാവതല്ല.

"അങ്ങ് എന്നെയൊരുധനികനാക്കി. ഞാനങ്ങയെ മറക്കുകയില്ല." പാഴ്സിയുടെ കണ്ണുകൾ നിറഞ്ഞുപോയി.

"ഞാൻ ചെയ്യേണ്ടതുപോലെ ചെയ്തിട്ടില്ല. ഞാനിനിയും നിങ്ങൾക്കു കടപ്പെട്ടവനാണ്." ഫാഗ് പാഴ്സിയെ ആശ്വസിപ്പിച്ചു. പാഴ്സിക്കു വന്ദനം പറഞ്ഞിട്ട് നമ്മുടെ സഞ്ചാരികൾ ആവൂദായൊന്നിച്ച് തീവണ്ടിയിൽ കയറി. രണ്ടു മണിക്കൂറിനകം അവർ ബനാറസ്സിലെത്തും.

ആവൂദായ്ക്കു് പൂർണ്ണ സുഖമായി. ഒരു മദാമ്മയുടെ വേഷത്തിൽ അപരിചിതരായ മൂന്നു വെള്ളക്കാരൊന്നിച്ച് ഇരിക്കുന്നതിൽ അവൾക്കത്ഭുതം തോന്നി. ആവൂദായെരക്ഷിച്ച കാര്യമെല്ലാം ജനറൽ അവളെ പറഞ്ഞുകേ

രംപ്പിച്ചു. ആ യുവതിയുടെ കൃതജ്ഞതാനിർഭരമായ കണ്ണുനീർക്കണങ്ങളാണതിനുത്തരം പറഞ്ഞതു്. ആവൃദ്ധയുടെ അപ്പോഴത്തെ സ്ഥിതി ഓർത്തപ്പോൾ അവൾ വല്ലാതൊന്നമ്പരന്നു. അവളുടെ ഭാവിയെപ്പററി അവൾക്കു പരിഭ്രാന്തിതോന്നി. ഫിലിയസ് ഫാഗ് അവളെ ആശ്വാസവചനങ്ങൾകൊണ്ടു് സമാധാനപ്പെടുത്തിക്കൊണ്ടിരുന്നു.

പന്ത്രണ്ടരമണിക്കു് വണ്ടി ബനാറസ്സിലെത്തി. സർ ഫ്രാൻസിസ് അവിടെ ഇറങ്ങി. അദ്ദേഹം ഫിലിയസ് ഫാഗിനു് വിജയം നേർന്നുകൊണ്ടു് പിരിഞ്ഞു പോയി. അടുത്തദിവസം കാലത്തു് ഏഴുമണിക്കു് സഞ്ചാരികൾ കൽക്കട്ടയിലെത്തി. ഉച്ചയ്ക്കേ കപ്പൽ ഹോങ്ങ് കോങ്ങിലേക്കു തിരിക്കുകയുള്ളൂ. അതിനിടയിൽ നാലഞ്ചുമണിക്കൂർ സമയമുണ്ടു്. ഫാഗിൻെറ കണക്കനുസരിച്ചു് ഒക്ടോബർ ഇരുപത്തഞ്ചിനാണു് കൽക്കത്തയിൽ എത്തേണ്ടതു്. അന്നുതന്നെ അദ്ദേഹം അവിടെ എത്തുകയും ചെയ്തു. ഇതുവരെ അദ്ദേഹത്തിനു സമയലാഭമോ നഷ്ടമോ ഉണ്ടായിട്ടില്ല. ലണ്ടനും ബോംബെയ്ക്കുമിടയ്ക്കുവച്ചു് അദ്ദേഹത്തിനു ലാഭമായ രണ്ടുദിവസം ഇതിനകം നഷ്ടപ്പെട്ടിരുന്നു. എന്നാൽ ഈ നഷ്ടം ഫാഗ് അത്ര സാരമാക്കിയില്ല.

—:o:—

അദ്ധ്യായം 8

# പണസഞ്ചിവീണ്ടും ചോൻ പോകുന്നു.

തീവണ്ടി, കൽക്കത്തയിലെത്തി. സഞ്ചാരികൾ വണ്ടിയിൽനിന്നിറങ്ങി. ഫിലിയസ് ഫാഗ് നേരേ ഹോങ്കോങ്ങ് കപ്പലിലേക്കു പോകുവാനും ആവൂദായുടെ സുഖകരമായ യാത്രയ്ക്കു് ഏർപ്പാടു ചെയ്യാനുമാണുദ്യമിച്ചതു്. അദ്ദേഹം സ്റ്റേഷനിൽനിന്നു പുറത്തേക്കിറങ്ങിയപ്പോൾ ഒരു പോലീസുദ്യോഗസ്ഥൻ അടുത്തുചെന്നു് ഇപ്രകാരം ചോദിച്ചു. "താങ്കളല്ലേ, മിസ്റ്റർ. ഫിലിയസ് ഫാഗ്!"

"അതേ. ഞാൻ തന്നെ."

"ഇതു്, അങ്ങയുടെ പരിചാരകൻ. അല്ലേ?"

"അതേ, എൻെറ പരിചാരകൻ തന്നെ."

"നിങ്ങൾ രണ്ടുപേരും ദയവുചെയ്തു എന്നോടുകൂടി വരണം."

സംഗതി എന്തെന്നു മനസ്സിലാകാതെ ഫാഗ് അത്ഭുതപ്പെട്ടു. "ഈ യുവതികൂടി ഞങ്ങളെ അനുഗമിക്കുന്നതിൽ തെററുണ്ടോ?" ഫാഗ് പോലീസുകാരനോടു ചോദിച്ചു.

"ഇല്ല. അവർക്കും വരാം." പോലീസുകാരൻ പറഞ്ഞു. അയാൾ യാത്രക്കാരെ മൂന്നുപേരെയും ഒരു ഇരട്ടക്കുതിരവണ്ടിയുടെ സമീപത്തേക്കു കൊണ്ടുപോയി. എല്ലാവരും വണ്ടിയിൽ കയറി. ഇരുപതുമിനിററു സമയം അവർ ആ വണ്ടിയിൽ യാത്രചെയ്തിരിക്കും. ഇതിനകം ആരും ഒന്നും മിണ്ടിയില്ല. അതിനുശേഷം വണ്ടി ഒരു കെട്ടിടത്തിൻെറ മുമ്പിൽ നിറുത്തി. പോലീസുകാരൻ യാത്രക്കാരെ ഇറക്കി ആ കെട്ടിടത്തിലേക്കു കൊണ്ടുപോയി. അവരെ ഇരുമ്പഴിയുള്ള ഒരു മുറിയിൽ കയററി കതകടച്ചു. "എട്ടര മണിക്ക് നിങ്ങളെ ജഡ്ജിയുടെ മുമ്പിൽ ഹാജരാക്കും." ഇത്രയും പറഞ്ഞ് പോലീസുകാരൻ പോയി.

"അപ്പോൾ നാം തടവുകാരാണ്, അല്ലേ. പാസ്പാർട്ടു വ്യാകുലതയോടെ ആരോടെന്നില്ലാതെ ചോദിച്ചു. "കപ്പൽ ഉച്ചയ്ക്കു വിടുമല്ലോ."

"പന്ത്രണ്ടു മണിക്കുമുമ്പ് നാം കപ്പലിൽ ഇരിയ്ക്കും" ഫിലിയസ് ഫാഗ് ശാന്തതയോടെ പറഞ്ഞു.

എട്ടര മണിക്ക് പോലീസുകാരൻ വന്ന് അവരെ അടുത്ത മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അതൊരു

നീതിന്ന്യായക്കോടതിയായിരുന്നു. യൂറോപ്പ്യൻമാരും നാട്ടുകാരുമായി അനേകമാളുകൾ അവിടെ കൂടിയിട്ടുണ്ടു്. യാത്രക്കാർ മൂന്നുപേരും ജഡ്ജിക്കെതിരെ ഒരു ബെഞ്ചിൻ ഇരുന്നു. ജഡ്ജി, മുറിയിൽ പ്രവേശിച്ചു. ഗുമസ്തനും കൂടെയുണ്ടു്.

"ആദ്യത്തെ കേസ്സ്.!" ജഡ്ജി പറഞ്ഞു.

"ഫിലിയസ്സ് ഫാഗ്!" ഗുമസ്തൻ ഉറക്കെവിളിച്ചു.

"ഞാനിവിടെയുണ്ടു്." ഫാഗ് മറുപടി പറഞ്ഞു.

"പാസ്സ്പാർട്ടു!"

"ഹാജരുണ്ടു്." പാസ്സ്പാർട്ടു പറഞ്ഞു.

"ഭേഷ്! കഴിഞ്ഞ രണ്ടു ദിവസമായി നിങ്ങളെ ഞങ്ങൾ ബോംബെയിൽനിന്നു വരുന്ന തീവണ്ടി മുഴുവൻ അന്വേഷിക്കുകയായിരുന്നു."

"ഞങ്ങൾ എന്താണു കുററം ചെയ്തതെന്നു് ദയവായിഅറിയിക്കണം.?" പാസ്സ്പാർട്ടു അക്ഷമനായി ചോദിച്ചു.

"പറയാം. വാദികൾ ഹാജരാകട്ടെ!" ജഡ്ജി പറഞ്ഞുതീരുന്നതിനുമുമ്പ് വാതിൽ തുറന്നു മൂന്നു ഹൈന്ദവ പുരോഹിതന്മാർ അകത്തുകടന്നു.

"ഓഹോ,! ഇപ്പോൾ മനസ്സിലായി. ഈ യുവതിയെ ജീവനോടെ ചുടാൻ ഭാവിച്ച ഘാതകന്മാരാണവർ." പാസ്സ്പാർട്ടുവാണിങ്ങനെ പറഞ്ഞതു്. വാദികൾ

ജഡ്ജിയുടെ മുമ്പിൽതന്നെ നിന്നു. ഗുമസ്തൻ ഫാഗി ൻെറയും പാസ്പാർട്ടുവിൻെറയും മേലുള്ള ചാർജ്ജ ഷീററു വായിച്ചു. ഒരു ശിവക്ഷേത്രം അശുദ്ധമാക്കി എന്നുള്ളതാണു് കേസ്.

"നിങ്ങളീ ചാർജ്ജുകേട്ടോ?" ജഡ്ജി ചോദിച്ചു.

"കേട്ടു. ഞാനതു സമ്മതിക്കുകയും ചെയ്യുന്നു" ഫിലിയസ്ഫാഗ് മറുപടി പറഞ്ഞു.

"പ്രതികളിൽ ഒരാരംചെയ്ത കുററത്തിൻെറ തെളിവായി ഇതാ, രണ്ടു ഷൂസ് ഹാജരാക്കിയിരിക്കുന്നു. അയാരം ഷൂസിട്ടുകൊണ്ടു് ക്ഷേത്രത്തിൽ കടന്നു." ഗുമസ്തൻ അയാളുടെ മുമ്പിലിരുന്ന മേശപ്പുറത്തു് പാസ്പാർട്ടുവിൻെറ ഷൂസ് എടുത്തുവച്ചു.

"എൻെറ ഷൂസ്!" പാസ്പാർട്ടു അറിയാതെ വിളിച്ചു പറഞ്ഞുപോയി.

പാസ്പാർട്ടു ബോംബെയിലെ ഒരു ക്ഷേത്രത്തിൽ ചെരിപ്പിട്ടുകൊണ്ടു കയറി. അങ്ങനെയാണു് അയാളും യജമാനനും കൽക്കത്തയിലെ കച്ചേരിയിൽ നിൽക്കാൻ ഇടയായതു്.

കുററാന്വേഷകനായ ഫിക്സാണു് ക്ഷേത്രസിൽബന്ധികളെക്കണ്ടു് കേസ് തയാറാക്കിച്ചതും അവരെ കൽക്കട്ടയിലേക്കയച്ചതും. ബോംബെക്കോടതിയിൽ

നിന്നും കമ്പിമാർഗ്ഗം കൽക്കത്തയിൽ വിവരമറിയിക്കുകയും കൽക്കത്തയിലെ ജഡ്ജി സഞ്ചാരികളെ അറസ്റ്റ് ചെയ്യാൻ ഉത്തരവാകയും ചെയ്തു. ഫിക്സും പുരോഹിതന്മാരും കൽക്കത്തയിലെത്തിയപ്പോൾ ഫിലിയസ് ഫാഗ് വന്നിരുന്നില്ല. ആവ്ഡായെ രക്ഷിക്കാനുള്ള ശ്രമത്തിൽ നേരിട്ട താമസമാണിതിനു കാരണം. ഇരുപത്തിനാലു മണിക്കൂർനേരം ഫിക്സ്, കൽക്കത്തയിലെ തീവണ്ടിയാഫീസിൽ കാത്തുകിടക്കേണ്ടിവന്നു. ഫാഗ് വണ്ടിയിറങ്ങുന്നതുകണ്ടു. ഉടൻതന്നെ ഫിക്സ് വിവരം പോലീസിനെ അറിയിച്ചു.

"അപ്പോൾ, നിങ്ങൾ കുററം സമ്മതിക്കുന്നു; അല്ലേ? ജഡ്ജി ചോദിച്ചു.

"അതേ." ഫിലിയസ് ഫാഗ് അല്പം നീരസത്തോടെ ഉത്തരം പറഞ്ഞു.

"ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും ഒരുപോലെ മതസ്വാതന്ത്ര്യം ഇംഗ്ലീഷ് നിയമം അനുവദിക്കുന്നുണ്ട്. ഏതെങ്കിലും വിഭാഗക്കാരുടെ മതവികാരങ്ങളെ വ്രണപ്പെടുത്തുന്നതു് ശിക്ഷാർഹമായ ഒരു കുററമായി ഗവണ്മെൻറു കണക്കാക്കുന്നു. ബോംബെയിലെ ഹിന്ദുക്ഷേത്രത്തിൽ പാസ്പാർട്ടു എന്ന ഇംഗ്ലീഷുകാരൻ ഒക്റേറാബർ ഇരുപതാം തീയതി ചെരിപ്പിട്ടുകൊണ്ടു കയറുകയും ക്ഷേത്രം അശുദ്ധമാക്കുകയും ചെയ്തു. പാസ്പാർട്ടു കുററം സമ്മതിക്കുന്നുമുണ്ട്. അയാൾക്ക് പതിനഞ്ചു

ദിവസം തടവും മൂവായിരം രൂപാ പിഴയും വിധിക്കുന്നു. എന്നാൽ ഒന്നാംപ്രതിയായ പാസ്പാർട്ടുവിന്റെ യജമാനനായ രണ്ടാംപ്രതി കുററം ഒന്നും ചെയ്തതായി കാണുന്നില്ല. പക്ഷെ, അയാളുടെ ശമ്പളക്കാരനായ ഒന്നാംപ്രതി കുററം ചെയ്തെന്നു വ്യക്തമായി സമ്മതിച്ചിരിക്കുകയാൽ ഒന്നാംപ്രതിയുടെ കുററത്തിന് രണ്ടാംപ്രതിക്കും ഉത്തരവാദിത്വമുണ്ടു്. രണ്ടാം പ്രതിയായ ഫിലിയസ്ഫാഗിനു് എട്ടുദിവസത്തെ തടവും ആയിരത്തി അഞ്ഞൂറു രൂപാ പിഴയും വിധിക്കുന്നു."

ഗുമസ്തൻ വിധിന്യായം വായിച്ചുതീന്നു. ഫിലിയസ്ഫാഗ് ഉടൻതന്നെ ജാമ്യാപേക്ഷ സമർപ്പിച്ചു.

"ശരി, നിങ്ങൾക്കതിന്നവകാശമുണ്ടു്." ജഡ്ജി സമ്മതിച്ചു. ഫിക്സ് കോടതിയുടെ ഒരു മൂലയിൽ നിന്നു് ഈ നടപടികളെല്ലാം കൗതുകപൂർവ്വം വീക്ഷിക്കുകയാണു്. ഫിലിയസ്ഫാഗ് എട്ടുദിവസം തടവിൽ കിടക്കുന്നതിനുമുമ്പു് ഇംഗ്ലണ്ടിൽനിന്നു വാറണ്ടു വന്നു ചേരുമെന്നു് അയാൾ സന്തോഷിച്ചു. ഫിലിയസ്ഫാഗും പരിചാരകനും തീരെ അപരിചിതരായതുകൊണ്ടു് ശരിയായ ഒരു ജാമ്യത്തുക കെട്ടിവയ്ക്കണമെന്നു് ജഡ്ജി അറിയിച്ചു. പതിനായിരം രൂപയാണു് ജാമ്യത്തുകയായി ജഡ്ജി നിശ്ചയിച്ചതു്.

"ഇതാ ഉറുപ്പിക!" പാസ്പാർട്ടുവിന്റെ കൈയിലിരുന്ന സഞ്ചിയിൽനിന്നു് ഫിലിയസ്ഫാഗ് പതി

നായിരം ഉറുപ്പിക എടുത്ത് മേശപ്പുറത്തു വച്ചു. അവർക്കുജാമ്യം കിട്ടി.

ഫിലിയസ്ഫാഗ് കച്ചേരിയിൽ നിന്നിറങ്ങി.

അദ്ദേഹം ഒരു വണ്ടിപിടിച്ച് പാസ്പാർട്ടവിനെയും ആവൂദായെയും കയററി തുറമുഖത്തേക്കു തിരിച്ചു. അപ്പോൾ മണി പതിനൊന്നടിച്ചു.

റങ്കൂൺ എന്ന കപ്പൽ അരമൈൽ അകലെയായി കൊടിപാറിച്ചുകൊണ്ടു കിടന്നിരുന്നു. ഫിലിയസ്ഫാഗും അനുയായികളും ഒരു ബോട്ടിൽ കയറി കപ്പലിലേക്കുതിരിച്ചു. അവരെ അനുഗമച്ചിരുന്ന ഫിക്സും ഇങ്ങനെ പിറുപിറുത്തു. "ഹും! അവൻ പോകുന്നു. പതിനായിരം ഉറുപ്പിക കാററിൽ പറത്തിയിട്ട്! ധൂർത്തൻ, ഇവൻ കള്ളൻതന്നെ. ഞാനിവനെ പിൻതുടരും. വേണ്ടിവന്നാൽ ഭൂലോകത്തിൻെറ അററംവരെ. പക്ഷേ, ഇങ്ങനെയാണെങ്കിൽ അവൻ കട്ടെടുത്ത പണം മുഴുവൻ എളുപ്പത്തിൽ തുലയും." ഫിലിയസ്ഫാഗിനു ഇതിനകം അയ്യായിരം പവനിൽ കൂടുതൽ ചെലവായിരുന്നെന്നുള്ളതുശരിതന്നെ. അദ്ദേഹം കൊണ്ടുപോന്നിരുന്ന വൻതുക വളരെവേഗം ശോഷിച്ചു വരികയായിരുന്നു.

അദ്ധ്യായം 9

# ഫിക്സിന പിടികിട്ടുന്നില്ല.

പി ആൻഡ് ഒ. കമ്പനിവക റങ്കൂൺ എന്ന കപ്പൽ ഇന്ത്യാ, ചൈന, ജപ്പാൻ എന്നീ രാജ്യങ്ങളിലായി സഞ്ചരിച്ചു കൊണ്ടിരിക്കുകയാണ്. നമ്മുടെ യാത്രക്കാർ മലാക്കാ കടലിടുക്കു കഴിഞ്ഞു് ചീനക്കടലിൽ പ്രവേശിച്ചു. കുററാന്വേഷകനായ ഫിക്സാകട്ടെ ഫിലിയസ്ഫാഗിനെ അറസ്ററു ചെയ്വാനുള്ള വാറണ്ടു വന്നുകഴിഞ്ഞാൽ ഉടൻതന്നെ അതു് ഹോങ്കോങ്ങിലേക്കയക്കണമെന്നേർപ്പാടു ചെയ്തിട്ടു് രഹസ്യമായി റങ്കൂൺകപ്പലിൽ കടന്നുകൂടിയിരിക്കയാണ്. പാസ്പാർട്ടു കാണാതെ കപ്പലിൽ ഒളിച്ചു കഴിയണമെന്നായിരുന്നു അയാളുടെ വിചാരം. എന്നാൽ സാഹചര്യങ്ങൾ അതിനനുവദിച്ചില്ല.

ഹോങ്കോങ്ങിൽവച്ചു് ഫിലിയസ്ഫാഗിനെ അറസ്ററുചെയ്യാമെന്നാണ് അയാളുടെ വിശ്വാസം. ചൈനയിലോ,ജപ്പാനിലോ, അമേരിക്കയിലോ, ആണെങ്കിൽ പ്രത്യേക വാറണ്ടുകൂടാതെ ഫാഗിനെ അറസ്ററു ചെയ്യാൻ സാദ്ധ്യമല്ല. കപ്പൽ സിംഗപ്പൂരിൽ അടുക്കു

മ്പോൾ കമ്പിമൂലം ഹാങ്ങ്കോങ്ങിലേക്കു വിവരം അറിയിക്കണമെന്നാണ് ഫിക്സ് വിചാരിച്ചതു്. അതുകൊണ്ടു് പാസ്പാർട്ടുവിൽനിന്നും കഴിയുന്നത്ര വിവരങ്ങൾ ശേഖരിക്കണമെന്നു് അയാൾ ഉറച്ചു.

ഒക്റ്റോബർ 3-ാം തീയതിയായി. പിറേറദിവസമാണ് കപ്പൽ സിംഗപ്പൂരിലടുക്കുന്നതു്. അന്നു് ഫിക്സ് കപ്പൽത്തട്ടിലേക്കു കടന്നുചെന്നു. പാസ്പാർട്ടു കപ്പൽത്തട്ടിൽ അങ്ങോട്ടുമിങ്ങോട്ടും ലാത്തുകയാണ്. അവിചാരിതമായി ഫിക്സിനെ കണ്ടപ്പോൾ പാസ്പാർട്ടുവിനു് വലിയ അത്ഭുതം തോന്നി.

"എന്തു്! നിങ്ങളുമീക്കപ്പലിൽക്കയറിയോ? നിങ്ങൾ ബോംബെയിൽ വച്ചു പിരിഞ്ഞുപോയെന്നാണല്ലോ ഞാൻ വിചാരിച്ചതു്. നിങ്ങളും ലോകം ചുററി സഞ്ചരിക്കുകയാണോ?"

"ഇല്ലില്ല. ഞാൻ ഹോങ്ങ്കോങ്ങ്വരെ മാത്രം. കുറച്ചുദിവസം അവിടെ താമസമുണ്ടു്."

"കൽക്കത്തയിൽനിന്നു തിരിച്ചതിന്നുശേഷം ഇതുവരെ നിങ്ങളെ കണ്ടില്ലല്ലോ!"

"എനിക്കു നല്ല സുഖമില്ലാതെ കിടന്നു. മുറിക്കുള്ളിൽതന്നെ ആയിരുന്നു. ഇൻഡ്യൻ സമുദ്രത്തിലെപ്പോലെ ബംഗാൾ ഉൾക്കടലിലെ സഞ്ചാരം അത്ര സുഖമായിരുന്നില്ല. നിങ്ങളുടെ യജമാനന്നു് എങ്ങനെയിരിക്കുന്നു?"

"അദ്ദേഹത്തിന സുഖക്കേടൊന്നുമില്ല. എല്ലാം പഴയതുപോലെ കണ്ടിരം. ആ...ആ... മി· ഫിക്സ് ഒരു കാര്യമറിഞ്ഞോ? ഞങ്ങളൊന്നിച്ചു് ഒരു യുവതിയും കൂടിയുണ്ടു്."

"ഒരു യുവതിയോ!

"അതെ," പാസ്പാർട്ടു ഉണ്ടായ കാര്യമെല്ലാം വിസ്തരിക്കാൻ തുടങ്ങി. ബോംബെയിലെ ക്ഷേത്രത്തിൽ വച്ചുണ്ടായ സംഭവം, ആനയെ വിലയ്ക്കുവാങ്ങിയതു്, ആവൂദായെ രക്ഷിച്ചതു്, കൽക്കത്തയിലെ കച്ചേരിയിൽ കയറിയതു്, ശിക്ഷകിട്ടിയതു്, ജാമ്യം വാങ്ങിയതു് എല്ലാം അയാരം ശ്വാസം വിടാതെ പറഞ്ഞു തീൎത്തു.

അവസാനം നടന്ന സംഗതികളെല്ലാം ഫിക്സിനറിയാമായിരുന്നിട്ടും അയാളതിൽ നിശ്ശേഷം അജ്ഞത ഭാവിച്ചു. തന്റെ കഥ കേരംക്കാൻ ഒരു കൂട്ടുകാരനെക്കിട്ടിയതിൽ പാസ്പാർട്ടുവിനുണ്ടായ സന്തോഷം പറയാവതല്ല.

"ഈ ചെറുപ്പക്കാരിയെക്കൂടെ യൂറോപ്പിൽ കൊണ്ടുപോകാനാണോ നിങ്ങളുടെ യജമാനൻ ഉദ്ദേശിക്കുന്നതു്."

"യൂറോപ്പിൽ കൊണ്ടുപോകുന്നില്ല. ഹോങ്കോങ്ങിൽ അവർക്കൊരു ബന്ധുവുണ്ടു്. ധനികനായ ഒരു കച്ചവടക്കാരൻ. അദ്ദേഹമൊന്നിച്ചു പാർപ്പിക്കാനാണുദ്ദേശിക്കുന്നതു്."

"അപ്പോൾ ഉദ്ദേശിച്ച പണി പററുകയില്ലല്ലോ?" ഫിക്സ് തനിയെപറഞ്ഞു. "മിസ്റ്റർ. പാസ്പാർട്ടു നമുക്കല്പമെന്തെങ്കിലും ഒന്നു കുടിക്കണ്ടേ! എന്താ, വിരോധമുണ്ടോ?"

"വളരെ സന്തോഷം! ഒരു സുഹൃത്തുമായി ഒന്നിച്ചിരുന്നു് എന്തെങ്കിലും കഴിക്കുക സന്തോഷപ്രദമല്ലേ!" ഫിക്സും പാസ്പാർട്ടുവുമായി കപ്പലിൻെറ താഴത്തെ തട്ടിലേക്കുപോയി.

കപ്പൽ സിംഗപ്പൂരിലെത്തി; കൽക്കരി കയററാൻ നങ്കൂരമിട്ടു. ഫിലിയസ്ഫാഗ് കൂട്ടുകാരുമായി കരയ്ക്കിറങ്ങി ഒരു വണ്ടിപിടിച്ചു് നഗരത്തിൽ ഒന്നു ചുററിക്കറങ്ങി. കപ്പൽ പുറപ്പെടുന്നതിനു മുമ്പുതന്നെ അദ്ദേഹം തിരിച്ചെത്തുകയും ചെയ്തു.

ക്യാൻറൺ നദീമുഖത്തു വരുന്നതുവരെ കാലാവസ്ഥ വളരെ മോശമായിരുന്നു. ഹോങ്കോങ്ങിലേക്കുള്ള കടലിടുക്കു് അവിടം മുതൽ തുടങ്ങുകയാണു്. കാററിനു ശക്തികൂടി. കടൽ വല്ലാതെ ഗർജ്ജിച്ചിളകി. കപ്പലിൻെറഗതി മന്ദമായി. ഇരുപത്തിനാലു മണിക്കൂർ താമസിച്ചേ കപ്പൽ ഹോങ്കോങ്ങിലെത്തു എന്ന മട്ടായി. നവംബർ നാലാം തീയതി കൊടുംകാററു ശമിച്ചു. എന്നാൽ നഷ്ടപ്പെട്ട സമയം തിരിച്ചുകിട്ടുന്നതെങ്ങനെ! ആറാംതീയതി കാലത്തു് അഞ്ചു മണിയോടുകൂടിമാത്രമേ കണ്ണക്കാക്കാൻസാദ്ധ്യതയുള്ളൂ. ഇരുപത്തിനാലു മണിക്കൂർ

നഷ്ടപ്പെട്ടതുതന്നെ. യോക്കഹോമായിലേക്കുള്ള കപ്പൽ കിട്ടാൻ ഇടയില്ലെന്നു് ഫിലിയസ്ഫാഗ് വിഷാദിച്ചു. ആറുമണിക്കു അവർ ഹോങ്കോങ്ങ് തുറമുഖം സമീപിച്ചു. പൈലട്ട് കപ്പലിന്റെ ചാർജ്ജ് ഏറെറടുത്തു. യോക്കഹാമായിലേക്കുള്ളകപ്പൽ എപ്പോഴാണു വിടുന്നതെന്നു് ഫിലിയസ്ഫാഗ് പൈലട്ടിനോടു ചോദിച്ചു.

"നാളെ കാലത്തു്'' പൈലട്ട് ഉത്തരം പറഞ്ഞു

"ഏതാണു കപ്പൽ?''

"ക്യൂഥേ"

"കപ്പൽ ഇന്നലെ പുറപ്പെടേണ്ടതല്ലേ? എന്താണു താമസിച്ചതു്?"

"ചില്ലറ അററകുററപ്പണികൾ ഉണ്ടായിരുന്നു."

പൈലട്ടിനു നന്ദിപറഞ്ഞിട്ടു് ഫാഗ് മുറിയിലേക്കുപോയി. ഒരു മണിക്കു് റങ്കൂൺകപ്പൽ നങ്കൂരമിട്ടു. യാത്രക്കാർ ബോട്ടുകളിൽ കയറി കരയിലേക്കുപോയി. പിറേറദിവസം ഒൻപതു മണിയ്ക്കാണു് ക്യൂഥേ പുറപ്പെടുന്നതു്. അതുകൊണ്ടു് പതിനാറുമണിക്കൂർ ഹോങ്കോങ്ങിൽ ചെലവഴിക്കാനുണ്ടു്. അവർ കരയ്ക്കിറങ്ങി ഒരു പല്ലക്കു പിടിച്ചു് ആവൂദായെ അതിൽ കയററി ഫാഗും പാസ്പാർട്ടുവുമായി 'ക്ലബ്ബ്ഹോട്ട'ലിലേക്കുപോയി.

ആവൂദായെ ഹോട്ടലിലാക്കിയശേഷം ഫിലിയസ്ഫാഗ് ആവൂദായുടെ ബന്ധുവായ കച്ചവടക്കാരനെപ്പററി

അന്വേഷിച്ചു. അദ്ദേഹം ഹോളണ്ടിലേക്കു താമസം മാററിയിട്ട് രണ്ടു വഷമായി. ഫിലിയസ്ഫാഗ് ഹോട്ടലിലേക്കുമടങ്ങി വിവരം ആവൂദായെ അറിയിച്ചു, കുറച്ചു നേരത്തേക്ക് ആവൂദാ ഒന്നും മിണ്ടിയില്ല. അതിനുശേഷം അവൾ പതിഞ്ഞ സ്വരത്തിൽ ചോദിച്ചു. "ഞാനിനി എന്തുചെയ്യണമെന്നാണ് അങ്ങു നിശ്ചയിക്കുന്നത്?"

"അതു സാരമുള്ള കാര്യമല്ല. യൂറോപ്പിലേക്കു പോരൂ!"

ക്യാബേ കപ്പലിൽ മൂന്നുമുറികൾ ഏർപ്പാടു ചെയ്യുവാൻ ഫിലിയസ്ഫാഗ് പാസ്പാർട്ടുവിനെ നിയോഗിച്ചു. പാസ്പാർട്ടു കപ്പലിനുസമീപം വന്നപ്പോൾ ഫിക്സ് അവിടെ നിൽക്കുന്നു.

"മിസ്റ്റർ. ഫിക്സ്, നിങ്ങൾ ഞങ്ങളൊന്നിച്ച് അമേരിക്കയിലേക്കു വരുന്നുണ്ടോ?" പാസ്പാർട്ടു ചോദിച്ചു.

"വരുന്നുണ്ട്." പല്ലുകടിച്ചുകൊണ്ടാണ് ഫിക്സ് അത്രയും പറഞ്ഞത്.

"അങ്ങനെവരട്ടെ! നിങ്ങൾക്കു ഞങ്ങളെവിട്ടു പിരിയാൻ സാദ്ധ്യമല്ല." പാസ്പാർട്ടു ഹൃദയപൂർവ്വം ചിരിച്ചു. "വരൂ, നിങ്ങളുടെ 'ബത്ത്' മുൻകൂട്ടി ഏർപ്പാടു ചെയ്യൂ!" അവർ കപ്പലധികാരികളെക്കണ്ടു നാലു ബത്തുകൾ ഏർപ്പാടുചെയ്തു. കപ്പലിൻെറ അററകുററപ്പണികൾ തീർന്നുകൊണ്ടു പരസ്യപ്പെടുത്തിയിരുന്നതു

പോലെ പിറേറദിവസമല്ല, അന്നു വൈകിട്ടുതന്നെ കപ്പൽ പുറപ്പെടുകയാണു്.

"ഭേഷ്! എത്രനേരത്തേ പുറപ്പെടുമോ അത്രയും നന്നു്. യജമാനന്നു് അതു വളരെ സന്തോഷമായിരിക്കും. ഞാൻ അദ്ദേഹത്തെ ഉടൻതന്നെ വിവരം അറിയിച്ചേക്കാം" പാസ്പാർട്ടു ഹോട്ടലിലേക്കു തിരിഞ്ഞു. ഫിലിയസ്ഫാഗിനെ ഹോങ്കോങ്ങിൽ കുറെദിവസം താമസിപ്പിക്കുവാൻ സന്ദർഭം കിട്ടിയതിൽ ഫിക്സ് വളരെ സന്തോഷിച്ചു. കപ്പൽ, നേരത്തെ പുറപ്പെടുന്ന വിവരം ഫിലിയസ്ഫാഗ് അറിയരുതു്. അയാൾ പാസ്പാർട്ടുവിനെ അടുത്തുണ്ടായിരുന്ന മദ്യശാലയിലേയ്ക്കു് സൂത്രത്തിൽവിളിച്ചുകൊണ്ടുപോയി. ഭംഗിയായി അലങ്കരിച്ചിരുന്ന ഒരു വിശാലമായ മുറിയിൽ അവർ കയറി. നീണ്ട സോഫാകളിൽ മനോഹരങ്ങളായ മെത്തകളിൽ ഏതാനുമാളുകൾ അവിടെക്കിടന്നുറങ്ങുകയാണു്. കുറേപ്പേർ സുഗന്ധപൂരിതമായ കറുപ്പുക്രൂട്ടു് പുകച്ചുകൊണ്ടിരിക്കുന്നു. ഈ പുകവലിക്കാർ കസേരകളിൽ തലകറങ്ങി വീഴുമ്പോൾ പരിചാരകന്മാർ അ്വരെ തലയിലും കാലിലും തൂക്കിയെടുത്തു് സോഫാകളിൽ കൊണ്ടു കിടത്തിയിരുന്നു.

നമ്മുടെ നവാതിഥികൾ രണ്ടുകുപ്പി വീഞ്ഞിന്നു് 'ഓർഡർ' കൊടുത്തു. പാസ്പാർട്ടുവിന്നു് വളരെ ഇഷ്ടമുള്ള പാനീയമാണതു്. ഫിക്സും പാസ്പാർട്ടുവുമായി പല

കാര്യങ്ങളെപ്പററിയും സംസാരിച്ചു. ഒടുവിൽ ഫിക്സ് പറഞ്ഞു:- "സ്നേഹിതാ എനിക്കു നിങ്ങളോട് ഗൗരവമായ ചില കാര്യങ്ങൾ പറയാനുണ്ട്."

"ഗൗരവമായ കാര്യങ്ങളെല്ലാം നാളെ. എനിക്കിപ്പോൾതന്നെ ഹോട്ടലിലേക്കു പോകണം. കപ്പൽ ഇന്നു തന്നെ പുറപ്പെടുന്ന കാര്യം യജമാനനെ അറിയിക്കണം." പാസ്പാർട്ടു എഴുന്നേററു.

"ഇരിക്കൂമിസ്റ്റർ! നിങ്ങളുടെ യജമാനനെ സംബന്ധിച്ചാണെനിക്കു പറയാനുള്ളത്. ഞാനൊരു പോലീസുദ്യോഗസ്ഥനാണെന്നു നിങ്ങൾക്കറിയാമോ? ലണ്ടൻ പോലീസാണ് എന്നെ അയച്ചിരിക്കുന്നത്." ഫിക്സ്, പാസ്പാർട്ടുവിനെ കസേരയിൽ പിടിച്ചിരുത്തി.

"നിങ്ങൾ ഒരു പോലീസുദ്യോഗസ്ഥനോ?" പാസ്പാർട്ടു അത്ഭുതത്തോടെ ചോദിച്ചു.

'അതേ, ഞാനതു തെളിയിക്കാൻ പോവുകയാണ്.' ഫിക്സ് ഒരുകടലാസെടുത്ത് പാസ്പാർട്ടുവിനെ കാണിച്ചു. ലണ്ടനിലെ പ്രധാന പോലീസുദ്യോഗസ്ഥൻ ഒപ്പിട്ടിട്ടുള്ള ഒരു അധികാര പത്രമായിരുന്നു അത്. പാസ്പാർട്ടു ഒന്നും മിണ്ടാതെ മിഴിച്ചിരുന്നുപോയി.

ഫിക്സ് തുടർന്നു:- "ഫിലിയസ്ഫോഗിന്റെ പന്തയം വയ്പ് നിങ്ങളെ കബളിപ്പിക്കാനുള്ള വിദ്യയാ

ണു്. നിങ്ങളെപ്പോലെ നിർദ്ദോഷിയായ ഒരു സഹചാരിയെ അയാൾക്കാവശ്യമുണ്ടു്."

'അയ്യോ! എന്തിനു്!' പാസ്പാർട്ടു ചോദിച്ചു.

"എന്തിനെന്നോ? കേൾക്കൂ! കഴിഞ്ഞ സെപ്റ്റംബർ ഇരുപത്തെട്ടാം തീയതി ബാങ്ക് അഫ് ഇംഗ്ലണ്ടിൽനിന്നു് അൻപത്തയ്യായിരം പവൻ കളവുപോയി. മോഷ്ടാവിൻെറ വിവരണം ഇതാ ഇതിലുണ്ടു്. ഏതാണ്ടെല്ലാത്തിലും അതു് ഫിലിയസ്സ്ഫാഗിനു് നന്നേ യോജിക്കുന്നുണ്ടു്."

"അബദ്ധം!" പാസ്പാർട്ടു മേശപ്പുറത്തു് ഊക്കോടെ ഇടിച്ചുകൊണ്ടുപറഞ്ഞു. "എൻെറ യജമാനനെപ്പോലെ സത്യസന്ധനായ ഒരാൾ ഉണ്ടായിട്ടില്ല."

"നിങ്ങൾക്കെങ്ങനെഅറിയാം? ഫിലിയസ്സ്ഫാഗ് ലണ്ടനിൽനിന്നു തിരിച്ചശേഷമല്ലേ നിങ്ങൾ അദ്ദേഹത്തിൻെറ പരിചാരകനായതു്.? അയാളൊരു വലിയ കംബളിപ്പിക്കലുമായിട്ടാണു് ഇറങ്ങിത്തിരിച്ചതു്. സഞ്ചാരത്തിനുവേണ്ട യാതൊന്നും എടുത്തില്ല. ഒരു കെട്ടു ബാങ്കു നോട്ടുകളുമുണ്ടു്. എന്നിട്ടും നിങ്ങൾ പറയുന്നു അയാൾ സത്യസന്ധനെന്നു്."

"അതേ, അദ്ദേഹം സത്യസന്ധൻ തന്നെ. അതിനു സംശയമില്ല."

"അപ്പോൾ ആ സത്യസന്ധനൊന്നിച്ച് നിങ്ങളേയും അറസ്ററു ചെയ്യേണ്ടതായിട്ടിരിക്കുന്നു." പാസ്പാർട്ടു തലയിൽ കൈയ്കൊട്ടുത്തു് കുനിഞ്ഞിരുന്നു പോയി. ഫിക്സിൻെറ മുഖത്തു നോക്കാൻ അയാൾക്കു ധൈര്യമുണ്ടായില്ല.

ഫിലിയസ്ഫാഗ് ഒരു കള്ളൻ! ആവൂദായുടെ ജീവൻ രക്ഷിച്ച ഔദാര്യവാനായ ആ ധീരൻ ഒരു കള്ളൻ! പക്ഷെ, സന്ദർഭവശാലുള്ള തെളിവെല്ലാം അദ്ദേഹത്തിനെതിരാണു്. എങ്കിലും അദ്ദേഹം ഒരു മോഷ്ടാവെന്നു വിശ്വസിക്കാൻ പാസ്പാർട്ടുവിനു കഴിഞ്ഞില്ല. "ഞാനെന്തുവേണമെന്നാണു നിങ്ങൾ പറയുന്നതു്?" അവസാനം പാസ്പാർട്ടു ചോദിച്ചു.

"പറയാം, ഞാനിതുവരെ ഫിലിയസ്ഫാഗിനെ പിൻതുടൎന്നു. അയാളെ അറസ്ററുചെയ്യാൻ ഇനിയും വാറണ്ടു കിട്ടിയിട്ടില്ല. ലണ്ടനിൽനിന്നു് അതു് അയച്ചിരിക്കും. നിങ്ങളെന്നെ സഹായിക്കണം. വാറണ്ടു വരുന്നതുവരെ ഫാഗിനെ ഹോങ്ങ്കോങ്ങിൽ താമസിപ്പിക്കണം."

"ഒരിക്കലും പാടില്ല. നിങ്ങൾ പറയുന്നതു ശരിയായാൽ തന്നെയും—ഞാനതു വിശ്വസിക്കുന്നില്ല—ഞാനദ്ദേഹത്തിൻെറ സേവകനാണു്. അദ്ദേഹം ഏററവും നല്ല ഒരെജമാനനാണു്. ഞാനദ്ദേഹത്തെ ചതിക്കുകില്ല. ലോകത്തുള്ള സ്വർണ്ണം മുഴുവൻ ഉരുട്ടിത്തന്നാലും ഞാനദ്ദേഹത്തെ വഞ്ചിക്കുകില്ല."

"നിങ്ങളൊരു മറയനാണ്. ബാങ്ക് അഫ് ഇംഗ്ല ണ്ടു് രണ്ടായിരം പവൻ സമ്മാനം നിശ്ചയിച്ചിട്ടുണ്ട്. അതിൽ പകുതി നിങ്ങൾക്കു തരാം."

'എനിക്കതു വേണ്ട.'

'നിശ്ചയമായും.'

'നിശ്ചയമായും.'

"മിസ്റ്റർ. പാസ്പാർട്ടു ഞാനിതെല്ലാം കളിപറ ഞ്ഞതാണ്. നിങ്ങളെ ഒന്നു പരിശോധിക്കാൻ. നിങ്ങ ളെപ്പോലൊരു ഭൃത്യനെക്കിട്ടിയ ഫിലിയസ്ഫോഗ് ഭാഗ്യവാൻതന്നെ. നമുക്കൽപ്പംകൂടി കുടിക്കാം."

"ഓഹോ! അതിനു വിരോധമില്ല," കറുപ്പു സത്തു ചേർത്തു തയാറാക്കിയിരുന്ന ചാരായമാണ് അത്തവണ പാസ്പാർട്ടുവിനു കിട്ടിയതു്. പോരെങ്കിൽ അവൻ കുറച്ചു് കറുപ്പുപുക ഉള്ളിലാക്കുകയും ചെയ്തു. ഫിക്സ് മനപ്പൂർവ്വമാണു് കറുപ്പുചേർത്ത ചാരായവും പുകക്കുഴലും പാസ്പാർട്ടുവിനു കൊടുത്തതു്. പാസ്പാർട്ടു ബോധം കെട്ടുവീണു. ഫിക്സ് സന്തോഷത്തോടുകൂടി എഴു

ന്നോററു. "കപ്പലിൻെറ സമയംമാററിയതു് ഇനി ഫീലി യസ്.ഫാഗ് അറിയുകയില്ല. അഥവാ അറിഞ്ഞാൽ തന്നെയും പരിചാരകനില്ലാതെ യജമാനൻ യാത്രചെയ്യേണ്ടതായിവരും." ഇങ്ങനെ പറഞ്ഞുകൊണ്ടു് മദ്യത്തിൻെറ വിലയും കൊടുത്തു് ഫിക്സ് പുറത്തേക്കിറങ്ങി.

---

അദ്ധ്യായം 10

# ഫിക്സ് ഫിലിയസ് ഫാഗിനെ നേരിടുന്നു.

ആവൂദായെക്കൂടി യൂറോപ്പിലേക്കു കൊണ്ടുപോകാൻ നിശ്ചയിച്ചസ്ഥിതിക്കു ഹോങ്കോങ്ങിൽനിന്നും അവർക്കാവശ്യമായ കുറെ സാധനങ്ങൾകൂടി വാങ്ങിക്കേണ്ടിയിരുന്നു. ഫിലിയസ് ഫാഗിനെപ്പോലുള്ള ഒരാൾക്കു ലോകംചുററി സഞ്ചരിക്കാൻ ഒരു തുകൽ സഞ്ചിമാത്രം മതി. എന്നാൽ ഒരു സ്ത്രീയ്ക്കു് അതു പോരല്ലോ.

സാധനങ്ങളെല്ലാം വാങ്ങിയശേഷം ഫാഗും ആവൂദായും ഹോട്ടലിലെത്തി ഭക്ഷണം കഴിച്ചു. ബാക്കിയുള്ള സമയം മുഴുവൻ ഫിലിയസ് ഫാഗ് പത്രപാരായണത്തിൽ കഴിച്ചുകൂട്ടി. പാസ്പാർട്ടുവിനെ കാണാഞ്ഞതെന്തെന്നു് അദ്ദേഹം അത്ഭുതപ്പെട്ടു. യോക്കഹോമായിലേയ്ക്കു് പിറേറദിവസം കാലത്തേ കപ്പൽ പുറപ്പെടുകയുള്ളു എന്നാണു് ഫാഗിൻെറ വിചാരം. അതുകൊണ്ടു് പാസ്പാർട്ടുവിനെപ്പററി അദ്ദേഹം കൂടുതൽ ഉൽകണ്ഠാകുലനായില്ല. പിറേറദിവസം കാലത്തേ ഫിലിയസ് ഫാഗ് പാസ്പാർട്ടുവിനെ മണിയടിച്ചു വിളിച്ചു. രാത്രി മുഴുവൻ അയാൾ ഹോട്ടലിൽ ഉണ്ടായിരുന്നില്ലെന്നു്

അപ്പോഴാണ് ഫാഗ് മനസ്സിലാക്കുന്നതു്. കൂടുതൽ അന്വേഷണത്തിനൊന്നും മുതിരാതെ അദ്ദേഹം പല്ലക്കു വരുത്തി ആവൂദായെക്കയററി തുറമുഖത്തേയ്ക്കു തിരിച്ചു.

അരമണിക്കൂർ കഴിഞ്ഞു് അവർ തുറമുഖത്തെത്തി. തലേദിവസം വൈകിട്ടുതന്നെ കപ്പൽ, തുറമുഖം വിട്ട വിവരം ഫാഗ് മനസ്സിലാക്കി. പാസ്പാർട്ടുവിനെ തുറമുഖത്തു കാണാമെന്നാണ് അദ്ദേഹം ആഗ്രഹിച്ചിരുന്നതു്. അയാളെക്കണ്ടില്ല; കപ്പലും കിട്ടിയില്ല. ഫാഗിന്ന് അല്പംനിരാശതോന്നി. ആവൂദായ്ക്കും വല്ലാത്ത വിഷമമുണ്ടായി. "സാരമില്ല; യാത്രകളിൽ സംഭവിക്കാവുന്ന ഒരു ചെറിയആപത്തു്! അതുമാത്രം!" ഫിലിയസ്ഫാഗ് ആവൂദായെ സമാധാനപ്പെടുത്തി.

ഈ സമയം അപരിചിതനായ ഒരാൾ ഫാഗിൻെറ നേക്കുവന്നു. അതു ഫിക്സായിരുന്നു.

"എന്നെപ്പോലെ അങ്ങും റംഗൂണിലെ ഒരു യാത്രക്കാരനായിരുന്നില്ലേ?'' ഫിക്സ് ചോദിച്ചു.

"അതേസർ.''

"അങ്ങയുടെ ഭൃത്യനെ ഇവിടെക്കാണുമെന്നു ഞാൻ വിചാരിച്ചു."

അയാൾ എവിടെയാണെന്നു് താങ്കൾക്കറിയാമോ?" ആവൂദായാണിങ്ങനെ ചോദിച്ചതു്.

"എന്തു്. അയാൾ നിങ്ങളൊന്നിച്ചുണ്ടായിരുന്നില്ലേ?"

'ഇല്ല. ഇന്നലെമുതൽ അയാളെപ്പററി ഒരു വിവരവുമില്ല. ഞങ്ങളെക്കൂടാതെ അയാൾ ക്യാഥയിൽ പോയിരിക്കയില്ല."

"നിങ്ങൾ ക്യാഥയിൽ പോകാൻ ഉദ്ദേശിച്ചിരുന്നതാണോ?"

"അതേസർ."

"ഞാനും. ഞാൻ വല്ലാതെ വിഷമിച്ചിരിക്കയാണു്. അററകുററപ്പണികളെല്ലാം തീർന്നുകൊണ്ടു് പന്ത്രണ്ടു മണിക്കൂർ നേരത്തെ കപ്പൽ തുറമുഖം വിട്ടു. ഇക്കാര്യം അവർ പരസ്യപ്പെടുത്തിയതുമില്ല. ഇനി എട്ടു ദിവസം കഴിയാതെ നമുക്കു കപ്പൽ കിട്ടുകയില്ല."

എട്ടുദിവസമെന്നു പറഞ്ഞപ്പോൾ ഫിക്സിനു വല്ലാത്ത ആഹ്ലാദം തോന്നി. എന്നാൽ അയാളതു ഗോപനം ചെയ്തു. ഫാഗിനെ ഒരാഴ്ചയിൽ കൂടുതൽ ഹോംകോങ്ങിൽ താമസിപ്പിക്കാൻ കഴിഞ്ഞു എന്നാണയാൾ വിചാരിച്ചതു്. അപ്പോഴേക്കും അറസ്ററു വാറണ്ടും വന്നുചേരും. ഭാഗ്യം തെളിയുന്നു എന്നു് ആ നിയമപാലകൻ സന്തോഷിച്ചു. എന്നാൽ ഫാഗിൻെറ മറുപടി കേട്ടപ്പോൾ ഫിക്സ് വല്ലാതെ ഞെട്ടിപ്പോയി.

"ക്യാഥയല്ലാതെ മററു കപ്പലുകളും ഹോംകോങ്ങ് തുറമുഖത്തു കാണുമല്ലോ." ഫാഗ് മന്ദഹസിച്ചുകൊണ്ടു പറഞ്ഞു.

ജപ്പാനിലേക്കുപോകുന്ന മറേറതെങ്കിലും കപ്പലുകളുണ്ടോ എന്ന് അന്വേഷിക്കാൻ ഫാഗ് കൂട്ടുകാരിയോന്നിച്ച് തുറമുഖത്തിന്റെ മറെറാരു ഭാഗത്തേക്കു നടന്നു. ഫിക്സും അവരെ അനുഗമിച്ചു. മൂന്നു മണിക്കൂർനേരം ഫാഗ് തുറമുഖമെങ്ങും അലഞ്ഞുനടന്നു. ഒരു ഫലവുമുണ്ടായില്ല. ഒരു കപ്പൽവാടകയ്ക്കെടുത്തുകളയാമെന്നദ്ദേഹം വിചാരിച്ചു. പക്ഷേ ഒഴിവുള്ള കപ്പലുകളൊന്നുമില്ല എല്ലാററിലും സാധനങ്ങൾ കയററുകയോ ഇറക്കുകയോ ചെയ്യുകയാണ്. ഫിക്സിനു വീണ്ടും സന്തോഷമായി. എന്നാൽ ഫാഗ് നിരാശനായില്ല. അന്വേഷണം നിറുത്തിയുമില്ല. കാൻടൺ നദിയുടെ അക്കരെയുള്ള 'മക്കാക്കോ' തുറവരെയെങ്കിലും പോകാൻ ഒരു ചെറു കപ്പൽ കിട്ടുമോഎന്നദ്ദേഹം അന്വേഷിച്ചു.

"അങ്ങ് ഒരു പത്തേമാരി അന്വേഷിക്കയാണോ." എതിരെവന്ന ഒരു കപ്പലോട്ടക്കാരൻ ചോദിച്ചു.

"ഉടൻതന്നെ വിടാൻതക്കവണ്ണം നിങ്ങൾ ഒരു പത്തേമാരി ഏർപ്പാടു ചെയ്യാമോ?" ഫാഗ് മറുപടിയായി ചോദിച്ചു.

"ഒരു പൈലട്ടുബോട്ടു ഒഴിഞ്ഞുകിടപ്പുണ്ടു്. നമ്പർ 43. ഈ തുറമുഖത്തെ ഏററവും നല്ല ബോട്ടാണതു്."

"നിങ്ങൾക്കു് എന്നെ യോക്കഹോമായിൽ എത്തിക്കാമോ?"

"ഓ! അങ്ങു കളിപറയുകയാണു്." പൈലട്ടിനു വിശ്വാസമായില്ല.

ഞാൻ കളിപറയുകയല്ല. കാര്യമാണു്. എനിക്കു ക്യാഥേ കിട്ടിയില്ല. പതിനാലാം തീയതി എനിക്കു യോക്കഹോമായിലെത്തണം. സാൻഫ്രാൻസിസ്കോവിലേക്കു കപ്പൽ കയറുകയും വേണ്ട."

"അതു സാദ്ധ്യമല്ലസർ."

"ദിവസം നൂറു പവൻ നിരക്കിൽ ഞാൻ വാടക തരാം. സമയത്തിനു യോക്കഹോമായിലെത്തിയാൽ ഇരുനൂറു പവൻ ബോണസും തരാം."

"അങ്ങു കാര്യമായിത്തന്നെ പറയുകയാണോ?" പൈലട്ടു വീണ്ടും ചോദിച്ചു.

"അതേ, കാര്യമായിട്ടുതന്നെ. എന്താണു പൈലട്ടിനു വിശ്വാസം വരാത്തതു്?"

പൈലട്ടു് ഒരുവശത്തേക്കു മാറിനിന്നു് കടലിലേക്കുനോക്കി, ഒരു കൊച്ചുകപ്പലിൽ വിശാലമായ സമുദ്ര

ത്തിൽക്കൂടി അത്തരമൊരു യാത്രയ്ക്ക് അയാൾക്ക ഭയമുണ്ടായിരുന്നു. എന്നാൽ പ്രതിഫലമായിക്കിട്ടാവുന്ന ഒരു വൻതുക നഷ്ടപ്പെടുത്താൻ അയാൾക്ക മനസ്സും വന്നില്ല. ഫിക്സാകട്ടെ കുറച്ചകലെനിന്ന് സ്ഥിതിഗതികളെല്ലാം ശ്രദ്ധയോടെ വീക്ഷിക്കുകയാണ്.

"ഈ കൊച്ചുകപ്പലിൽ യാത്രചെയ്യാൻ ഭയമൊന്നുമില്ലല്ലോ?" ഫാഗ് ആവൂദായൊടു ചോദിച്ചു.

"താങ്കളൊന്നിച്ചല്ലേ! എനിക്കൊരു ഭയവുമില്ല."

"പൈലട്ട് വീണ്ടും ഫാഗിനെ സമീപിച്ചു."

"എന്തു്. പോവുകയല്ലേ?" ഫാഗ് ചോദിച്ചു.

"അതേസർ" എന്നാൽ എനിക്കൊരു സംശയമുണ്ടു്. ഈ കൊച്ചു കപ്പലിന് ഇരുപത്തു ടൺ കേവുഭാരമേയുള്ളൂ. യാത്ര വളരെ നീണ്ടതുമാണ്. കാലാവസ്ഥയോ മോശം! മാത്രമല്ല നാം സമയത്തിനു് എത്തുകയുമില്ല. ഹോംകോങ്ങിൽ നിന്നു് യോക്കഹോമായിലേക്ക് ആയിരത്തിഅറുനൂററിഅൻപത്തു മൈലുണ്ടു്.

'അത്രമാത്രമേയുള്ളോ?'

'മററുവഴിക്കും പോകാം.'

'അതെങ്ങനെ?'

"നാഗസകിയിൽക്കൂടി. ജപ്പാൻെറ ഏററവും തെക്കാണതു്. അവിടത്തേക്ക് ആയിരത്തി ഒരുനൂറു് മൈ

ലിൽപരം ദൂരമുണ്ട്. ചൈനാത്തീരത്തുള്ള ഷാങ്ങ്ഹായിക്കാണെങ്കിൽ എണ്ണൂറുമൈലേയുള്ളു. ഈ വഴിയ്ക്കാണെങ്കിൽ നമുക്കു കരയടിപ്പിച്ചു പോകാം. അനുകൂലമായ ഒഴുക്കുമുണ്ട്."

"പൈലട്ട്, എനിക്ക് യോക്കഹോമായിൽ നിന്നും അമേരിക്കയിലേക്കുള്ള കപ്പൽ കിട്ടണം. ഷാങ്ങ്ഹായിക്കും നാഗസകിക്കും പോകണമെന്നില്ല.''

'പോകാമല്ലോ! സാൻഫ്രാൻസിസ്കോവിലേക്കുള്ള കപ്പൽ യോക്കഹോമായിൽ നിന്നല്ല പുറപ്പെടുന്നതു്. ഷാങ്ങ്ഹായിയിൽ നിന്നുമാണു്. യോക്കഹോമായിലും നാഗസകിയിലും അടുക്കുമെന്നേയുള്ളു.'

'നിങ്ങൾക്കതു നിശ്ചയമാണോ?'

'നിശ്ചയം തന്നെ.'

കപ്പൽ എപ്പോഴാണു് ഷാങ്ങ്ഹായി വിടുന്നതു്.'

'പതിനൊന്നാം തീയതി രാത്രി 7-നു്. നമുക്കിനിയും നാലു ദിവസമുണ്ട്. അതായതു് തൊണ്ണൂററാറു മണിക്കൂർ. ഒരുമാതിരി നല്ല കാലാവസ്ഥയാണെങ്കിൽ മണിക്കൂറിൽ എട്ടു മൈൽ നിരക്കിൽ നമുക്കീ എണ്ണൂറു മൈൽ, ഈ നാലു ദിവസത്തിനകം യാത്ര ചെയ്യാം.'

'ശരി. എപ്പോൾ പുറപ്പെടാം നിങ്ങൾക്ക്?'

'ഒരുമണിക്കൂറിനകം. കുറച്ചു സാധനങ്ങൾ കയററണം; അത്രമാത്രമേ താമസമുള്ളു.'

'ഇതൊരുകരാറാണു്. നിങ്ങൾ തന്നല്ലോ ഈ കപ്പലിൻെറ അധിപൻ?'

'അതേ സർ. ഞാൻ ജോൺബുൺസി. എൻെറ കപ്പലിൻെറ പേരു് 'ടാങ്കഡേർ'.'

'ശരി. ഞാനൊരു തുക മുൻകൂറായി തരട്ടെ!'

'അതങ്ങയുടെ സൗകര്യം!'

'ഇതാ ഇരുനൂറു പവൻ.' അനന്തരം ഫിലിയസ് ഫാഗ് ഫിക്സിനോടു് ഇങ്ങനെ പറഞ്ഞു. 'വേണമെങ്കിൽ നിങ്ങൾക്കും കൂടെപ്പോരാം.'

'വളരെയുപകാരം. ഞാൻ അതു് അങ്ങയോടു ചോദിക്കാൻ ഭാവിക്കയായിരുന്നു.' ഫിക്സ് നന്ദിപൂർവ്വം ക്ഷണം സ്വീകരിച്ചു.

'അരമണിക്കൂറിനകം നമുക്കു പുറപ്പെടാം.'

'പാവം പാസ്പാർട്ടു.' ആവൂദാ വല്ലായ്മയോടെ പറഞ്ഞു.

'പാസ്പാർട്ടുവിനു വേണ്ടി കഴിയുന്നതൊക്കെ ഞാൻ ചെയ്യാം.' ഫാഗ് അവരെ സമാധാനപ്പെടുത്തി.

ഫിക്സ് ഒരു ജ്വരരോഗിയുടെ വിറയലോടു കൂടിയാണു് കപ്പലിലേക്കു പോയതു്. ഫാഗും ആവൂദായും പോലീസാഫീസിലെത്തി, കാണാതെ പോയ പാസ്

പാർട്ടവിൻെറ വിവരങ്ങൾ മുഴുവൻ രേഖപ്പെടുത്തി. അയാളുടെ യാത്രച്ചെലവിനുള്ള പണവും അവിടെ ഏല്പിച്ചു. ഫ്രഞ്ച് സ്ഥാനപതിയുടെ ആഫീസിലും പോയി ഇതേവിധമെല്ലാം പ്രവൎത്തിച്ചു. അതിനുശേഷം അവർ കപ്പലിലേക്കു തിരിച്ചു.

മൂന്നുമണിക്ക് കപ്പൽ പുറപ്പെടാൻ തയാറായി. 3-10ന് 43-ാം നമ്പർ പൈലട്ട് കപ്പൽ തുറമുഖത്തു നിന്നു നീങ്ങി. കപ്പൽ, തുറമുഖത്തുനിന്ന് വളരെയകലുന്നതുവരെ ഫാഗ്ഗും ആവൂദായും പാസ്പാർട്ടു അവിടെ ങ്ങാനും ഉണ്ടോ എന്നു നോക്കിക്കൊണ്ടിരുന്നു. കാലാവസ്ഥ അനുകൂലമായിരുന്നതുകൊണ്ട് ഉദ്ദേശിച്ചതിൽ കൂടുതൽ വേഗത്തിൽ അവക്കു സഞ്ചരിക്കാൻ കഴിഞ്ഞു. ഈ രീതിയിൽ മുന്നോട്ടുപോയാൽ ഒരുദിവസമെങ്കിലും ലാഭം കിട്ടുമെന്ന് യാത്രക്കാർ ആശിച്ചു. 43-ാം നമ്പർ പൈലട്ട് കപ്പൽ പന്തയം വച്ചുള്ള ഓട്ടത്തിനു പററിയ വിധത്തിലായിരുന്നു നിർമ്മിച്ചിരുന്നതു്. ചെറുതാണെങ്കിലും ഏററവും വൃത്തിയുള്ള ഒരു കപ്പലായിരുന്നു അതു്. തിളങ്ങിക്കൊണ്ടിരുന്ന കടൽപരപ്പിൽക്കൂടി അതു് തിരമുറിച്ചു ചീറിപ്പാഞ്ഞു. നാലുജോലിക്കാരും കപ്പിത്താനും മാത്രമേ അതിലുണ്ടായിരുന്നുള്ളു. കപ്പലിൻെറ വൃത്തിയിലും സ്വച്ഛതയിലും യാത്രക്കാർ അഭിമാനം കൊണ്ടു.

പിറേറദിവസം കാലത്തു് അവർ ഹോംകോങ്ങിൽ നിന്നും നൂററിഇരുപതു മൈൽ യാത്ര ചെയ്തിരുന്നു. നി

ഷിതസമയത്തു തന്നെ ഷാങ്ങ്ഹായിയിൽ എത്താമെന്ന് ഫാഗ് ആഗ്രഹിച്ചു. എന്നാൽ അടുത്തദിവസം കാലത്തു് കടലിന്റെ മട്ടുമാറി. കാററു് ഉഗ്രമായി. എട്ടുമണിയോടുകൂടി ഭയങ്കരമായ കൊടുങ്കാററും മഴയും തുടങ്ങി. അവരുടെ കൊച്ചു കപ്പൽ വൻതിരകൾക്കു മുകളിൽക്കൂടി തുള്ളിത്തുള്ളി മുമ്പോട്ടു പാഞ്ഞു. കൊടുങ്കാററു് കപ്പലിനെ അതിവേഗം മുന്നോട്ടു പറത്തുകയാണു്. രാത്രിയായപ്പോൾ കൊടുങ്കാററു വളരെ ഉഗ്രമായി. ഇരുട്ടിന്റെ കാഠിന്യം പറയാവതല്ല. കപ്പിത്താനും വല്ലാതെ അസ്വസ്ഥനായി. അടുത്തുള്ള വല്ല ചെറിയ തുറമുഖത്തും കപ്പൽ അടുപ്പിക്കുകയല്ലേ നല്ലതെന്ന് അദ്ദേഹം ജോലിക്കാരോടാലോചിച്ചു. അവർക്കും ആ അഭിപ്രായംതന്നെ.

'കരയ്ക്കെവിടെയെങ്കിലും അടുപ്പിക്കുന്നതല്ലേ നല്ലതു്!' കപ്പിത്താൻ ഫാഗിനോടു ചോദിച്ചു.

'ഞാനും അങ്ങനെ വിചാരിക്കുകയാണു്. ഏതു തുറമുഖത്തടുക്കുന്നതായിരിക്കും നമുക്കു നല്ലതു്?'

'എനിക്കൊരു തുറമുഖമേ അറിയാവൂ. ഷാങ്ങ്ഹായി.'

'ശരി. എന്നാൽ ഷാങ്ങ്ഹായിക്കു തന്നെ.'

കപ്പൽ വീണ്ടും വടക്കോട്ടുതന്നെ വിട്ടു. പിറേറ ദിവസം ഉച്ചയ്ക്കു് യാത്രക്കാർ കരകണ്ടു. നൂറുമൈൽ കൂടിപ്പോയാൽ ഷാംങ്ങ്ഹായിയിലെത്തുമെന്നു് കപ്പിത്താൻപറഞ്ഞു. ഇനിയും ഒരു ദിവസംകൂടി സഞ്ചരിച്ചാൽ മതി. യോക്കഹോമായിലേക്കുള്ള കപ്പൽ കിട്ടുകയും ചെയ്യും.

ഏഴുമണിക്കു് അവർ തുറമുഖത്തുനിന്നും മൂന്നുമൈൽ ദൂരത്തെത്തി. ബോണസിൻെറ കാര്യം അവതാളത്തിലാകുമോ എന്നു് കപ്പിത്താൻ ഭയന്നു. അദ്ദേഹം ഫാഗിനെ നോക്കി. ഫിലിയസ് ഫാഗ് അക്ഷോഭ്യനായി ഇരിക്കുകയാണു്. ആ സമയം ഒരു വലിയ പുകക്കുഴലിൽ നിന്നും കറുത്ത ധൂമപടലം ചക്രവാളത്തിലേക്കുയരുന്നതുകണ്ടു. അമേരിക്കൻ കപ്പൽ ഷാംങ്ങ്ഹായിയിൽ നിന്നും യാത്ര തിരിച്ചിരിക്കുന്നു.

'കഷ്ടം! കപ്പൽ തെററിയല്ലോ!' കപ്പിത്താൻ നിരാശനായിപ്പറഞ്ഞു.

'വേഗം അടയാളം കൊടുക്കൂ!'

കപ്പലിൽ ഒരു ചെറിയ പീരങ്കി ഉണ്ടായിരുന്നു. മൂടൽ മഞ്ഞുള്ളപ്പോഠം വെടിമുഴക്കി അപായ അറിയിപ്പുകഠം നൽകുന്നതിനായിരുന്നു ആ സജ്ജീകരണം. പെട്ടെന്നുതന്നെ അതിനുള്ളിൽ വെടിമരുന്നു നിറച്ചു. കപ്പിത്താൻ തിരികത്തിക്കാൻ ഭാവിച്ചപ്പോഠം ഫാഗ് പറ

ഞ്ഞു. 'കൊടിമരത്തിൽ നിങ്ങളുടെ അപായ സങ്കേതം ആദ്യമായി കാണിക്കണം.' കപ്പിത്താൻെറ ആജ്ഞപ്ര കാരം ജോലിക്കാർ അപായം കാട്ടി. ഈ അപകട സൂ ചന അമേരിക്കൻ കപ്പൽ കാണുമെന്നായിരുന്നു അവർ കരുതിയത്ത്.

'ഇനിയും വെടി വെയ്ക്കു!!! ഫാഗുപറഞ്ഞു. അടു ത്തനിമിഷം തോക്കിലെ നിറയൊഴിച്ചു. ഭൂം!!' ഉഗ്ര മായ ആ വെടിമുഴക്കം ആകാശത്തിൽ മാറെറാലി ക്കൊണ്ടു.

അദ്ധ്യായം 11

# പാവം പാസ്പാർട്ട

നവംബർ ഏഴാം തീയതി വൈകിട്ട് ആറരമണിക്ക് ക്യാഥേകപ്പൽ ഹോംകോങ്ങിൽനിന്നും ജപ്പാനിലേക്ക തിരിച്ചു. അടുത്തദിവസം കാലത്തു് വികൃതവേഷത്തിൽ, സംഭ്രാന്തനായ ഒരു യാത്രക്കാരനെ ക്യാഥേക്കപ്പലിൽകണ്ടു. നമ്മുടെ പാസ്പാർട്ട അല്ലാതെ അതു് മററാരുമായിരുന്നില്ല. കറുപ്പുകടയിൽ അയാറം ബോധംകെട്ട വീണതു് വായനക്കാർ ഓക്കുമല്ലോ. രണ്ടു ഭൃത്യന്മാർ അയാളെ ഒരു സോഫായിൽ കൊണ്ടുകിടത്തി. മൂന്നമണിക്കൂർ കഴിഞ്ഞു് അയാറംക്ക തെല്ലു ബോധം വീണു. തനിക്കപററിയ അമളിയോത്തു് അയാറം ഖേദിച്ചു. പാസ്പാർട്ട പിടഞ്ഞെഴുന്നേററു് പുറത്തു ചാടി. 'ക്യാഥേ, ക്യാഥേ' എന്നു വിളിച്ചുകൊണ്ടു് അയാറം കപ്പലിലേക്കോടി. കപ്പൽ നങ്കൂരമെടുത്തു് യാത്രാസന്നദ്ധമായി നിൽക്കുകയായിരുന്നു. വല്ലവിധവും അയാറം അതിനുള്ളിൽ വലിഞ്ഞുവീണു. കറുപ്പിൻെറ ശക്തി അപ്പോഴും അയാളിൽനിന്നു വിട്ടുമാറിയിരുന്നില്ല. പാസ്പാർട്ട കപ്പലിലേക്ക കയറിയതും കപ്പൽ നീങ്ങിത്തുടങ്ങിയതും ഒന്നിച്ചായിരുന്നു. കപ്പൽത്തട്ടിലുള്ള ഒരു ഇരു

നുകററിയിൽതട്ടി അയാൾ ബോധംകെട്ടു വീണുപോയി. കപ്പലിലെ ജോലിക്കാർ അയാളെ എടുത്തു് ഒരു ചെറി യമുറിയിൽ കിടത്തി. രാവിലെ കണ്ണുതുറന്നപ്പോൾ ക്യാ രേകപ്പൽ ഹോങ്ങ്കോങ്ങിൽനിന്നും പത്തൻതുമൈൽ ദൂരത്തെത്തിയിരുന്നു. കടൽക്കാറേററപ്പോൾ അയാൾക്കു സുഖമായി. പാസ്പാർട്ടു കപ്പൽതട്ടിൽ ഒരു ഭാഗത്തു ചെന്നിരുന്നു് വ്യസനിക്കുകയാണു്. യജമാനനെക്കാണു മ്പോൾ താണുവീണു ക്ഷമായാചനം ചെയ്യണമെന്നു് അയാൾ നിശ്ചയിച്ചു. "അദ്ദേഹമിപ്പോൾ കപ്പലിൻെറ മുറികളിൽ ഒന്നിൽ സഹയാത്രക്കാരൊന്നിച്ചു് വെടിപ റഞ്ഞു രസിക്കുകയാവാം. ഔവ്ദാ ഉറക്കത്തിൽനിന്നു് എഴുന്നേററിരിക്കയില്ല." പാസ്പാർട്ടു പ്രയാസപ്പെട്ടെ ഴുന്നേററു് താഴത്തേക്കുപോയി. എല്ലാ മുറികളിലും അയാ ൾ യജമാനനെനോക്കി. അദ്ദേഹത്തെ എങ്ങും കണ്ടില്ല. അവിടെനിന്നിരുന്ന ഒരു ജോലിക്കാരനോട്ടു് പാസ്പാ ർട്ടു ഫാഗിനെപ്പററി ചോദിച്ചു. അങ്ങനെയൊരാൾ ആ കപ്പലിലേ ഇല്ലെന്നു് അയാൾ മറുപടി പറഞ്ഞു.

"ഞാൻ ചോദിക്കുന്നതുകൊണ്ടു പരിഭവം തോന്ന രുതു്. അദ്ദേഹം പൊക്കമുള്ള ഒരാളാണു്. വളരെയൊ ന്നും സംസാരിക്കുകില്ല. ഒരു ചെറുപ്പക്കാരിയും കൂടെ യുണ്ടു്."

"യാതൊരു ചെറുപ്പക്കാരിയും ഈ കപ്പലിലില്ല." ജോലിക്കാരൻ വീണ്ടും പറഞ്ഞു. "ഇതാ യാത്രക്കാരുടെ

പട്ടിക നിങ്ങൾ നോക്കിക്കൊള്ളൂ!'' പാസ്പാർട്ടു ശ്രദ്ധാപൂർവം പട്ടികനോക്കി. അയാളുടെ യജമാനൻെറ പേരു് ആ പട്ടികയിൽ കണ്ടില്ല. പാസ്പാർട്ടു നിരാശനായി ഒരു കസേരയിൽ ചെന്നിരുന്നു. താൻ ക്യാത്രേക്കപ്പലിൽത്തന്നെയാണോ എന്നുപോലും അയാൾ സംശയിച്ചുപോയി. കപ്പലിൻെറ സമയം മാററിയതും ആ വിവരം യജമാനനെ അറിയിക്കാത്തതും അയാൾ ഓർത്തു. ഫാഗിനും ആവുദായ്ക്കും കപ്പൽ തെററിയിരിക്കണം. അതു് തൻെറ കുററംകൊണ്ടാണെന്നു് അയാൾ പശ്ചാത്തപിച്ചു. പാസ്പാർട്ടുവിനു് ഫിക്സിനോടു വലിയ അമർഷം തോന്നി. ജപ്പാനിലെത്തിയാൽ എന്താണു ചെയ്യേണ്ടതെന്നു് അയാൾക്കൊരു രൂപവും ഉണ്ടായില്ല. ഒരു പെനിപോലും കൈയിലില്ല. കപ്പൽക്കൂലി ഭാഗ്യവശാൽ മുൻകൂട്ടി അടച്ചിരുന്നു. ജപ്പാനിൽ എത്തുന്നതിനുമുമ്പു് അഞ്ചാറു ദിവസം കപ്പലിലിരിക്കണം. അതിനകം എന്തെങ്കിലുമൊരു തീരുമാനമെടുത്തേ മതിയാവൂ.

പതിമൂന്നാം തീയതി ക്യാത്രേക്കപ്പൽ യോക്കഹോമായിൽ അടുത്തു. പാസ്പാർട്ടു കരയ്ക്കിറങ്ങി തെരുവിലെങ്ങും അലഞ്ഞുനടന്നു. അയാൾക്കൊരു ബുദ്ധിതോന്നി. യോക്കഹോമായിലുള്ള ഫ്രഞ്ചു പ്രതിനിധിയോടോ, ഇംഗ്ലീഷ് പ്രതിനിധിയോടോ വിവരം പറയുകതന്നെ. എന്നാൽ അതിനുമുമ്പു് എന്തെങ്കിലും ഒരു പണികിട്ടുമോ എന്നു് അയാൾ അന്വേഷിച്ചു.

പാസ്പാർട്ടു ഇങ്ങനെ നിൽക്കുമ്പോൾ വിദൂഷകനെപ്പോലെ വേഷംധരിച്ച ഒരാൾ പൊക്കിപ്പിടിച്ച ഒരു'പ്ലാക്കാർഡു'മായിമുമ്പോട്ടു നീങ്ങുന്നതുകണ്ടു. പരസ്യം ഇംഗ്ലീഷിലായിരുന്നു. 'ദീർഘനാസ'ന്മാരെന്നു പറയുന്ന ഒരു ജപ്പാൻ സർക്കസ് കമ്പനിയുടെ അവസാനത്തെ കളിയാണെന്നു്. അതുകഴിഞ്ഞു് അവർ ഐക്യനാടുകളിലേയ്ക്കു പോവുകയാണു്.

"ഐക്യനാടുകൾ! അതാണെനിക്കാവശ്യം" പാസ്പാർട്ടു സ്വയംപറഞ്ഞു. അയാൾ ആ പരസ്യക്കാരനെ പിൻതുടന്നു. മുക്കാൽ മണിക്കൂർ കഴിഞ്ഞപ്പോൾ വിദൂഷകൻ ഒരു വലിയ കൂടാരത്തിന്റെ മുമ്പിൽ ചെന്നുനിന്നു. കൂടാരവും പരിസരങ്ങളും മനോഹരമായി അലങ്കരിച്ചിരുന്നു. പാസ്പാർട്ടു കൂടാരത്തിൽ കയറി കമ്പനിയുടെ ഉടമസ്ഥനായ 'ബാത്തുൽക്കർസാഹേബി'നെ അന്വേഷിച്ചു.

"നിങ്ങൾക്കെന്തുവേണം?" ഒരാൾപാസ്പാർട്ടുവിനോടു ചോദിച്ചു.

"നിങ്ങൾക്കൊരു വേലക്കാരനെ വേണമോഎന്നറിയാനാണു്."

"നിങ്ങളൊരു ഫ്രഞ്ചുകാരനാണു് അല്ലേ?"

"അതേ, ഒരു പാരീസുകാരൻ."

"എനിക്കൊരു വേലക്കാരനെവേണ്ട. പക്ഷെ ഒരു വിദൂഷകനെവേണം. സ്നേഹിതാ, ഫ്രാൻസിൽ ഫ്രഞ്ച്കാരല്ലാത്ത വിദൂഷകന്മാരെയും മററു സ്ഥലങ്ങളിൽ ഫ്രഞ്ചുകാരെയുമാണ് ഞങ്ങൾ അവതരിപ്പിക്കുന്നതു്."
ഏതായാലും പാസ്പാർട്ടു അതു സമ്മതിച്ചു. ഈ ജോലി അയാൾക്കധികം ഇഷ്ടപ്പെട്ടില്ലെങ്കിലും ഒരാഴ്ചക്കകം സാൻഫ്രാൻസിസ്കോവിലേക്ക് പോകാമല്ലൊ എന്നു് അയാൾ ആശ്വസിച്ചു.

മൂന്നുമണിക്കാണ് അന്നത്തെ കളി തുടങ്ങുന്നതു്. കൂടാരം ആളുകളെക്കൊണ്ടു നിറഞ്ഞു. ശബ്ദ ബഹുലമായ ജപ്പാൻ ബാൻഡുമേളം പൊടിപൊടിച്ചു. പാസ്പാർട്ടുവിനു് അയാളുടെഭാഗം പഠിക്കാൻ സമയം കിട്ടിയില്ല. കളിയുടെ അവസാനം മനുഷ്യനിർമ്മിതമായ ഒരു പിരമിഡ് സക്സസുകാർ പ്രദർശിപ്പിക്കുന്ന പതിവുണ്ടു്. പാസ്പാർട്ടുവിന്റെ ശക്തിയേറിയ ഭുജങ്ങളിലും തോളുകളിലുമാണ് പിരമിഡ് കെട്ടിപ്പൊക്കുന്നതു്. ഇതു് കാണികളെ വളരെ ആഹ്ളാദിപ്പിക്കുന്ന ഒരു കായികാഭ്യാസപ്രദർശനമാണ്.

ദീർഘനാസന്മാരെന്നു പറയുന്ന ഈ കമ്പനിക്കാർ ബാലൻസ് അശേഷം തെററാതെ പ്രദർശനം നടത്താൻ അതിസമർത്ഥന്മാരാണ്. മദ്ധ്യകാലത്തെ ജപ്പാൻ വീരന്മാരുടെ വേഷത്തിലാണ് കളിക്കാർ രംഗത്തു വരുന്നതു്. ഭുജങ്ങളിൽ ചേർത്തു് അവർ ഓരോ ജോഡി

ചിറകും വച്ചു കെട്ടിയിരിക്കും. ഇതൊന്നുമല്ല രസം; ഓരോരുത്തക്കും വളരെ നീണ്ട ഓരോ കൃത്രിമ നാസിക യുണ്ട്. അഞ്ചും, ആറും, പത്തും അടികം വീതം നീള മുള്ള മുളംചീളികം കൊണ്ടാണ് ഈ മൂക്ക നിർമ്മിച്ചി രിക്കുന്നതു്. സാക്ഷാൽ മൂക്കിൽ ഉറപ്പിച്ചു വെച്ച ഈ കൃത്രിമമൂക്കകൊണ്ടാണ് അവർ ബാലൻസുവേലകം കാ ണിക്കുന്നതു്.

അന്നു മനുഷ്യനിർമ്മിതമായ പിരമിഡ് അവസാ നമായി കാണിക്കാൻ നിശ്ചയിച്ചിരുന്നു. അൻപതു് അഭ്യാസികം ചേന്നാണ് ഈ പ്രദർശനം നടത്തുന്നതു്. സാധാരണയായി തോളകളിൽ നിന്നു പിരമിഡുണ്ടാക്കു ന്നതിനു പകരം അന്നു് പിരമിഡിൻെറ അസ്ഥിവാര മായി കൃത്രിമ നാസികകം ചേത്തുവച്ചു് പിരമിഡുണ്ടാ ക്കണമെന്നാണ് അവർ ഉദ്ദേശിച്ചതു്. പിരമിഡിൻെറ കീഴ്‌വശമായി നിൽക്കാറുള്ള കളിക്കാരിൽ ഒരാം അ ന്ന് എവിടെയോ പൊയ്ക്കളഞ്ഞു. അയാളുടെ സ്ഥാന മാണ് പാസ്പാർട്ടുവിനു കൊടുത്തതു്.

പാവം പാസ്പാർട്ടുവിനു നേരിട്ട വൈഷമ്യം കുറ ച്ചൊന്നുമല്ല. വിചിത്രങ്ങളായ വസ്ത്രങ്ങളണിഞ്ഞു്, വർണ്ണ ശബളമായ ചിറകും വച്ചു് ആറടി നീളമുള്ള മൂക്കും വച്ചു കെട്ടി നിന്നപ്പോഴാണ് അയാളുടെ ഗതികേടിനെപ്പററി പാസ്പാർട്ടു കാര്യമായാലോചിച്ചതു്. എല്ലാംകൂടി

വലിച്ചു ദൂരത്തെറിഞ്ഞിട്ടു പോയാലെന്തെന്നുകൂടി അയാൾക്കുതോന്നി. പക്ഷെ, ആ ആറടി മൂക്കാണല്ലോ അയാളുടെ അന്നദാതാവു്.

പാസ്പാർട്ടു സ്റ്റേജിൽ കയറി സഹകാരികളുമായി ചേർന്നുനിന്നു. എല്ലാപേരും മലൎന്നു കിടന്നു. മൂക്കെല്ലാം മേൽപ്പോട്ടിരുന്നു. രണ്ടാമത്തെ 'സെററു'വന്നു് വട്ടത്തിൽകിടക്കുന്ന ആദ്യത്തെ സെററിൻെറ മൂക്കുകളിൽ ബാലൻസുറപ്പിച്ചു കിടന്നു. അങ്ങനെ ആ മനുഷ്യപ്പിരമിഡ് മേൽക്കുമേൽ പൊങ്ങി. കാണികളുടെ കരഘോഷം കൂടാരമെങ്ങും പ്രതിധ്വനിച്ചു. സമൂഹസംഗീതം ശ്രവണങ്ങൾ തുളച്ചു മുഴങ്ങിക്കൊണ്ടിരുന്നു. അതാ പിരമിഡ് തകൎന്നു വീഴുന്നു. ബാലൻസു തെററിപ്പോയി. അടിയിലുള്ള ഒരു മൂക്കിനു് അപഭ്രംശം സംഭവിച്ചുപോയി. പാസ്പാർട്ടുവിനാണു് ഈ കുഴപ്പം നേരിട്ടതു്. അയാളാണു് പിരമിഡിൻെറ തകർച്ചയ്ക്കു കാരണക്കാരൻ. അയാൾ സ്റ്റേജിൽക്കൂടി കുതിച്ചുപാഞ്ഞു. കാണികളുടെ ഇടയിൽ ചാടി അയാൾ വലതുവശത്തേക്കു ഓടി. മുൻപന്തിയിലിരുന്ന ഒരു മാന്യൻെറ മുമ്പിൽ പാസ്പാർട്ടു സാഷ്ടാംഗം നമസ്കരിച്ചു.

'എൻെറ യജമാനനെ, എൻെറ യജമാനനെ!' അയാൾ ഉറക്കെക്കരഞ്ഞു.

'അല്ല. ഇതു പാസ്പാർട്ടുവാണല്ലോ.'

'അതേയജമാനനെ, ഞാൻ തന്നെ.'

"നീ ഉടൻതന്നെ കപ്പലിലേക്കു പൊയ്ക്കൊള്ളു!" ഫിലിയസ് ഫാഗും ആവൂദായും പാസ്പാർട്ടുവും ധൃതിയിൽ പുറത്തേക്കിറങ്ങി. സക്സ് മാനേജർ കൂടെയെത്തി. നഷ്ടം കൊടുക്കണമെന്നു് അയാരം ക്രോധ വിവശനായി ഗർജ്ജിച്ചു. ഫിലിയസ് ഫാഗ് കുറെ ബാങ്കുനോട്ടുകരം അയാളുടെ കൈയിലേക്കു കുത്തിത്തിരുകി. ആറരമണിയോടു കൂടി ഫിലിയസ് ഫാഗും ആവൂദായും പാസ്പാർട്ടുവുമൊന്നിച്ചു് അമേരിക്കൻ കപ്പലിൽ കയറി.

——:o:——

അദ്ധ്യായം 12

# പസഫിക് മഹാസമുദ്രത്തിൽക്കൂടി

ഫിലിയസ് ഫാഗ് യാത്രചെയ്തിരുന്ന പൈലട്ട് ബോട്ടിൽനിന്നും അപായ അറിയിപ്പ് നൽകി. ഉടൻ തന്നെ അമേരിക്കൻ കപ്പലിൻെറ കപ്പിത്താൻ കപ്പൽ നിത്തി ഫിലിയസ് ഫാഗിനേയും കൂട്ടകാരെയും അതിനുള്ളിൽ പ്രവേശിപ്പിച്ചു. ഫിലിയസ് ഫാഗ് ബോണസുറുപ്പടെ അഞ്ഞൂററൻപത്തു പവൻ പൈലട്ട് ബൂൺസിക്കു കൊടുത്തു. അദ്ദേഹത്തിനുണ്ടായ സന്തോഷം അളവററതായിരുന്നു. അമേരിക്കൻ കപ്പൽ യോക്കഹാമായിലേക്കു യാത്രതുടരുകയും ചെയ്തു.

നവംബർ 14-ാംതീയതി കാലത്തു് ഫിലിയസ് ഫാഗ് യോക്കഹാമായിലെത്തി. അദ്ദേഹം ഉടൻതന്നെ തലേദിവസം അവിടെയെത്തിയിരുന്ന ക്യാഡേക്കപ്പലിലേക്കുപോയി. പാസ്പാർട്ടു എന്നൊരു ഫ്രഞ്ചുകാരൻ ക്യാഡേക്കപ്പലിൽ എത്തിയിട്ടുണ്ടെന്നറിഞ്ഞപ്പോൾ ഫാഗിനും ഔവുദായ്ക്കുമുണ്ടായ സന്തോഷം പറയാവതല്ല. അന്നു വൈകിട്ടുതന്നെ അദ്ദേഹത്തിനു് സാൻഫ്രാൻസിസ്കോവിലേക്കു തിരിക്കേണ്ടിയിരുന്നതിനാൽ അദ്ദേഹം

പരിചാരകനെതിരക്കി ക്ഷൗരമുഖത്തെത്തി. ഇംഗ്ലീഷ്, ഫ്രഞ്ച് കോൺസലേററുകളിൽ അന്വേഷിച്ചതിൽ പാസ്പാർട്ടുവിനെപ്പററിഒരുവിവരവുംലഭിച്ചില്ല. ഹോങ്ങ് കോങ്ങിലെ പല തെരുവുകളിലും ഫാഗ് പാസ്പാർട്ടുവിനെ അന്വേഷിച്ചു. യാതൊരു വിശേഷവുമുണ്ടായില്ല. ഒടുവിൽ അദ്ദേഹം ഒരു സക്കസ് കൂടാരത്തിലെത്തി. കപ്പൽ പുറപ്പെടാൻ സമയം ധാരാളമുണ്ടായിരുന്നതു കൊണ്ട് സക്കസ് കളി ഒന്നുനോക്കിക്കളയാം എന്നു വിചാരിച്ചാണ് അദ്ദേഹം കൂടാരത്തിൽ കയറിയതു്. വിചിത്രമായ വേഷവിധാനത്തോടുകൂടിനിന്ന പാസ്പാർട്ടുവിനെ ഫാഗ് തിരിച്ചറിയുമായിരുന്നില്ല. എന്നാൽ ദീർഘനാസികനായിമലൻകിടന്നിരുന്നപാസ്പാർട്ടു ഒററനോട്ടത്തിൽ യജമാനനെക്കണ്ടു. അപ്രതീക്ഷിതമായി യജമാനനെക്കണ്ടപ്പോൾ പാസ്പാർട്ടു അറിയാതൊന്നു വെട്ടിത്തിരിഞ്ഞു. അങ്ങനെയാണ് അയാളുടെ മൂക്കിന്മേൽ കെട്ടിപ്പിടുത്തിരുന്ന മനുഷ്യപ്പിരമിഡ് പൊളിഞ്ഞുവീണതു്. പാസ്പാർട്ടുവിനെ പിരിഞ്ഞശേഷമുള്ള സംഭവങ്ങളെല്ലാം ആവൂദാ അയാളോടുപറഞ്ഞു. ഫിക്സിനെപ്പററിക്കേട്ടപ്പോൾ പാസ്പാർട്ടുവിനുണ്ടായ ക്ഷോഭം അയാൾ തല്ക്കാലം പുറത്തു കാട്ടിയില്ല. കാരണം അയാളുടെ വഞ്ചനയെപ്പററി ഫിലിയസ്ഫാഗിനെ അറിയിക്കുവാൻ പററിയ സന്ദർഭമായിരുന്നില്ല അതു്. കുററമെല്ലാം തൻേറതാണെന്നുതന്നെ പാസ്പാർട്ടു ഏററു. ഹോങ്ങ്കോങ്ങിലെ ഒരു മദ്യശാലയിൽവച്ചു് കറുപ്പുകഴിച്ചു്

മയങ്ങിപ്പോയെന്ന് അയാരം ഏററുപറഞ്ഞു. ഫിലിയസ്ഫാഗ് പരിചാരകനെ കുററപ്പെടുത്തിയില്ല. നല്ല വസ്ത്രങ്ങരം വാങ്ങാൻ അദ്ദേഹം പാസ്പാർട്ടുവിനു കുറെ പണംകൊടുത്തു.

യോക്കഹോമായിൽനിന്നും സാൻഫ്രാൻസിസ്കോവിലേക്കു മെയിൽകൊണ്ടു പോകുന്ന പസഫിക്മെയിൽകമ്പനിവക 'ജനറൽഗ്രാൻറ്', എന്ന കപ്പലിലാണ് ഫാഗ് യാത്രചെയ്തതു്. ഇരുപത്തൊന്നു ദിവസംകൊണ്ടു് അതു പസഫിക്സമുദ്രത്തെ തരണംചെയ്യും. യോക്കഹാമാവിട്ട് ഒൻപതു ദിവസം കഴിഞ്ഞപ്പോരം ഫിലിയസ്ഫാഗ് തൻെറ ഭൂപ്രദിക്ഷിണത്തിൻെറ നേർപകുതി പൂർത്തിയാക്കിയിരുന്നു, അവരുടെ കപ്പൽ നൂററി എൺപതാമത്തു രേഖാംശം കടന്നിരുന്നു. നവംബർ ഇരുപത്തിമൂന്നാംതീയതി നമ്മുടെ യാത്രക്കാർ ലണ്ടൻ നഗരത്തിൻെറനേരേ എതിർവശത്തെത്തി. ഇനിയും ഇരുപത്തെട്ടു ദിവസമേ ബാക്കിയുള്ളൂ. അൻപത്തിരണ്ടു ദിവസവും അതുവരെയുള്ള യാത്രയിൽ ചെലവാക്കേണ്ടി വന്നു. പക്ഷെ, ഭാഗ്യവശാൽ ഇനിയുള്ള യാത്രയിൽ താമസമൊന്നുമുണ്ടാവാനിടയില്ല. വഴിയിൽ കുഴപ്പങ്ങരം സൃഷ്ടിക്കാനും ആരുമില്ല. എന്നാൽ ഫിക്സും അതേ കപ്പലിൽതന്നെയുണ്ടു്. യോക്കഹോമായിലെത്തിയപ്പോരം അയാരം നേരേ ബ്രിട്ടീഷ് പ്രതിപുരുഷാലയത്തിലേക്കാണു പോയതു്. ഫിലിയസ്ഫാഗിനെ അറസ്ററു ചെയ്യാനുള്ള വാറണ്ടു് ക്യാഥേ കപ്പലിൽ ഹോങ്ങ്കോ

ങ്ങിലേക്കയെച്ചിരുന്നു. എന്നാൽ അതുകൊണ്ടു് പ്രയോജനമൊന്നുമില്ല. ഫിലിയസ്ഫാഗ് ഒരു വിദേശരാജ്യത്താണു്. ആ വാറണ്ടുകൊണ്ടു് അദ്ദേഹത്തെ അറസ്റ്റുചെയ്യാൻ ചട്ടമില്ല. ഒരു പ്രത്യേകവാറണ്ടു സമ്പാദിച്ചേ തീരൂ. അതിനൊട്ടു സമയവുമില്ല. ഫിക്സ് വിഷമിച്ചു. എന്നാൽ അയാരം നിരാശപ്പെട്ടില്ല.

"ശരി, ഇയാരം ഇംഗ്ലണ്ടിലേക്കാണല്ലോ പോകുന്നതു്. അവിടെവച്ചറസ്റ്റു ചെയ്തുകൊള്ളാം'

ഇങ്ങനെ നിശ്ചയിച്ചുകൊണ്ടു് ഫിക്സും സാൻഫ്രാൻസിസ്കോവിലേക്കുള്ള കപ്പലിൽ കയറി. പാസ്പാർട്ടുവിനെ സക്സസ്കാരന്റെ വേഷത്തിൽ ഫിക്സ് കണ്ടു. അയാരം ഉടൻതന്നെ മുറിയിലേയ്ക്കു പൊയ്ക്കളഞ്ഞു. ധാരാളം യാത്രക്കാർ ഉണ്ടായിരുന്നതുകൊണ്ടു് പാസ്പാർട്ടു കാണാതെ ഒളിച്ചിരിക്കാൻ ഫിക്സിനു കഴിഞ്ഞു. എന്നാൽ അന്നുതന്നെ കപ്പൽത്തട്ടിന്റെ മുൻഭാഗത്തുവച്ചു് ഫിക്സും പാസ്പാർട്ടുവും തമ്മിൽ കണ്ടുമുട്ടി. പാസ്പാർട്ടു യാതൊന്നും സംസാരിച്ചില്ല. ഒററക്കുതിപ്പിനു് കുററാന്വേഷകന്റെ കഴുത്തിൽ പിടികൂടി. മറേറക്കൈയ്കൊണ്ടു് അയാളുടെ ചെകിട്ടത്തു് പടക്കം പൊട്ടുംപോലെ ഒരടിയും കൊടുത്തു. നാലുവശവും യാത്രക്കാർ നോക്കിനിൽക്കുകയാണു്. ഫിക്സ് എഴുന്നേററു് ശാന്തനായി പാസ്പാർട്ടുവിനോടു ചോദിച്ചു.

'എന്താ, മതിയായയോ?'

'തല്ക്കാലത്തേയ്ക്കു്.'

'എനിക്കു നിങ്ങളോടൊരു കാര്യം പറയാനുണ്ടു്.'

'മതിമതി. തന്റെ കാര്യം യാതൊന്നുമിവിടെ വേണ്ട.'

'നിങ്ങളുടെ യജമാനന്റെ രക്ഷയ്ക്കാണു്.'

"അടികൊണ്ടിട്ടും ഫിക്സ് യാതൊരു വിരോധ ഭാവവും കാണിക്കാത്തതിൽ പാസ്പാർട്ടുവിനു് അത്ഭുതംതോന്നി. അയാൾ ഫിക്സിനെ അനുഗമിച്ചു. രണ്ടു പേരും അകലെയുള്ള ഒരു ബെഞ്ചിൽ ചെന്നിരുന്നു."

'നിങ്ങളെന്നെ അടിച്ചു. അല്ലേ? ഞാനതു പ്രതീക്ഷിച്ചതുതന്നെ. എന്നാൽ ശ്രദ്ധിക്കു. ഇതുവരെ ഞാൻ ഫോഗിനു് എതിരായിരുന്നു. ഇനി അനുകൂലമാണു്.'

'ആഹാ. ഇപ്പോൾ നിങ്ങൾക്കു മനസ്സിലായോ, അദ്ദേഹം സത്യസന്ധനാണെന്നു്?'

"ഇല്ല. അയാൾ ഒരു കള്ളൻ തന്നെയെന്നു് ഇപ്പോഴും ഞാൻ വിചാരിക്കുന്നു. നിൽക്കു! ഞാൻ മുഴുവനും പറയട്ടെ! ഫോഗ് ഇംഗ്ലീഷ് രാജ്യത്തായിരുന്നപ്പോൾ വാറണ്ടുവരുന്നതുവരെ അയാളെ തടഞ്ഞു വെക്കേണ്ടതു് എന്റെ ചുമതലയായിരുന്നു. നിങ്ങളുടെ യാത്ര

യെ തടസ്സപ്പെടുത്തേണ്ടതു് എൻെറ ആവശ്യമായിരുന്നു എന്നു ചുരുക്കം. ബോംബെയിലെ പുരോഹിതന്മാരെ ക്കൊണ്ടു കേസുകൊടുപ്പിച്ചതു ഞാനാണു്. നിങ്ങളെ കരുപ്പുതന്നുമയക്കി ഫിലിയസ്ഫാഗിനു കപ്പൽ തെററി ച്ചതും ആ ഉദ്ദേശത്തോടുകൂടിത്തന്നെ."

പാസ്പാർടു മുഷ്ടിചുരുട്ടി, ഇതൊക്കെ കേട്ടുകൊ ണ്ടിരുന്നു. ഫിക്സ് തുടൎന്നു. 'ഫിലിയസ്ഫാഗ് ഇം ഗ്ളണ്ടിലേക്കു പോവുകയല്ലേ! ഞാനും അയാളെ പിൻ തുടരുകയാണു്. ഇനിയുള്ള യാത്രക്കു് കഴിയുന്നത്ര വേ ഗം കൂട്ടണമെന്നാണെൻെറ കരുതൽ. നിങ്ങൾക്കുമതു തന്നല്ലേ ഉദ്ദേശം. ഇംഗ്ളണ്ടിലെത്തുമ്പോൾ നിങ്ങൾ പരമാൎത്ഥം മനസ്സിലാക്കും. നീങ്ങളൊരു മാന്യൻെറ പരിചാരകനോ ഒരു കള്ളൻെറ പരിചാരകനോ എന്നു് അപ്പോൾ ബോധ്യപ്പെടും.'

പാസ്പാർടു ഇതെല്ലാം ശ്രദ്ധാപൂർവ്വം കേട്ടുകൊ ണ്ടിരുന്നു.

'എന്തു്! നാമിപ്പോൾ സുഹൃത്തുക്കളല്ലേ?' ഫിക്സ് എടുത്തുചോദിച്ചു.

'സുഹൃത്തുക്കളോ! ഒരിക്കലുമല്ല. ഐക്യകക്ഷി കൾ. അതേ! കാൎയ്യസാദ്ധ്യത്തിനുവേണ്ടി ഒന്നിച്ചുചേൎന്ന ശത്രുക്കൾ. ഞാൻ നിങ്ങളെ ജാഗ്രതയായി സൂക്ഷിച്ചു

കൊണ്ടിരിക്കും. ഇനിയും വല്ല കെണിയും വയ്ക്കാൻ ഭാവമുണ്ടെങ്കിൽ അദ്ദേഹമാളെന്റെ മട്ടങ്ങ മാറും.'

'സമ്മതിച്ചു.' കുററാന്വേഷകൻ മറുപടി പറഞ്ഞു.

പതിനൊന്നു ദിവസം കഴിഞ്ഞു് ഡിസംബർ മൂന്നാംതീയതി കപ്പൽ 'ഗോൾഡൻഗേററി'ലെത്തി. സാൻഫ്രാൻസിസ്കോവിലേക്കുള്ള പ്രവേശനദ്വാരമാണതു്. കാലത്തു് ഏഴിനു് ഫിലിയസ് ഫാഗും കൂട്ടരും അമേരിക്കയിലിറങ്ങി. ഹോംകോങ്ങിൽ നിന്നും സാൻഫ്രാൻസിസ്കോവിലേക്കുള്ള യാത്രയിൽ ഒററ ദിവസവും ഫാഗിനു നഷ്ടപ്പെട്ടില്ല. അത്ര കന്നിശത്തിനാണു് 'ജനറൽ ഗ്രാൻറു്' സഞ്ചരിച്ചതു്.

കരയ്ക്കിറങ്ങിയ ഉടൻന്യൂയോർക്കിലേക്കുള്ള തീവണ്ടിയുടെ സമയം എപ്പോഴാണെന്നാണു് ഫിലിയസ് ഫാഗ് അന്വേഷിച്ചതു്. വൈകിട്ടു് ആറുമണിക്കു് വണ്ടി പുറപ്പെടും. അതുകൊണ്ടു് പകൽ മുഴുവൻ കാലിഫോർണ്ണിയായുടെ ആ തലസ്ഥാന നഗരി ചുററിക്കാണാൻ തന്നെ അദ്ദേഹം തീരുമാനിച്ചു. ആവൂദായും പാസ്പാർട്ടുവുമൊന്നിച്ചു് ഫിലിയസ് ഫാഗ് 'ഇൻറർനാഷണൽ ഹോട്ട'ലിലേക്കു പോയി. സാൻഫ്രാൻസിസ്കോവിലെ വിശേഷപ്പെട്ട ഹോട്ടലുകളിൽ ഒന്നാണതു്.

പ്രാതൽകഴിഞ്ഞു് ഫാഗും ആവൂദായുമായി ഇംഗ്ലീഷ് പ്രതിപുരുഷാലയത്തിലേക്കു പുറപ്പെട്ടു. ഏതാനും

കൈയ്ത്തോക്കുകൾ കൂടി വാങ്ങിക്കേണ്ടതുണ്ടെന്നു് പാസ്പാർട്ടു യജമാനനെ ഓർമ്മിപ്പിച്ചു. സാൻഫ്രാൻസിസ്കോവിൽനിന്നു് ന്യൂയോക്കിലേക്കുള്ള യാത്രയിൽ കൊള്ളക്കാർ തീവണ്ടിയിൽ കടന്നുകൂടാറുണ്ടെന്നു് ഫാഗ്ഗും കേട്ടിരുന്നു. പക്ഷെ, അദ്ദേഹം അതത്ര സാരമാക്കിയില്ല. ഇഷ്ടംപോലെ ചെയ്തുകൊള്ളൂ, എന്നു പാസ്പാർട്ടുവിനോടു പറഞ്ഞിട്ടു് ഫാഗ് യാത്ര തുടന്നു. ഇരുനൂറുവാര പോകുന്നതിനു മുൻപു് അദ്ദേഹം ഫിക്സിനെ യാദൃശ്ചികമായി കണ്ടു. ഫിക്സും ഫാഗ്ഗുമായി ഹോംകോങ്ങിൽനിന്നു് സാൻഫ്രാൻസിസ്കോവരെ ഒരേ കപ്പലിലാണു് യാത്ര ചെയ്തതു്. എന്നിട്ടും അവർ തമ്മിൽ കപ്പലിൽവച്ചു് കണ്ടുമുട്ടിയില്ല. തനിക്കു വളരെയേറെ കടപ്പാടുള്ള ബഹുമാന്യനായ ഫിലിയസ്ഫാഗിനെ കണ്ടപ്പോൾ ഫിക്സ് വലിയ അത്ഭുതം പ്രകടിപ്പിച്ചു. യൂറോപ്പിലേക്കു യാത്ര ചെയ്യാൻ അദ്ദേഹവും ഉദ്ദേശിക്കുന്നുണ്ടെന്നും ഒന്നിച്ചുപോകുന്നതിൽ വളരെ സന്തോഷമുണ്ടെന്നും ഫിക്സ് അറിയിച്ചു. ഫിക്സിനെപ്പോലെ ഒരു മാന്യസുഹൃത്തൊന്നിച്ചു് യാത്ര ചെയ്യാൻ തനിക്കും വളരെ സന്തോഷമുണ്ടെന്നു് ഫാഗ് ഫിക്സിനോടു് ആത്മാർത്ഥമായി പറഞ്ഞു. അദ്ദേഹമൊന്നിച്ചു് നഗരത്തിലെ എല്ലാ പ്രധാന കേന്ദ്രങ്ങളും ചുററിക്കാണുവാൻ ഫിക്സും പുറപ്പെട്ടു. വളരെക്കഴിഞ്ഞു് അവരെല്ലാവരും കൂടി ഹോട്ടലിലെത്തി 'ഡിന്നർ' കഴിച്ചു. വൈകിട്ടു് ആറടിക്കാൻ പതിനഞ്ചുമിനിററുള്ളപ്പോൾ അവർ റയിൽവേസ്റ്റേഷനിലെത്തി. തീവണ്ടി തയാറായി കിടന്നിരുന്നു.

അദ്ധ്യായം 13

# സാൻഫ്രാൻസിസ്കോവിൽനിന്ന് ന്യൂയോക്കിലേക്ക്.

അമേരിക്കൻ ഐക്യനാടുകളുടെ ഏററവും വീതി കൂടിയ ഭാഗത്തുകൂടിയാണ് 'ഗ്രാൻറ് ട്രങ്കു ലൈൻ' കടന്നുപോകുന്നതു്. ഈ തീവണ്ടിപ്പാതക്കു രണ്ടു വലിയ വിഭാഗങ്ങളുണ്ടു്. ഒന്നു് സെൻട്രൽ പസഫിക് ലൈൻ. ഇതു് സാൻഫ്രാൻസിസ്കോവിൽനിന്നു് 'ഓക്ഡൻ' വരെനീണ്ടുകിടക്കുന്നു. രണ്ടാമത്തേതു് 'യൂണിയൻ പസഫിക്‌ലൈനാ'ണു്. ഇതു് ഓക്ഡനിൽനിന്നും 'ഒമേഹാ' വരെയുണ്ടു്. മിസ്സൂരിനദിയുടെ വലത്തു കരയിലായി നെബ്രാസ്കാ സംസ്ഥാനത്തു സ്ഥിതിചെയ്യുന്ന ഒരു പട്ടണമാണ് ഒമേഹാ. ഒമേഹായിൽനിന്നും ന്യൂയോക്കിലേക്കു് അഞ്ചു "ട്രങ്കുലൈ"നുകളുണ്ടു്. ഇവയിൽക്കൂടി എപ്പോഴും തീവണ്ടികൾ ഇടവിടാതെ ഓടിക്കൊണ്ടിരിക്കുന്നു.

അങ്ങനെ, സാൻഫ്രാൻസിസ്കോവും ന്യൂയോക്കുമായി മൂവായിരത്തി എഴുന്നൂററി എൺപത്താറു മൈൽ നീളത്തിൽ അവിച്ഛിന്നമായ ഒരു ഇരുമ്പു വീഥികൊണ്ടുബന്ധിക്കപ്പെട്ടിരിക്കയാണു്. പണ്ടെല്ലാം ഏററവും

നല്ല കാലാവസ്ഥയിൽ പോലും ഇത്രയും ദൂരം യാത്രചെയ്യാൻ ഒരു യാത്രക്കാരന് ആറു മാസത്തിൽ കുറയാതെ വേണ്ടിയിരുന്നു. ഇന്നാണെങ്കിൽ ഏഴുദിവസം തികച്ചു വേണ്ട. ഒമേഹായ്ക്കും സിറാനെവാദായ്ക്കും ഇടയിലുള്ള കാലിഫോർണിയൽ പുൽത്തകിടിമുഴുവൻ അക്കാലങ്ങളിൽ റെഡ് ഇൻഡ്യന്മാരെക്കൊണ്ടും കാട്ടുമൃഗങ്ങളെക്കൊണ്ടും നിറഞ്ഞിരുന്നു. യാത്ര എപ്പോഴും ആപൽക്കരമായിരുന്നു എന്ന് പ്രത്യേകം ഓർക്കേണ്ടതുണ്ട്.

ഏഴു ദിവസത്തിനകം ന്യൂയോർക്കിൽ എത്താമെന്ന് ഫിക്സ് ആശിച്ചു. അങ്ങനെയാണെങ്കിൽ പതിനൊന്നാംതീയതി ലിവർപൂളിലേക്കു പുറപ്പെടുന്ന കപ്പൽ കിട്ടും. സാൻഫ്രാൻസിസ്കോവിൽനിന്നു തിരിച്ച് മൂന്നു പകലും മൂന്നു രാത്രിയും യാത്രചെയ്തു. ആയിരത്തി മുന്നൂററിഎൺപത്തിരണ്ടു മൈൽ സഞ്ചരിച്ചു. അപ്പോഴുണ്ട് ഒരു ബഹളം! അട്ടഹാസങ്ങളും തോക്കുകളുടെ ഗർജ്ജനങ്ങളും തുടർന്നു കേൾക്കുന്നു. തീവണ്ടിയുടെ മുൻഭാഗം കൊള്ളക്കാർ ആക്രമിച്ചതാണ്. എല്ലാ മുറികളിൽനിന്നും മുറവിളികൾ കേൾക്കാനുണ്ട്. ഫിക്സും, ഫാഗും നിറതോക്കുകളുമായി വണ്ടിയുടെ മുൻഭാഗത്തേക്കോടി (വണ്ടിയുടെ ഒരററംമുതൽ മറേറ അററംവരെ നീണ്ട ഒരു ഇടനാഴി ഉണ്ടായിരുന്നു.) ഒരുക്കൂട്ടം കൊള്ളക്കാർ വണ്ടിയെ ആക്രമിച്ചിരിക്കുന്നതായി അവർ കണ്ടു. ഓടിക്കൊണ്ടിരുന്ന വണ്ടിയുടെ ചവിട്ടുപടികളിൽ ചാടിക്കയറി അവർ ഡ്രൈവറേയും കൂടെയുള്ള ജോലിക്കാരനേയും

അടിച്ചു് അവശരാക്കി ഇട്ടിരുന്നു. കൊള്ളക്കാരുടെ തലവൻ വണ്ടി നിറുത്താൻ ശ്രമിച്ചു. എന്നാൽ അതു് എങ്ങനെയെന്നു് അയാൾക്ക പിടികിട്ടിയില്ല. വണ്ടിനിറുത്താനുള്ള ശ്രമത്തിൽ ആവി നിശ്ശേഷം നിയന്ത്രിക്കുന്നതിനു പകരം പാടെ തുറന്നുവിടുകയാണയാൾ ചെയ്തതു്. അതോടുകൂടി തീവണ്ടി അതിവേഗം ഓടിത്തുടങ്ങി. യാത്രക്കാരും കൊള്ളക്കാരും തമ്മിൽ ഉഗ്രമായ സംഘട്ടനം നടക്കുകയാണു്. ഇരുപതിൽപരം കൊള്ളക്കാർ മരിച്ചു. ചിലർ വെളിയിൽ വീണു് വണ്ടിച്ചക്രങ്ങൾക്കിടയിൽ പെട്ടു് അരഞ്ഞു മരിച്ചു. ഏതാണ്ടു് മണിക്കൂറിൽ നൂറുമൈൽ വേഗത്തിലാണു് വണ്ടിഅപ്പോൾ ഓടിക്കൊണ്ടിരുന്നതു്. യാത്രക്കാരിൽ പലക്കും മുറിവുകൾപററി.

ഈ സംഘട്ടനത്തിനു് ഒരറുതി വരുത്തേണ്ടതത്യാവശ്യമായിരുന്നു. പത്തു മിനിററായി സംഘട്ടനം തുടങ്ങിയിട്ടു്. വണ്ടി നിറുത്തിയില്ലെങ്കിൽ കൊള്ളക്കാർ തന്നെ ജയിക്കും. ഫോർട്ടു് കീർണി സ്റ്റേഷനിലേക്കു് രണ്ടു മൈലേയുള്ളു. അവിടെ ഒരുകൂട്ടം വെള്ളപ്പട്ടാളം കിടപ്പുണ്ടു്. വണ്ടി കീർണിയിൽ നിന്നാൽ പട്ടാളത്തിൻെറ സഹായം നേടാം. ഇല്ലെങ്കിലോ കൊള്ളക്കാർ ജയിച്ചതുതന്നെ. അടുത്ത സ്റ്റേഷനിലേക്കു് വീണ്ടും വളരെ പ്പോകണം. ഗാർഡു്, ഫാഗിനോടു ചേൻറു നിന്നു് കൊള്ളക്കാരോടു സമരം ചെയ്കയാണു്. പെട്ടെന്നു് അദ്ദേഹത്തിനൊരു വെടിയേററു. അദ്ദേഹം വീഴുന്നതിനിട

യിൽ പറഞ്ഞു "വണ്ടി അഞ്ചു മിനിററിനകം നിറുത്തണം. ഇല്ലെങ്കിൽ നാമൊക്കെത്തുലഞ്ഞു!'

'അതേ, നിറുത്തണം—നിറുത്താം, ഫാഗ് മുന്നോട്ടു കുതിച്ചു.

'വേണ്ട സർ. അങ്ങവിടെ നിന്നാൽ മതി. വണ്ടി ഞാൻ നിറുത്താം.' ഇങ്ങനെ പറഞ്ഞുകൊണ്ടു് പാസ്പാർട്ടു കൊള്ളക്കാരറിയാതെ വാതൽ തുറന്നു് ചവിട്ടുപടിയിൻ ഇറങ്ങി. ഒരു വണ്ടിയിൽനിന്നു മറെറാന്നിലേക്കു് ചങ്ങലമാർഗ്ഗം തൂങ്ങിക്കയറി അയാൾ എൻജിന്റെ അടുത്തുള്ള വണ്ടിയിലെത്തി. എൻജിനും സാമാനവണ്ടികളും ഇടയിൽ ഒരു കൈകൊണ്ടു തൂങ്ങിക്കിടന്നു് പാസ്പാർട്ടു എൻജിന്റെ ബന്ധം അഴിച്ചുമാററി. എൻജിൻമാത്രം അതിവേഗത്തിൽ ഇരച്ചുപാഞ്ഞു. വണ്ടി വീണ്ടുംകുറേദൂരം കൂടി ഓടി. അപ്പോഴേക്കും ബ്രേക്കുകൾ ഉപയോഗിച്ചു് വണ്ടി നിറുത്തപ്പെട്ടു. കീർണി സ്റ്റേഷനു് ഒരു നൂറുവാര ഇപ്പുറത്താണു് അതു നിന്നതു്.

കീർണിക്കോട്ടയിലെ പട്ടാളക്കാർ വെടിയുടെ ശബ്ദം കേട്ടു് തീവണ്ടിപ്പാതയിലേക്കോടിച്ചെന്നു. കൊള്ളക്കാരെയെല്ലാംപിടികൂടി. യാത്രക്കാരെഎണ്ണിനോക്കിയപ്പോൾ മൂന്നുപേരെക്കാണാനില്ല. ഒന്നു പാസ്പാർട്ടുവാണു്. കൊള്ളക്കാർ കൊന്നോ വണ്ടിക്കടിയിൽ വീണോ—അറിഞ്ഞുകൂടാ.

മുറിവേററവർ വളരെയുണ്ടു്. മരിക്കത്തക്ക മുറിവു് ആർക്കും പററിയിട്ടില്ല. ഫിലിയസ് ഫാഗ് കൊള്ളക്കാരുമായി അത്യുഗ്രമായ സമരമാണു ചെയ്തതു്. അദ്ദേഹത്തിനു് ഒരു പോറൽ പോലുമില്ല. ഫിക്സിൻെറ ഭുജത്തിൽ ഒരു മുറിവുണ്ടു്. സാരമില്ല. എന്നാൽ പാസ്സ്പാർട്ടു എവിടെ? ആവൂദായുടെ കണ്ണുകൾ നിറഞ്ഞു.

ഫാഗ് നിശ്ചലനായി കൈകെട്ടി നിൽക്കുകയാണു്. ആവൂദാ അദ്ദേഹത്തോടുചേർന്നു് വ്യാകുലതയോടെ നിന്നു. ആ യുവതി ഫാഗിൻെറ മുഖത്തേക്കു നോക്കി. അവർ ഒന്നും സംസാരിച്ചില്ല. എങ്കിലും ഫാഗിനു് അവരുടെ ഇംഗിതം മനസ്സിലായി. പാസ് പാർട്ടു കൊള്ളക്കാരുടെ കൈവശം അകപ്പെട്ടിരിക്കുമോ. അങ്ങനെയാണെങ്കിൽ അയാളെ വീണ്ടെടുക്കേണ്ടതല്ലേ? “ഞാൻ അയാളെ ജീവനോടോ അല്ലാതെയോ വീണ്ടെടുക്കാം, ആവൂദാ!’ അദ്ദേഹം ശാന്തനായി കൂട്ടുകാരിയെ അറിയിച്ചു. എന്നാൽ ഒരു കുഴപ്പം കിടപ്പുണ്ടു്. ഒററ നിമിഷം കളയാനില്ല. സമയത്തിനു ന്യൂയോർക്കിൽ ചെന്നില്ലെങ്കിൽ കപ്പൽ കിട്ടുകില്ല. പന്തയം തോററുപോകുകയും ചെയ്യും.

കീർണിക്കോട്ടയിലെ കമാൻഡർ ഫാഗ് പറയുന്നതു കേട്ടുകൊണ്ടു് അടുത്തു നിൽക്കുകയായിരുന്നു. ‘അങ്ങു തനിയേ കൊള്ളക്കാരെ തിരയാൻ പോകേണ്ട. മുപ്പതു ഭടന്മാർ!’ കമാൻഡർ ഇത്രയും പറയാത്ത താമസം, യോദ്ധാക്കൾ മുഴുവൻ ഒരേ നിരയായി മുന്നോട്ടു നീങ്ങി

നിന്നു. അവരിൽനിന്നു് മൂപ്പതാളുകളെ തിരഞ്ഞെടുത്തു. പഴക്കമുള്ള ഒരുസർജൻറിനെ അവരുടെ തലവനായിട്ടും നിശ്ചയിച്ചു.

കമാൻഡറോടുനന്ദിപ്രകാശിപ്പിച്ചും ആവൂദായോടു യാത്ര ചോദിച്ചും ഫാഗ് പട്ടാളക്കാരുമായി തിരിച്ചു. അദ്ദേഹം അവരോടു പറഞ്ഞു: "സ്നേഹിതരേ, ആയിരം പവൻ ഞാൻ നിങ്ങൾക്കായി വീതിച്ചു തരുന്നുണ്ടു്. തടവുകാരെ വീണ്ടുകിട്ടട്ടെ." പട്ടാളക്കാർ പൂർവാധികം ഉത്സാഹത്തോടെ ഫാഗിനെ പിൻതുടൎന്നു.

നേരം ഉച്ചതിരിഞ്ഞു. വൈകി. എന്നിട്ടും നമ്മുടെ പട്ടാളക്കാരെയും 'ഫാഗി'നെയും കണ്ടില്ല അവൎക്കു് എന്തു സംഭവിച്ചിച്ചിരിക്കുമോ. ആവൂദാ വിഷമിച്ചിരിക്കയാണു്. രാത്രിമുഴുവൻ അവൾ ഉറങ്ങാതിരുന്നു. ആയിരമായിരം ആപത്തുകൾ ഉണ്ടാകുന്നതായി അവൾ ഭാവനയിൽകണ്ടു. ഫിക്സും വളരെ അസ്വാസ്ഥനായി. അയാളും ഉറങ്ങിയില്ല.

രാത്രി വല്ലവിധവും കഴിഞ്ഞു. പട്ടാളത്തലവനും വല്ലാത്ത ഉൽക്കണ്ഠതോന്നി. അദ്ദേഹം ലഫ്‌റനൻറിനെവിളിച്ചു് ദക്ഷിണ ഭാഗങ്ങളിൽ ഒരു സമഗ്രാന്വേഷണം നടത്താൻ ആജ്ഞകൊടുത്തു. അപ്പോൾ അകലെ ഒരു ആരവം കേൾക്കായി. ശബ്ദംകേട്ട ദിക്കിലേക്കു് പട്ടാളം ഓടിഅടുത്തു. ഒരു അരമൈൽ ചെന്നപ്പോൾ തലേദിവസം പോയ യോദ്ധാക്കൾ ഉത്സാഹപൂൎവം തിരിച്ചു

വരുന്നു. ഫോഗ് മുൻപേയുണ്ട്. അദ്ദേഹത്തോടു ചേർന്നു പാസ്സ്പാർട്ടുവും കാണാതെപോയ മററു രണ്ടു യാത്രക്കാരുമുണ്ട്. കോട്ടയിൽനിന്നു പത്തുമൈൽ അകലെവച്ച് കൊള്ളക്കാരെ ഫോഗും കൂട്ടരും കണ്ടെത്തി. തുടർന്നുള്ള ഏററുമുട്ടലിൽ കൊള്ളക്കാർ ഓടി. യാത്രക്കാരെ വീണ്ടു കിട്ടുകയും ചെയ്തു.

രക്ഷിക്കപ്പെട്ടവരെയും രക്ഷിതാക്കളെയും കീർണി കോട്ടയിൽഹൃദയപൂർവം സ്വീകരിച്ചു. ഫിലിയസ്ഫോഗ് വാഗ്ദത്തം ചെയ്ത തുക പട്ടാളക്കാക്കു വീതിച്ചുകൊടുത്തു. പാസ്പാർട്ടു 'സ്റ്റേഷ'നിലേക്കുപോയി. പക്ഷെ അവിടെ വണ്ടി കിടപ്പില്ല. അതു പൊയ്ക്കഴിഞ്ഞു.

എൻജിൻമാത്രം കുറെ ദൂരം പോയപ്പോൾ ഡ്രൈവർ ബോധം വീണെഴുന്നേററു. അദ്ദേഹം കാര്യം ഗ്രഹിച്ചു. എൻജിൻ തിരിച്ച് കീർണി സ്റ്റേഷനിൽ കൊണ്ടുവന്ന് അവിടെ കിടന്ന തീവണ്ടി എൻജിനിൽ തൊടുത്തി ഒമേഹായ്ക്കുവിട്ടു. സമയവും വളരെക്കഴിഞ്ഞു.

പാസ്പാർട്ടു വിഷണ്ണനായി തിരിച്ചുവന്നു.

'തീവണ്ടി അവിടെ കിടപ്പുണ്ടല്ലോ.' ഫോഗ് ചോദിച്ചു.

'പൊയ്ക്കഴിഞ്ഞു.'

'പോയോ?' ഫിക്സ് നിരാശയോടെ ചോദിച്ചു.

'അടുത്തവണ്ടി?' ഫോഗ് പാസ്പാർട്ടുവിനോടു ചോദിച്ചു.

'ഇനി വൈകിട്ടേ ഉള്ളൂ.'

അദ്ധ്യായം 14

# ഫിക്സ് ഫിലിയസ് ഫാഗിൻെറ സഹായി.

ഫിലിയസ് ഫാഗിന്ന് അപ്പോൾ ഇരുപത്തു മണി ക്കൂർ നഷ്ടപ്പെട്ടിട്ടുണ്ട്. പന്തയം കിട്ടുമായിരുന്ന തുക നഷ്ടപ്പെട്ടതു മാത്രമല്ല കൈയിൽ ഇരുന്നതും പൊയ്കഴിഞ്ഞു. ബദ്ധപ്പാടുമാത്രം മിച്ചമായി. ഫിലിയസ്ഫാഗിനെ നശിപ്പിച്ചതു് അദ്ദേഹത്തിൻെറ ഭൃത്യനാണു്. എല്ലാ ഏടാകൂടങ്ങൾക്കും അയാൾ ഒരുത്തനാണു് ഉത്തരവാദി. ഈ സമയം കുററാന്വേഷകൻ ഫിക്സ് ഫാഗിൻെറ സമീപത്തേക്കുചെന്നു. 'ഈ കാലതാമസം അങ്ങയെ വല്ലാതെ വിഷമിപ്പിക്കുന്നുണ്ടാവാം. ലിവർപൂളിലേക്കുള്ള കപ്പൽ കിട്ടുന്നതിന്നു് പതിനൊന്നാം തീയതി ഒൻപതു മണിക്കുമുൻപു് ന്യൂയോക്കിൽ എത്തണം. അല്ലാതെ പററുമോ?' ഫിക്സ് ഫാഗിനോടു ചോദിച്ചു.

'ഇല്ല. പതിനൊന്നാം തീയതി ഒൻപതിനുതന്നെ ന്യൂയോക്കിൽ എത്തണം.'

'കൊള്ളക്കാരുടെ ആക്രമണം ഉണ്ടായില്ലെങ്കിൽ സമയത്തിനുതന്നെ എത്താമായിരുന്നു.'

'എന്നുമാത്രമല്ല. പന്ത്രണ്ടു മണിക്കൂർ ലാഭപ്പെടു കയും ചെയ്യുമായിരുന്നു.'

'ഇപ്പോൾ ഇരുപതു മണിക്കൂർ താങ്കൾക്കു നഷ്ടമു ണ്ടായിട്ടുണ്ടു്; അല്ലേ? അപ്പോൾ ലാഭപ്പെടുമായിരുന്ന പന്ത്രണ്ടു മണിക്കൂർ തട്ടിക്കഴിച്ചാൽ ബാക്കി എട്ടുമണി ക്കൂറാണു്. ആ എട്ടുമണിക്കൂർ വീണ്ടെടുക്കേണ്ടതുണ്ടു്; അല്ലേ? ഈ നഷ്ടം പരിഹരിക്കണ്ടേ?'

'വേണം; നടന്നുകളയാമെന്നോ?'

'വേണ്ട. നമുക്കൊരു 'സ്ലെഡ്ജ്' പിടിച്ചാലെ ന്താണു്? പായ്കെട്ടി ഓടിക്കുന്ന സ്ലെഡ്ജ്. ഒരു സ്നേഹിതൻ അങ്ങനെ അഭിപ്രായപ്പെട്ടു. അതൊരു പ റ്റിയ മാർഗ്ഗമാണെന്നു് എനിക്കും തോന്നുന്നു.'

തലേ രാത്രിയിൽ ഫാഗ്ഗും പട്ടാളക്കാരും പാസ് പാർട്ടുവിനെ വീണ്ടെടുക്കാൻ പോയപ്പോൾ ഈ വാഹന സൗകര്യത്തെപ്പററി ഒരാൾ ഫിക്സിനോടു പറഞ്ഞ താണു്. എന്നാൽ ഫിക്സ് അപ്പോൾ അതു നിരസി ക്കുകയാണുണ്ടായതു്. ഫാഗിന്നു് ഈ നിർദ്ദേശം ഇഷ്ട പ്പെട്ടെന്നുകണ്ടു് ഫിക്സ് സ്ലെഡ്ജിന്റെ ഉടമസ്ഥനെ കണ്ടുപിടിച്ചു. പെട്ടെന്നുതന്നെ സ്ലെഡ്ജ് തയാറായി. രണ്ടുവലിയ പായ്കൾ കെട്ടിയ ആ 'തെന്നുവണ്ടി'യിൽ അഞ്ചാറാളുകൾക്കു് ഇരിക്കാമായിരുന്നു. കാററു് ഏററ വും അനുകൂലമായിരുന്നു. പടിഞ്ഞാറുനിന്നു കിഴക്കോട്ടു്

ശക്തിയായ കാററു് അടിച്ചുകൊണ്ടിരുന്നു. ഭൂമിയാണെങ്കിൽ മഞ്ഞുവീണു നല്ലതുപോലെ ഉറച്ചിരുന്നതാനും. സ്ലെഡ്ജിൻെറ ഉടമസ്ഥൻ 'മഡ്ജ്' ഫാഗിനേയും കൂട്ടരെയും വണ്ടിയിൽ കയററി. ഏതാനും മണിക്കൂറുകൾക്കകം ഒമേഗാസ്റ്റേഷനിൽ എത്തിക്കാമെന്നു് അയാൾഏററു. അവിടെനിന്നു് 'ചിക്കാഗോ'വിലേക്കും ന്യൂയോക്കിലേക്കും തുടരെത്തുടരെ തീവണ്ടിയുണ്ടു്.

എട്ടുമണിക്കു് യാത്രക്കാർ കമ്പിളിവസ്ത്രങ്ങൾ പുതച്ചു് യാത്രയ്ക്കു തയാറായിരുന്നു. പായ്‌വിരിച്ചു് സ്ലെഡ്ജ് മഞ്ഞിൽക്കൂടി തെന്നിത്തെന്നി ഓടി. കുറച്ചു നിമിഷങ്ങൾക്കകം മണിക്കൂറിൽ നാല്പതുമൈൽ വേഗത്തിൽ ആ വാഹനം പ്രയാണം തുടങ്ങി. ഒമേഹായിലേക്കു് അവിടെ നിന്നും ഇരുനൂറുമൈൽ ദൂരം വരും. കാററു് അനുകൂലമായി നിൽക്കുമെങ്കിൽ അഞ്ചുമണിക്കൂർ കൊണ്ടു് ഒമേഹായിൽ എത്താം. ഉച്ചതിരിഞ്ഞു് ഒരുമണിയാകാറായി. അകലെയുള്ള മഞ്ഞുമൂടിയ ചില മേൽക്കൂരകളെ ചൂണ്ടിക്കൊണ്ടു് 'മഡ്ജ്' പറഞ്ഞു. 'ഇതാ നാം എത്തിക്കഴിഞ്ഞു.' സഞ്ചാരികൾ ഒമേഹായിലെത്തി. അവിടെനിന്നും അമേരിക്കൻ ഐക്യനാടുകളുടെ കിഴക്കേത്തീരത്തേക്കു് അനേകം തീവണ്ടികൾ ഓടിക്കൊണ്ടിരിക്കുന്നു. മഡ്ജിനു് വണ്ടിക്കൂലി കൊടുത്തിട്ടു് പെട്ടെന്നുതന്നെ ഫാഗും കൂട്ടരും തീവണ്ടിയിൽ കയറി.

പിറേറദിവസം അവർ ചിക്കാഗോവിൽ എത്തി. അവിടെനിന്നു ന്യൂയോക്കിലേക്കു് തൊള്ളായിരം മൈൽ ദൂരമുണ്ടു്. ചിക്കാഗോവിൽനിന്നു് സമയം തെല്ലും കളയാതെ ഫാഗ്ഗും സുഹൃത്തുക്കളും 'പിററ്സ് ബർഗ് ചിക്കാഗോ' തീവണ്ടിമാർഗ്ഗം അതിവേഗം യാത്രയായി. ഡിസംബർ പതിനൊന്നാം തീയതി രാത്രി പതിനൊന്നേകാലിനു് വണ്ടി ഹഡ്സൻ നദിയുടെ വലത്തെ തീരത്തുള്ള തീവണ്ടിയാപ്പീസിൽ നിന്നു. ഹഡ്സൺ തുറമുഖത്തുനിന്നു് ലിവർപൂളിലേക്കു നേരെ കപ്പലുണ്ടു്. ഫാഗ്ഗും സുഹൃത്തുക്കളും ഹഡ്സണിൽ എത്തുന്നതിനു മുക്കാൽ മണിക്കൂർ മുൻപേയാണു് 'ചൈനാ'എന്ന കപ്പൽ ലിവർപൂളിലേക്കു പോയതു്. എന്തൊരു നിരാശയാണു് യാത്രക്കാർക്കുണ്ടായതു്!

പാസ്പാർട്ടുവാണു് ഏററവും കൂടുതൽ വിഷണ്ണനായതു്. ഫിലിയസ്ഫാഗ് ഭൃത്യനെ കുററപ്പെടുത്തുകയോ നിരാശനായി എന്തെങ്കിലും പറയുകയോ ചെയ്തില്ല. "കഴിഞ്ഞ കാര്യത്തെപ്പററി ചോദിച്ചിട്ടു കാര്യമില്ല. വരിക. ഇനി വേണ്ടതു നാളെ ആലോചിക്കാം" ഇങ്ങനെ പറഞ്ഞിട്ടു് അദ്ദേഹം അടുത്തുള്ള ഹോട്ടലിലേക്കു പോയി.

അടുത്തദിവസം ഡിസംബർ പന്ത്രണ്ടാണു്. ഇനി ഒൻപതു ദിവസവും പതിമൂന്നു മണിക്കൂറും നാല്പത്തഞ്ചു മിനിററുമുണ്ടു്. ചൈനാക്കപ്പൽ കിട്ടിയിരുന്നെങ്കിൽ

ഫിലിയസ്ഫാഗിന് കൃത്യസമയംതന്നെ ലണ്ടനിൽ എത്താമായിരുന്നു. കാലത്തെ പ്രാതൽ കഴിഞ്ഞ് ഫിലിയസ്ഫാഗ് തുറമുഖത്തേക്കുപോയി. നദിയിലും തുറമുഖത്തും നങ്കൂരമിട്ടു കിടന്ന എല്ലാ കപ്പലും അദ്ദേഹം ശ്രദ്ധാപൂർവം നോക്കി. ഏതെങ്കിലുമൊരു കപ്പൽ യാത്രയ്ക്ക് സൗകര്യപ്പെടുത്താമോ എന്ന് ഫാഗ് ശ്രമിച്ചു. ഇല്ല. യാതൊരു കപ്പലും കിട്ടാനുള്ള സാധ്യതയില്ല. ഇതുവരെയുള്ള ശ്രമങ്ങളിൽ അദ്ദേഹത്തിനു പരാജയം ഉണ്ടായിട്ടില്ല. എന്നാൽ ഈ അവസാനത്തെ ശ്രമത്തിൽ തോൽവിയുണ്ടാകുന്ന ലക്ഷണമാണ്. അല്പം അകലെ ഒരു ചെറു കപ്പൽ പുകവമിച്ചുകൊണ്ടു കിടന്നിരുന്നു. അതു യാത്രയ്ക്കു തയാറാവുകയാണെന്ന് ഫാഗ് അനുമിച്ചു.

ഫിലിയസ്ഫാഗ് ഒരു ബോട്ടുപിടിച്ച് ക്ഷണം തന്നെ കപ്പലിലെത്തി കപ്പിത്താനെ കണ്ടു.

'എന്നെയും മൂന്നു കൂട്ടുകാരെയും ലിവർപൂളിൽ എത്തിക്കാൻ തരപ്പെടുമോ?' അദ്ദേഹം കപ്പിത്താനോടു ചോദിച്ചു.

"ലിവർപൂളിലേക്കോ? ഇല്ല. ഞാൻ 'ബോർഡോ' വിലേക്കു പോവുകയാണ്.'

'ഏതു കരാറിനും ഞാൻ തയാറാണ്—'.

'യാതൊരു കരാറിനും ഞാൻ തയാറില്ല.'

'കപ്പലിന്റെ ഉടമസ്ഥന്മാർ—'

'ഉടമസ്ഥന്മാർ ഒക്കെ ഞാൻതന്നെ.'

'ഞാൻ കപ്പൽ വാടകയ്ക്കെടുക്കാമെന്നു കരുതുകയാണു്.'

"വാടകയൊന്നും വേണ്ട."

"എന്നാൽ വിലയ്ക്കുവാങ്ങാം"

"വേണ്ട, വേണ്ട."

ഫിലിയസ് ഫാഗ് യാതൊരു ഭാവ വൈവർണ്യവും കാണിച്ചില്ല. പതിവുപോലെ അദ്ദേഹം ശാന്തനായിത്തന്നെനിന്നു. ഇതുവരെ പണംകൊണ്ടു ജയം നേടി. ഇപ്പോൾ പണത്തിനു് യാതൊരു കഴിവുമില്ലെന്നു വന്നിരിക്കുന്നു. അദ്ദേഹത്തിനു് പെട്ടെന്നൊരു യുക്തി തോന്നി.

"ശരി, ക്യാപ്റ്ററൻ!" അങ്ങു് എന്നെ ബോർഡോവിലേക്കു കൊണ്ടു പോയാൽമതി.

'ഇരുന്നൂറു ഡോളർ തന്നാലും സാദ്ധ്യമല്ല.'

'രണ്ടായിരമായാലോ?'

'ഓരോ ആൾക്കും?'

'അതേ, ഓരോരുത്തക്കും.'

"നിങ്ങൾ നാലുപേരുണ്ടു് എന്നല്ലേ പറഞ്ഞതു്?"

"അതേ. നാലുപേർ"

ക്യാപ്ററൻ കുറച്ചുനേരം തലചൊറിഞ്ഞുകൊണ്ടു നിന്നു. സഞ്ചാരമാർഗ്ഗം വിടാതെതന്നെയല്ലേ എണ്ണായിരം ഡോളർ കിട്ടുന്നതു്. അതു കളഞ്ഞുകുളിക്കുന്നതു ബുദ്ധിയാണോ!

'ശരി. ഞാൻ ഒൻപതിനു തിരിക്കും. അപ്പോൾ നിങ്ങൾ തയാറായിരിക്കണം.'

'ഒൻപതിനു മുൻപു് ഞങ്ങൾ കപ്പലിൽ എത്തുന്നതായിരിക്കും.'

അപ്പോൾ മണി എട്ടരയായിട്ടുണ്ടു്. ഒൻപതുമണിക്കു ഫാഗും കൂട്ടുകാരും കപ്പലിൽ എത്തി. ഒരു മണിക്കൂറിനകം കപ്പൽ ഹഡ്സൺ തുറമുഖത്തിന്റെ പ്രവേശനദ്വാരത്തുള്ള ദീപസ്തംഭം കടന്നു്, തുറന്ന കടലിൽക്കൂടി 'സാൻഡി ഹുകണു'നേരെ ഓടിത്തുടങ്ങി.

അദ്ധ്യായം 15

# പ്രതിസന്ധിഘട്ടങ്ങൾ ഫാഗിന്ന തമാശമാത്രം

പിറേറദിവസം—ഡിസംബർ പതിമൂന്ന്– ഉച്ച തിരിഞ്ഞു് ഒരാൾ കപ്പലിൻെറ ഉയൎന്ന എടുപ്പിൽ കയറി, അവർ സമുദ്രത്തിൻെറ ഏതു ഭാഗത്താണെന്നു പരിശോധിച്ചു. ഈ ആരു കപ്പിത്താനാണെന്നു സംശയിക്കേണ്ട. ഫിലിയസ് ഫാഗുതന്നെ. കപ്പിത്താനായ 'സ്പീഡി'യാകട്ടെ അദ്ദേഹത്തിൻെറ മുറിയ്ക്കുള്ളിൽ ബന്ധനസ്ഥനായി കഴിയുകയാണു്. അദ്ദേഹം മുറിയ്ക്കുള്ളിൽ കിടന്നു് ഉച്ചത്തിൽ സംസാരിക്കുകയും ദേഷ്യപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. എന്താണു സംഭവിച്ചതെന്നോ! ഫിലിയസ് ഫാഗ്, ലിവർപൂളിൽ പോകാനാണല്ലോ ആഗ്രഹിച്ചതു്. എന്നാൽ കപ്പലിന്നു വിലകൊടുക്കാമെന്നുപറഞ്ഞിട്ടും കപ്പിത്താൻ സമ്മതിച്ചില്ല. കപ്പലിൻെറ ഗതി അല്പംപോലും മാററാതെ എണ്ണായിരം പവനാണു് ഫിലിയസ് ഫാഗിൽനിന്നും അയാൾ വാങ്ങാനുദ്ദേശിച്ചിരിക്കുന്നതു്. ഫിലിയസ് ഫാഗും കൂട്ടുകാരും ബോർഡോവിലേക്കുതന്നെ കപ്പൽ കയറിയിരിക്കുകയാണു്.

ഇരുപത്തേഴ് മണിക്കൂർ സമയം അവർ ബോർഡോവിനെ ലക്ഷ്യമാക്കി യാത്രചെയ്തു. ഇതിനകം ഉദാരമായ സംഭാവനകൾ കൊടുത്തു് കപ്പലിലെ എല്ലാ ജോലിക്കാരെയും ഫിലിയസ്ഫാഗ്ഗ് വശീകരിച്ചിരുന്നു. ക്യാപ്ററൻ 'സ്പീഡി'യോടു് കപ്പലിലെ ജോലിക്കാർക്കു് തീരെ ഇഷ്ടവുമുണ്ടായിരുന്നില്ല. അവർ ഒററക്കെട്ടായി കപ്പിത്താനെതിരായി തിരിഞ്ഞു. കപ്പിത്താൻ അദ്ദേഹത്തിൻെറ സ്വന്തം മുറിയിൽ ബന്ധനസ്ഥനായി. ഫിലിയസ്ഫാഗ്ഗ് തൽക്കാലത്തേക്കു് ക്യാപ്ററനുമായി. കപ്പൽ, ലിവർപൂളിനെ ലക്ഷ്യമാക്കി പ്രയാണം തുടങ്ങി. ഫിലിയസ്ഫാഗ്ഗ് വളരെ വിരുദ്ധമായ രീതിയിലാണു് കപ്പലിനെ നയിച്ചിരുന്നതു്. ആയുഷ്കാലം മുഴുവൻ അദ്ദേഹമൊരു കപ്പലോട്ടക്കാരനായിരുന്നോ എന്നു് കാണുന്നവർ വിചാരിച്ചുപോകും.

ഡിസംബർ പതിനാറാം തീയതിയായി. ലണ്ടനിൽനിന്നു പുറപ്പെട്ടതിൻെറ എഴുപത്തഞ്ചാമത്തെ ദിവസമാണു്. അററ്ലാൻറിക് മഹാസമുദ്രത്തിൽക്കൂടി പകുതി ദൂരം അവർ യാത്രചെയ്തുകഴിഞ്ഞു. ആപൽക്കരമായ സമുദ്രഭാഗങ്ങളെല്ലാം അപ്പോഴേയ്ക്കും തരണം ചെയ്തിരുന്നു. ഇനി ഭയപ്പെടാനൊന്നുമില്ലെന്നു് എല്ലാവരുമാശ്വസിച്ചു. അന്നു് കപ്പലിലെ പ്രധാന എൻജിനീയർ ഫാഗിനെസമീപിച്ചു്, കൽക്കരി തീരാറായിരിക്കുന്നു എന്നറിയിച്ചു.

"ശരി, കൽക്കരി തീരുന്നതുവരെ ആവിശ്യമുഴുവൻ സംഭരിച്ച് കപ്പൽ നടത്തുക! ബാക്കി നമുക്കു പിന്നാലെ ആലോചിക്കാം!"

കപ്പൽ, പരമാവധി വേഗത്തിൽ പായുകയാണ്. രണ്ടുദിവസം അവരങ്ങനെ സഞ്ചരിച്ചിരിക്കും. ഡിസംബർ പതിനെട്ട്. ഒരു ദിവസത്തേയ്ക്കുപോലും കൽക്കരി മതിയാകില്ലെന്ന് എൻജിനീയർ വീണ്ടും അറിയിച്ചു.

"എന്തായാലും കപ്പലിലെ തീ അണയരുത്." ക്യാപ്റ്റൻ ഫാഗ് എൻജിനീയരോടു പറഞ്ഞു. അനന്തരം ഫിലിയസ്ഫാഗ് പാസ്പാർട്ടുവിനെ വിളിച്ച് ക്യാപ്റ്റൻ 'സ്പീഡി'യെ കൂട്ടിക്കൊണ്ടുവരാൻ ആജ്ഞാപിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ ബോംബു പൊട്ടുന്നതുപോലെ ഒരു വലിയ ശബ്ദവും അട്ടഹാസവും കേട്ടു. ക്യാപ്റ്റൻ സ്പീഡിയായിരുന്നതു്. അദ്ദേഹം കോപംകൊണ്ടു വിറയ്ക്കുകയായിരുന്നു. "നാമെവിടെയാണ്! നാമെവിടെയാണ്!" കോപം കൊണ്ടു വീർപ്പുമുട്ടിക്കൊണ്ടാണ് ക്യാപ്റ്റൻ അത്രയും ചോദിച്ചതു്.

"ലിവർപൂളിൽനിന്നും എഴുനൂററൻപതു മൈൽ ദൂരത്തിലാണ്." ഫിലിയസ്ഫാഗ് അക്ഷോഭ്യനായി പറഞ്ഞു. "കടൽക്കള്ളൻ!" ക്യാപ്റ്റൻ സ്പീഡി അലറി.

'ഞാനങ്ങയെ ആളയച്ചു വരുത്തിയതാണ്.'

"കള്ളൻ! വഞ്ചകൻ!" സ്പീഡി വീണ്ടും കോപാന്ധനായി ഫാഗിനെ ശകാരിച്ചു.

'സർ, ഞാനങ്ങയെ ആളയച്ചുവരുത്തിയതു് ഈ കപ്പൽ വിൽക്കുമോ എന്നു ചോദിക്കാനാണു്.'

'എന്റെ കപ്പലോ! ഒരിക്കലുമില്ല.'

'സർ, കപ്പൽ പൊളിച്ചു് വിറകിനുപകരം ഉപയോഗിക്കാൻ ഞാൻ നിർബ്ബന്ധിതനായിരിക്കുന്നു.'

'എന്റെ കപ്പൽ, എ— എരിച്ചുകളയാനോ!'

'അതേ, അതിന്റെ മേൽഭാഗമെങ്കിലും പൊളിച്ചേപററൂ. നമുക്കു കൽക്കരിയില്ല.'

"എന്റെ കപ്പൽ! എരിച്ചു കളയുകയോ! അമ്പതിനായിരം ഡോളർ വിലയുള്ള ഈ കപ്പൽ!"

"ഞാൻ അറുപതിനായിരം തരാം." ഫിലിയസ് ഫാഗ് ഒരുകെട്ടു നോട്ടു് ക്യാപ്ററന്റെ കൈയിൽ വച്ചുകൊടുത്തു. ഇതോടുകൂടി സ്പീഡിയുടെ കോപം തണുത്തുറഞ്ഞു. ആ കപ്പൽ ഇരുപതു വർഷം പഴക്കമുള്ളതാണു്." അറുപതിനായിരം ഡോളർ അതിനൊരിക്കലും കിട്ടുന്നതല്ല.

"കപ്പലിന്റെ അടിഭാഗം നമുക്കു കിട്ടുമല്ലോ?" ക്യാപ്ററൻ സ്പീഡി ശാന്തനായിചോദിച്ചു.

"കിട്ടും. ഇരുമ്പുകൊണ്ടുള്ള അടിഭാഗവും യന്ത്രങ്ങളും കിട്ടും. എന്താ നഷ്ടമുണ്ടോ?"

"ഇല്ല." ക്യാപ്ററൻ സന്തുഷ്ടനായി പറഞ്ഞു. അദ്ദേഹം നോട്ടുകളെണ്ണി കീശയിൽ നിക്ഷേപിച്ചു. എന്നിട്ട് കപ്പലിലെ ജോലിക്കാരോടായി പറഞ്ഞു. 'എൻെറപ്രിയപ്പെട്ട സ്നേഹിതരേ, കപ്പലിലെ മരപ്പണികൾ മുഴുവനും പൊളിച്ചെടുത്ത് തീക്കൂട്ടുവിൻ!'

അന്ന് കപ്പലിൻെറ മുകൾത്തട്ടും മുറികളും ബങ്കുകളും പൊളിച്ച് വിറകായി ഉപയോഗിച്ചു. പിറേറദിവസം കപ്പലിലെ കൊടിമരങ്ങളും മററചില തട്ടുകളും പൊളിച്ചു. ജോലിക്കാർ ഉത്സാഹശാലികളായി വിശ്രമമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരുന്നു. ഈ ശ്രമത്തിൽ പാസ്പാർട്ടു അവരെ വളരെ സഹായിച്ചു. പിറേറദിവസം- ഡിസംബർ ഇരുപതാം തീയതി-തട്ടുകളുടെ മിക്കഭാഗവും പൊളിച്ച് വിറകായി ഉപയോഗിച്ചു കഴിഞ്ഞു! അന്ന് അവർ ഐർലണ്ടു തീരത്തുള്ള വിളക്കുമരം കണ്ടു.

രാത്രി ഒരുമണിക്ക് കപ്പൽ ക്വീൻസ്ടൗൺ തുറമുഖത്തു പ്രവേശിച്ചു. ക്യാപ്ററൻ സ്പീഡിക്ക് ആത്മാർത്ഥമായി കൈയ്കൊട്ടുന്നതുകൊണ്ടു് ഫാഗ് വേഗം കരയ്ക്കിറങ്ങി. ശേഷിച്ചിരുന്ന കപ്പൽഭാഗം പകുതി വിലയ്ക്കെങ്കിലും മതിയാകുമായിരുന്നു. ഫിലിയസ്ഫാഗും കൂട്ടുകാരും ഒന്നരമണിയോടുകൂടി ക്വീൻസ് ടൗണിൽ നിന്നു തീവണ്ടി കയറി. നേരം വെളുത്തതോടുകൂടി അ

വർ ഡബ്ളിനിൽ എത്തി. ഡബ്ളിൻ തുറമുഖത്തു നിന്നും മെയിൽ സ്റ്റീമർവഴി ഉച്ചയ്ക്കു പന്ത്രണ്ടടിക്കാൻ ഇരുപതുമിനിട്ടുള്ളപ്പോൾ യാത്രക്കാർ ലിവർപൂളിലേക്കു തിരിച്ചു. ഡിസംബർ ഇരുപത്തൊന്നാംതീയതി കാലത്തു് ഫിലിയസ്ഫാഗ് ഇംഗ്ളണ്ടിൽ ഇറങ്ങി. ആറു മണിക്കൂർകൂടി യാത്ര ചെയ്താൽ അദ്ദേഹത്തിനു ലണ്ടനിലെത്താം. ആ സമയം ഫിക്സ് ഫാഗിനെ സമീപിച്ചു് അറസ്റ്റുവാറണ്ടുകാണിച്ചുകൊണ്ടു് ചോദിച്ചു. 'നിങ്ങളല്ലേ ഫിലിയസ്ഫാഗ്?'

'അതേ, ഞാൻതന്നെ.'

'രാജ്ഞിയുടെ പേരിൽ ഞാൻ നിങ്ങളെ അറസ്റ്റ് ചെയ്യുന്നു.'

---

അദ്ധ്യായം 16

# ഫിലിയസ്ഫാഗ് ലണ്ടനിലെത്തുന്നു.

ഫിലിയസ് ഫാഗ് ഒരു തടവുപുള്ളിയാണ്. അന്നുരാത്രി അദ്ദേഹത്തെ തുറമുഖത്തുള്ള 'കസ്റ്റംസ്' ആഫീസിൽ പാർപ്പിച്ചു. പാസ്പാർട്ടുവിനുണ്ടായ വിഷമം പറയാവതല്ല. താൻ നശിച്ചു എന്ന് ഫിലിയസ്ഫാഗിനു തോന്നി. എൺപതുദിവസത്തെ ഭൂപ്രദക്ഷിണം അദ്ദേഹം പൂർത്തിയാക്കിയിരിക്കുകയാണ്. ഈ അവസരത്തിൽ ഇങ്ങനെ ഒരത്യാഹിതമുണ്ടായതിൽ അദ്ദേഹം വ്യാകുലപ്പെട്ടു. പക്ഷെ, അദ്ദേഹം യാതൊരു മനശ്ചാഞ്ചല്യവും കാണിച്ചില്ല. 'കസ്റ്റം'സിലെ മണി ഒന്നായി. ഫാഗ് അദ്ദേഹത്തിന്റെ വാച്ചിൽ നോക്കി. അതു് അല്പം പിന്നോക്കം നില്ക്കുകയാണ്.

മണി രണ്ടായി. അപ്പോഴെങ്കിലും ലണ്ടനിലേക്കുള്ള എക്സ്പ്രസ് ട്രയിൻ കിട്ടുമെങ്കിൽ സമയത്തിന് റിഫോംക്ലബ്ബിൽ ചെല്ലാം. മൂന്നുമിന്നിററുക്കൂടി കഴിഞ്ഞു. വെളിയിൽ ചില ശബ്ദങ്ങൾ കേട്ടുതുടങ്ങി. വാതലുകൾ തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നതാണ്. അടുത്ത

മുറിയുടെ വാതൽ തുറന്നു. ആവൂദായും, പാസ്പാർട്ടവും, ഫിക്സും അവിടുണ്ട്. ഫിക്സ് പരവശനായി കിതച്ചുകൊണ്ടോടിയെത്തി. അയാരം വളരെ പണിപ്പെട്ടാണു സംസാരിച്ചതു്.

'സർ,' എനിക്കു മാപ്പുതരണം. നിർഭാഗ്യവശാൽ വല്ലാത്ത ഒരു സാദൃശ്യമാണു ഞാൻ കണ്ടതു്! യഥാർത്ഥ മോഷ്ടാവിനെ മൂന്നുദിവസം മുമ്പു് അറസ്റ്റു ചെയ്തു. അങ്ങു നിർദ്ദോഷിയാണ്. അങ്ങേയ്ക്കു പോകാം.'

ഫിലിയസ്ഫാഗ് സ്വതന്ത്രനായി. അദ്ദേഹം കുററാന്വേഷകൻെറ നേക്കു നടന്നുചെന്നു. അയാളുടെ മുഖത്തു് തെല്ലിട ദൃഷ്ടി ഉറപ്പിച്ചു നോക്കി നിന്നു. ഫാഗ് ഒരിക്കലും ചെയ്തിട്ടില്ലാത്ത കൃത്യമാണ്. ഫിക്സിനെ അദ്ദേഹം ഊക്കോടെ ഒരിടി ഇടിച്ചു. അയാരം നിലത്തുവീണു. ഫിക്സ് ഒററ അക്ഷരം മിണ്ടിയില്ല. താനതിനർഹനാണെന്നു് അയാരംക്കറിയാം. ഫാഗും ആവൂദായും, പാസ്പാർട്ടവും ഒരു കാർപിടിച്ചു് റയിൽവേസ്റ്റേഷനിലെത്തി. ലണ്ടനിലേക്കു് എക്സ്പ്രസ്സ് വണ്ടികരം വല്ലതുമുണ്ടോ എന്നന്വേഷിച്ചു. എക്സ്പ്രസ്സ് പോയിട്ടു് മുപ്പത്തഞ്ചു മിനിററായി. അപ്പോരം സമയം രണ്ടുനാല്പതു്. ഫിലിയസ്ഫാഗ് ഒരു പ്രത്യേകവണ്ടി ഏർപ്പാടുചെയ്തു. എന്നാൽ മൂന്നുമണിക്കുമുമ്പു് അതും പുറപ്പെടുക സാദ്ധ്യമല്ല. ഡ്രൈവർക്കു് നല്ലൊരു തുക സംഭാവനകൊടുത്തിട്ടു് മൂന്നുമണിക്കു മുമ്പുതന്നെ അവർ ലണ്ടനിലേക്കു തിരിച്ചു. ലിവർപൂളിൽ നിന്നു

ലണ്ടനിലേക്ക് അഞ്ചര മണിക്കൂർ നേരത്തെ യാത്രമതി. പക്ഷെ വഴിയിൽ അവിടവിടെ ചില പ്രതിബന്ധങ്ങൾ ഉണ്ടായതുകൊണ്ടു് ഇടയ്ക്കിടക്ക് അവക്ക് അല്പാല്പം താമസിക്കേണ്ടിവന്നു. ലണ്ടനിലെത്തിയപ്പോൾ ഒൻപതടിക്കാൻ പത്തുമിനിററുണ്ടു്.

ലോകം ചുററിയുള്ള യാത്ര പൂർത്തിയാക്കിയെങ്കിലും നിർഭാഗ്യവശാൽ അഞ്ചുമിനിററു താമസിച്ചുപോയി. ഫാഗിൻെറ തിരിച്ചുവരവിനെപ്പററി അദ്ദേഹം താമസിച്ചിരുന്ന തെരുവിലെ ആളുകൾ അറിഞ്ഞെങ്കിൽ അവർ അത്ഭുതപ്പെട്ടുമായിരുന്നു. അദ്ദേഹത്തിൻെറ താമസസ്ഥലത്തുള്ള കതകുകളും ജനാലകളും അപ്പോഴും ഭദ്രമായി അടച്ചിരുന്നു. ഫിലിയസ്ഫാഗ് വീട്ടിലെത്തി ആവൂദായ്ക്കുവേണ്ടി രണ്ടു മുറികൾ പ്രത്യേകം ഏർപ്പാടുചെയ്തു.

അടുത്ത ദിവസം വൈകിട്ട് ഏഴര മണിക്ക് അദ്ദേഹം ആവൂദായുമായി സംസാരിച്ചിരിക്കുകയാണു്.

"ഞാൻ നിങ്ങളെ ഇംഗ്ലണ്ടിൽ കൊണ്ടുവന്നതു് ഒരു സഹായമായിപ്പോയി." കുറച്ചു സമയത്തേക്ക് അദ്ദേഹം ഒന്നും മിണ്ടിയില്ല. ആവൂദാ ആവർത്തിച്ചു വിളിക്കുന്നതു കേട്ടാണു് ഫാഗു വീണ്ടും സംസാരിച്ചുതുടങ്ങിയതു്. "നിങ്ങളുടെ നാട്ടു് നിങ്ങൾക്കൊരു ശ്മശാനമായിരുന്നു. കൂടെപ്പോരാൻ ഞാൻ ധൈര്യത്തോടെപറഞ്ഞു. ഞാനന്നു ധനികനാണു്. എൻെറ സ്വന്തത്തിൻെറ ഒരു ഭാഗം നിങ്ങൾക്കായി നീക്കിവയ്ക്കാമെന്നു ഞാനുദ്ദേശിച്ചിരുന്നു.

നിങ്ങൾക്കതുകൊണ്ടു് സുഖമായി ജീവിക്കാമായിരുന്നു. എന്നാൽ ഞാനിന്നു നിർദ്ധനനാണു്; ഒരു ഭിക്ഷക്കാരനാണു്." ഫാഗ്ഗ് വീണ്ടും മിണ്ടാതിരുന്നു.

'പ്രിയപ്പെട്ട ഫാഗ്,' ആവൂദാ വിളിച്ചു. "എന്നെ ഭയങ്കരമായ മരണത്തിൽനിന്നു് അങ്ങു രക്ഷിച്ചു. അതു മാത്രം മതി. എനിക്കായി യാതൊരു സുഖസൗകര്യങ്ങളും അങ്ങു കരുതണമെന്നില്ല."

'അതേ, ആവൂദാ. എങ്കിലും സാഹചര്യങ്ങൾ എനിക്കെതിരാണു്. എനിക്കു് അല്പം ബാക്കിയുള്ളതു് നിങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു.'

'എനിക്കോ! നിങ്ങൾ പിന്നെ എന്തുചെയ്യും?'

'എനിയ്ക്കൊന്നും വേണ്ട.'

'അങ്ങു പിന്നെങ്ങനെ ജീവിക്കും.'

'എങ്ങനെ ജീവിക്കുന്നോ അങ്ങനെ.'

"എങ്ങനെയെങ്കിലും ജീവിക്കേണ്ടവനല്ലങ്ങു്. അങ്ങയുടെ സുഹൃത്തുക്കൾ—"

'എനിക്കു സുഹൃത്തുക്കളില്ല.'

'അങ്ങയുടെ ബന്ധുക്കൾ—'

'എനിക്കു ബന്ധുക്കളുമില്ല.'

"കഷ്ടം! അങ്ങേകാകിയോ? കഷ്ടപ്പാടും ബുദ്ധിമുട്ടും വേദനയും അനുഭവിക്കുമ്പോൾ അതിൽ പങ്കാളിയാകുന്ന ഒരാളുണ്ടെങ്കിൽ അയാളെ വേണം സഹായിക്കേണ്ടതു്."

"അങ്ങനെയൊക്കെ ആപ്ത വാക്യങ്ങളുണ്ടു്. പക്ഷെ—" ഫിലിയസ്ഫാഗ് ശോകമൂകനായി കാണപ്പെട്ടു.

"പ്രിയപ്പെട്ട ഫാഗ്," ആവൂദാ എഴുന്നേററു ഫാഗിൻെറ കരങ്ങൾ ഗ്രഹിച്ചു. "അങ്ങ് ഒരു സുഹൃത്തും ബന്ധുവുമായി എന്നെ സ്വീകരിക്കുമോ? ഞാനങ്ങയുടെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുവാൻ അതിരററു് ആഗ്രഹിക്കുന്നു."

ആവൂദാ എഴുന്നേററപ്പോൾ ഫാഗും എഴുന്നേററു. അദ്ദേഹത്തിൻെറ കണ്ണുകൾ അസാധാരണമായി തിളങ്ങിക്കണ്ടു. ഫാഗിൻെറ അധരങ്ങൾ വിറയ്ക്കുന്നുണ്ടായിരുന്നു. ആവൂദാ അദ്ദേഹത്തിൻെറ മുഖത്തേക്കു നോക്കി. അവരുടെ നിഷ്കളങ്കവും ആത്മാർത്ഥവുമായ നോട്ടത്തിൽ ഒരു കുലാംഗനയുടെ ശാലീനത നിഴലിച്ചിരുന്നു. തൻെറ പ്രാണദാതാവിനുവേണ്ടി എന്തും ബലികഴിക്കുവാനുള്ള സന്നദ്ധത, കൃതജ്ഞതാനിർഭരമായ ആ കണ്ണുകളിൽ തങ്ങിനിന്നു. ആവൂദായുടെ സ്നേഹമസൃണമായ മുഖഭാവവും വികാരപരവശമായ നോട്ടവും സഹിക്കാൻ കെല്പില്ലാത്തവണ്ണം ഫിലിയസ്ഫാഗിൻെറ കണ്ണുകൾ അടഞ്ഞു. അദ്ദേഹം വീണ്ടും കണ്ണുതുറന്നു് ആവൂദായെ നോക്കി.

"പ്രിയപ്പെട്ട ആവൂദാ, ഞാൻ നിന്നെ സ്നേഹിക്കുന്നു. പരിപാവനവും നിത്യസത്യവുമായ എല്ലാററി

ൻേറയും പേരിൽ ഞാൻ പറയുന്നു, ഞാൻ നിൻേറതു മാത്രമാണെന്നു്."

"ഫാഗ്", പാസ്സ്പാർട്ടുവിനെ മണിയടിച്ചു വിളിച്ചു. ഫാഗ് അപ്പോഴും ആവൃദായുടെ കരം ഗ്രഹിച്ചുകൊണ്ടുനിൽക്കുകയാണു്. വിശ്വസ്തനായ ആ പരിചാരകൻ എല്ലാം മനസ്സിലാക്കി. അയാളുടെ മാംസളമായ മുഖം ചുവന്നു വികസിച്ചു.

അപ്പോൾ മണി എട്ടടിച്ചു് അഞ്ചുമിനിററായിരുന്നു. വികാരിയെ അറിയിക്കാൻ നേരം അതിക്രമിച്ചു പോയില്ലേ എന്നു് ഫാഗ് ഭൃത്യനോടു ചോദിച്ചു.

"ഇല്ല. ഒട്ടും താമസിച്ചിട്ടില്ല." പാസ്സ്പാർട്ടു സന്തുഷ്ടനായി വെളിയിലേക്കു ചാടി.

——:o:——

അദ്ധ്യായം 17

# വീണ്ടും ഫാഗിൻെറപേരിൽ പന്തയം

ഡിസംബർ പതിനേഴാം തീയതി ഒരു ജയിംസ് സ്റ്റ്റാൻറിനെ എഡ്ഡിൻ ബറോവിൽ വച്ചു് തടവുകാരനായി പിടിച്ചു. എന്നാൽ മൂന്നു ദിവസംമുമ്പുവരെ ഫിലിയസ്ഫാഗ് ഒരു മോഷ്ടാവെന്നു സംശയിക്കപ്പെട്ടിരുന്നു. ഇപ്പോൾ അദ്ദേഹം വീണ്ടും സത്യസന്ധനായ ഒരു മനുഷ്യനെന്നു് തെളിഞ്ഞിരിക്കുകയാണു്. കള്ളനെ പിടികിട്ടിയ വിവരം പത്രങ്ങളിൽ വലിയ ചർച്ചകൾക്കിടയായി. കള്ളൻ ഫിലിയസ്ഫാഗുതന്നെയെന്നും അല്ലെന്നും ജനങ്ങൾ പന്തയം വച്ചുതുടങ്ങി. റിഫോംക്ലബ്ബിലെ അഞ്ചു കൂട്ടുകാരും രണ്ടുമൂന്നുദിവസം വളരെ അസ്വസ്ഥരായി കഴിയുകയായിരുന്നു. ഫിലിയസ്ഫാഗ് തിരിച്ചെത്തിയിരിക്കുമോ? സ്റ്റ്റാൻറിനെ അറസ്റ്റുചെയ്ത ഡിസംബർ പതിനൊന്നാം തീയതി അദ്ദേഹം എവിടെയായിരുന്നു? ലണ്ടനിൽ നിന്നു പുറപ്പെട്ടശേഷം അദ്ദേഹത്തെപ്പററി ഒരു വിവരവും അറിഞ്ഞിട്ടില്ല. ഡിസംബർ ഇരുപത്തൊന്നാം തീയതി

ഞായറാഴ്ച വൈകിട്ട് 8-45ന് കരാറനുസരിച്ച് അ ദ്ദേഹം തിരിച്ചെത്തുമോ? അന്നു വൈകിട്ട് ഫാഗിൻെറ അഞ്ചു സുഹൃത്തുക്കളും റിഫോംക്ലബ്ബിലെ വലിയ വായന മുറിയിൽ ഉൽകണ്ഠാകുലരായി കാത്തിരിക്കുകയാണ്. കൃത്യം 8-25 ആയപ്പോൾ ആൻഡ്രൂസ്റ്റുവർട്ട് എഴുന്നേററു് ഇങ്ങനെ പറഞ്ഞു:

"സുഹൃത്തുക്കളെ! ഇരുപതു മിനിററിനകം ഫിലി യസ് ഫാഗും നമ്മളും തമ്മിൽ കരാർചെയ്ത സമയം കഴിയുന്നതാണ്. ന്യൂയോക്കിൽനിന്നും ലിവർപൂളിലേ ക്കുവരുന്ന ഒരേ ഒരു കപ്പൽ" ചൈനായാണ്. അതു് ഇന്നലെ വന്നുകഴിഞ്ഞു. ഇതാ നോക്കണം അതിലെ യാത്രക്കാരുടെ പട്ടിക. അതിലെങ്ങും ഫാഗിൻെറ പേ രില്ല."

മണി എട്ടു നാല്പതു് ആയി. 'ഇനിയും അഞ്ചുമി നിററുമാത്രം.' ആൻഡ്രൂസ്റ്റുവർട്ടു് ഇരുന്നു.

"എട്ടു നാല്പത്തിമൂന്നു" തോമസ് ഫ്ളാനൻ വിളി ച്ചുപറഞ്ഞു. അദ്ദേഹം ചീട്ടുകശക്കി വാൾട്ടർ റാഫി ൻെറ മുമ്പിലേക്കിട്ടു.

ആരുമൊന്നും സംസാരിക്കുന്നില്ല. മുറിയിൽ നിശ്ശേ ഷമായ നിശ്ശബ്ദത! നാഴിക മണിയുടെ പെൻഡുലം 'ടിക്ടിക്' എന്നടിച്ചുകൊണ്ടിരുന്നു.

"എട്ട–നാല്പത്തിനാലു്.' ജോൺസള്ളിവൻ അത്യു ച്ചത്തിൽ വിളിച്ചുപറഞ്ഞു. ഒരു മിനിററുകൂടിമതി പന്തയം ജയിച്ചു. ആൻഡ്രൂസ് ററുവർട്ടിനും കൂട്ടുകാർ ക്കും ചീട്ടുകളി തുടരുവാൻ സാധിച്ചില്ല. അവർ മണി യിൽനോക്കി സെക്കൻറുകരം എണ്ണിക്കൊണ്ടിരുന്നു.

നാലു സെക്കൻഡു കഴിഞ്ഞു. അഞ്ചു സെക്കൻഡു കഴിഞ്ഞു. ആരുമില്ല. ആറു്, ഏഴു്, എട്ടു്,... മുപ്പതു സെക്കൻറു്... ഫാഗിനെക്കാണാനില്ല. നാല്പതു്...നാ ല്പത്തഞ്ചു്...അമ്പതു്... ഓ. പന്തയം ജയിച്ചതുതന്നെ. മണി എട്ടടിച്ചു് 44 മിനിററും 53 സെക്കൻഡുമായി. ഇനിയും ഫാഗു വന്നുചേൎന്നിട്ടില്ല. അൻപത്തിനാലു്! ഹാളിൽ ഉത്സാഹത്തിൻെറതിരതല്ലൽ ചുററിയടിക്കുകയാ യി. അൻപത്തഞ്ചുസെക്കൻഡ്!അതാവെളിയിൽ ഹർഷാ രവങ്ങളും തുടർച്ചയായ ഹസ്ത താഡനവും കേരംക്കുന്നു. ഹുറാവിളികളാൽ ആകാശം മാറെറാലിക്കൊള്ളുന്നു. വായനമുറിയിലെ സുഹൃത്തുക്കരം ഒന്നടങ്കമെഴുന്നേററു. അൻപത്തേഴു സെക്കൻഡായി! വായനമുറിയുടെ വാതൽ തുറന്നു് ഫിലിയസ്ഫാഗ് അകത്തുകടന്നു. കൂടെ ഒരു വലിയ ആരംക്കൂട്ടവുമുണ്ടു്.

"സുഹൃത്തുക്കളെ, ഇതാ ഞാനെത്തിക്കഴിഞ്ഞു.'

അതേ! അതു ഫിലിയസ്ഫാഗു് തന്നെ. വൈ കിട്ടു് 8–5ന്ന് പാസ്പാർട്ടുവിനെ ഫിലിയസ്ഫാഗു വിളിച്ചതും വികാരിയെക്കൊണ്ടുവരാൻ ഏർപ്പാടു ചെ

യ്യൂം വായനക്കാർ ഓർക്കുന്നുണ്ടല്ലോ. ഫാഗ്ഗ് ലണ്ടനിലെത്തി ഇരുപത്തിമൂന്നു മണിക്കൂർ കഴിഞ്ഞതിനുശേഷമാണിത്.

പാസ്സ്പാർട്ട വികാരിയെത്തേടി ഓടി. അദ്ദേഹത്തെ വീട്ടിൽ കണ്ടില്ല. പാസ്പാർട്ട ഇരുപതുമിനിററു നേരം കാത്തുനിന്നു. 8-45 ആയപ്പോൾ അയാൾ വികാരിയുടെ വീട്ടിൽനിന്നിറങ്ങി. അയാൾ വൃഥാ ഇറങ്ങിയതല്ല. എന്തോ അത്ഭുതം സംഭവിച്ചമട്ടിൽ തൊപ്പിയും കളഞ്ഞു് തലമുടി പറപ്പിച്ചുകൊണ്ടയാൾ ഓടി. വഴിയിൽക്കണ്ട ആളുകളെയെല്ലാം തള്ളിയിട്ടു. മൂന്നു മിനിററിനകം അയാൾ ഫാഗിന്റെ സമീപമെത്തി. പാസ് പാർട്ടുവിനു മിണ്ടാൻ കഴിഞ്ഞില്ല. എന്താണു കാരണമെന്നു ഫിലിയസ്ഫാഗ് അന്വേഷിച്ചു.

'സർ, സർ, ന് —നാ-ളെ —യാണു ഞായറാഴ്ച.'

"ഞായറാഴ്ചയോ! തിങ്കളാഴ്ച.' ഫാഗു മറുപടി പറഞ്ഞു.

"അല്ല സർ, ഇന്നു ശനിയാഴ്ച."

"ശനിയാഴ്ച! എങ്ങനെ?"

'ഓ... തന്നെ സർ, തന്നെ സർ' പാസ്പാർട്ട ഉറക്കെപ്പറഞ്ഞു. "സർ, നമുക്കു തെററി— ഒരു ദിവസം മുമ്പേ നാം വന്നു. നാം വിചാരിച്ചതിൽ ഇരുപത്തിമൂന്നു മണിക്കൂർമുമ്പേ. ഇനിയും പത്തു മിനിറേറയുള്ളു. വരണം

സർ. ഇറങ്ങണംസർ!' പാസ്പാർട്ട യജമാനനെ കസേരയിൽനിന്നും ബലമായി വലിച്ചിഴച്ചുകൊണ്ടു പോയി.

ഫിലിയസ്ഫാഗ് പെട്ടെന്നു പുറത്തുചാടി. നൂറു പവൻ വാടകയ്ക്കു് ഒരു കാർപിടിച്ചു. ആ വണ്ടി രണ്ടു പട്ടിയെക്കൊന്നു; അഞ്ചു കുതിരവണ്ടിയിൽ കൂട്ടിയിടിച്ചു; റിഫോം ക്ലബ്ബിൽഎത്തി. എട്ടു നാല്പത്തഞ്ചിനുമുമ്പു് ഫിലിയസ്ഫാഗ് വായനമുറിയിലും എത്തി.

എൺപതു ദിവസംകൊണ്ടു് ഫിലിയസ്ഫാഗ് ഭൂഗോളം ചുററി യാത്ര ചെയ്തു. പന്തയത്തുകയായ ഇരുപതിനായിരം പവൻ അദ്ദേഹത്തിനു കിട്ടുകയും ചെയ്തു.

ഫിലിയസ്ഫാഗിനെപ്പോലെ അറിവും കൃത്യനിഷ്ഠയുമുള്ള ഒരാൾക്കു് എങ്ങനെയാണു് ഈ ഒരു ദിവസത്തിൻെറ തെററുപാററിയതു്? എങ്ങനെയാണദ്ദേഹം ലണ്ടനിലെത്തിയ ദിവസം ഇരുപത്തൊന്നാം തീയതി ശനിയാഴ്ചയാണെന്നു വിചാരിച്ചുപോയതു്? വാസ്തവത്തിൽ അദ്ദേഹം ലണ്ടനിൽ വന്നതു് ഡിസംബർ ഇരുപതാംതീയതി വെള്ളിയാഴ്ചയാണു്. ലണ്ടൻ വിട്ടിട്ടു് അന്നത്തേയ്ക്കു് എഴുപത്തൊൻപതു ദിവസമേ ആയിരുന്നുള്ളു. ഈതെററിനെപ്പററി മനസ്സിലാക്കാൻ വിഷമം തീരെയില്ല.

ഫിലിയസ്ഫാഗ് സൂര്യനു് അഭിമുഖമായി കിഴക്കോട്ടാണല്ലോ യാത്ര ചെയ്തിരുന്നതു്. അദ്ദേഹം കിഴ

ക്കോട്ടു് ഓരോ ഡിഗ്രി യാത്രചെയ്യുമ്പോഴും നാലുമിനിററു വീതം ലാഭം കിട്ടിയിരുന്നു. ഭൂമിയുടെ ചുററളവു് 360° യാണു്. മുന്നൂററിഅറുപതിനെ നാലുകൊണ്ടു ഗുണിക്കുമ്പോറം ഇരുപത്തിനാലു മണിക്കൂർ അഥവാ ഒരു ദിവസം. കിഴക്കോട്ടുള്ള ഈ പ്രയാണത്തിനു് അദ്ദേഹത്തിനു് ഒരുദിവസം ലാഭം കിട്ടി. ലണ്ടനിൽനിന്നു തിരിച്ചദിവസം അനുസരിച്ചാണദ്ദേഹം കണക്കു കൂട്ടിയിരുന്നതു്. ഒരുദിവസം ലാഭം കിട്ടിയകാര്യം അദ്ദേഹമോർത്തില്ല. സൂര്യൻ എൺപതുദിവസം അസ്തമിക്കുന്നതായി അദ്ദേഹം കണ്ടു. എന്നാൽ ലണ്ടനിലിരുന്ന അദ്ദേഹത്തിന്റെ സുഹൃത്തുക്കറം എഴുപത്തൊൻപതു സൂര്യാസ്തമനമേ കണ്ടിരുന്നുള്ളു. അതുകൊണ്ടാണു് ഫാഗ് ഞായറാഴ്ച എന്നു വിചാരിച്ച ശനിയാഴ്ച അദ്ദേഹത്തിന്റെ സുഹൃത്തുക്കറം റിഫോം ക്ലബ്ബിൽ അദ്ദേഹത്തെ കാത്തിരുന്നതു്.

ഫിലിയസ്ഫാഗ് എൺപതു ദിവസംകൊണ്ടു് ഭൂമിയ്ക്കൊരു വലത്തുവച്ചു. കപ്പലും തീവണ്ടിയും ചങ്ങാടവും, ആനയും, സ്ലെഡ്ജും എല്ലാം ഉപയോഗിച്ചു് അദ്ദേഹം യാത്രചെയ്തു. ഫാഗിനെ ഒരു കിറുക്കൻ എന്നു ചിലർ വിളിച്ചേക്കാം. പക്ഷെ, അത്ഭുതകരമായ ഒരു സാഹസിക പര്യടനമാണദ്ദേഹം നടത്തിയതു്. ധൈര്യം, ശാന്തത, കൃത്യനിഷ്ഠ എന്നീ മഹൽ ഗുണങ്ങളായിരുന്നു വിജയകരമായ ഈ യാത്രയിൽ അദ്ദേഹത്തിനു മാർഗ്ഗദർശികളായിരുന്നതു്. ഈ വിഷമംപിടിച്ച യാത്ര

കൊണ്ടു് അദ്ദേഹത്തിനെന്തുകിട്ടി എന്നു നിങ്ങൾ ചോദിക്കും. കുറേത്തുക നഷ്ടപ്പെട്ടത്രേ. കുറേ തുക കിട്ടി. എന്താണിതിൽമെച്ചം! എന്തെന്നോ? ഭൂമിചുററി ഒരു പ്രദക്ഷിണം! പല രാജ്യങ്ങൾ, പലയാളുകൾ! പല ഭാഷ! പല വേഷം!–എന്തെല്ലാം പഠിച്ചു? വിജയത്തിൻെറ വഴിയിൽ വിഷമങ്ങൾ വളരെക്കാണും. അങ്ങനെ ഒരു വലിയ പാഠവും! അത്രമാത്രമോ! ഒരു ആത്മാവിനെ എരിതീയിൽ നിന്നു രക്ഷിച്ചു. സുശീലയും സുന്ദരിയുമായ ഒരു പെൺകൊടിയെ. അവൾ അദ്ദേഹത്തിൻെറ ജീവിതം സൗഭാഗ്യകരമാക്കിത്തീൎത്തു. ഇത്രയും പോരെന്നോ!

"ഏകുന്നോവൻബഹുജനഹിതം മററുകാര്യത്തിനായി-
ല്ലോകുന്നേരം,നിയതമവനേ ബുദ്ധിമാനിദ്ധരണ്യാം."

V. J. Abraham
Kottayam
Kerala

Printed at the Kerala Press, Trivandrum

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. M 910 Acc. No. 11250

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

M910
BAL-B

11250

ബാലകൃഷ്ണപിള്ള
ഉമയനല്ലൂർ
ഭൂപ്രദക്ഷിണം

KOTTAYAM PUBLIC LIBRARY

Call No M 910 Acc. No 11250

Author ബാലകൃഷ്ണ പിള്ള
ഉദയനല്ലൂർ

Title ദേവീഭക്ഷണം